പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :694

2.11.2011-ൽ മറുപടിയ്ക്ക്

ടൂറിസ്റ്റുകൾക്ക് ശാസ്ത്രീയ ആയുർവ്വേദ ചികിത്സ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>ശ്രീ. വി.ശിവൻകുട്ടി<br>ശ്രീ. കെ.വി. വിജയദാസ് | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| എ) ടൂറിസവുമായി ബന്ധപ്പെട്ട ആയുർവ്വേദ സംരംഭങ്ങൾ പൊതുവിൽ കച്ചവടം മാത്രം പ്രധാന ലക്ഷ്യമാക്കിയിട്ടുള്ളതാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) ഒററപ്പെട്ട ചില ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) അത്തരം കേന്ദ്രങ്ങളിൽ ആയുർവ്വേദ ചികിത്സ ശാസ് ത്രീയമായി നൽകുന്നു എന്നുറപ്പാക്കിയിട്ടുണ്ടോ; | ബി) ആയുർവ്വേദ സെന്ററുകളിൽ ആയുർവ്വേദ ചികിത്സ ശാസ്ത്രീയമായി നൽകുന്നു എന്ന് ഉറപ്പാക്കണമെന്ന് ആരോഗ്യ വകുപ്പിനോട് ആവശ്യപ്പെടുന്നതാണ്. |
| സി) ആയുർവ്വേദത്തെ ശരിയായ രീതിയിൽ ടൂറിസ്റ്റുകൾക്ക് ലഭ്യമാക്കുന്നതിനും ഇതിന്റെ മറവിൽ നടന്നുവരുന്ന തെറ്റായ പ്രവണതകളെ ഇല്ലാതാക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | സി) ടൂറിസം വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള അത്യന്താപേക്ഷിതവും ഐശ്ചികവുമായ നിബന്ധനകൾ പാലിക്കുന്ന അംഗീകൃത ആയുർവേദ സെന്ററുകൾക്ക് ഗ്രീൻലീഫ് സർട്ടിഫിക്കറ്റും ഐശ്ചിക നിബന്ധനകൾ പാലിക്കുന്നവയ്ക്ക് ഒലിവ് ലീഫ് സർട്ടിഫിക്കറ്റും നൽകുന്നുണ്ട്. ഇത്തരത്തിൽ ക്ലാസിഫൈ ചെയ്ത സ്ഥാപനങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ടൂറിസം വകുപ്പിന്റെ ബ്രോഷറുകളിലൂടെയും വെബ് സൈറ്റിലൂടെയും പ്രചരിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :697

2.11.2011-ൽ മറുപടിയ്ക്ക്

## അംഗീകൃത ആയുർവ്വേദ ചികിത്സാ കേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. എസ് സലീഖ<br>ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. ബി.ഡി.ദേവസ്സി<br>ഡോ.കെ. ടി ജലീൽ | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| എ) സംസ്ഥാനത്തെ പ്രമുഖ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ അനധികൃത മസാജ് സെന്ററുകൾ വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ആയുർവ്വേദ ചികിത്സയുടെ മറവിൽ പ്രവർത്തിക്കുന്ന അത്തരം കേന്ദ്രങ്ങൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | ബി) മസാജ് സെന്ററുകൾക്ക് ലൈസൻസ് നൽകുന്നത് തദ്ദേശസ്വയംഭരണ വകുപ്പാണ്. ഇവയിൽ മേന്മയേറിയ സൗകര്യവും, സേവനവും നൽകുന്ന സെൻററുകളെ ടൂറിസ്റ്റുകൾക്ക് തിരിച്ചറിയുന്നതിന് ക്ലാസിഫിക്കേഷൻ നൽകുക മാത്രമെ ടൂറിസം വകുപ്പ് ചെയ്യാറുള്ളു. ഇത്തരം കേന്ദ്രങ്ങൾക്കെതിരെ വ്യക്തമായ പരാതി ലഭിച്ചാൽ ബന്ധപ്പെട്ട വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തി ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്. |
| സി) ടൂറിസ്റ്റുകൾക്ക് അംഗീകൃത ആയുർവ്വേദ ചികിത്സാ കേന്ദ്രങ്ങളെ തിരിച്ചറിയാൻ ഫലപ്രദമായ സംവിധാനമുണ്ടോ; വിശദമാക്കുമോ? | സി) ടൂറിസം വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള അത്യന്താപേക്ഷിതവും ഐച്ഛികവുമായ നിബന്ധനകൾ പാലിക്കുന്ന ആയുർവേദ സെന്ററുകൾക്ക് ഗ്രീൻലീഫ് സർട്ടിഫിക്കറ്റും ഐച്ഛിക നിബന്ധനകൾ പാലിക്കുന്നവയ്ക്ക് ഒലിവ് ലീഫ് സർട്ടിഫിക്കറ്റും നൽകുന്നുണ്ട്. ഇത്തരത്തിൽ ക്ലാസിഫൈ ചെയ്ത സ്ഥാപനങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ടൂറിസം വകുപ്പിന്റെ ബ്രോഷറുകളിലൂടെയും വെബ് സൈറ്റിലൂടെയും പ്രചരിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 699

02.11.2011 ൽ മറുപടിയ്ക്ക്

### ടൂറിസം പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.കെ.കെ.നാരായണൻ<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.എ.പ്രദീപ്കുമാർ | | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| (എ) | ടൂറിസം പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | മുൻ സർക്കാർ ഭരണാനുമതി നൽകി തുടക്കം കുറിച്ചിട്ടുള്ള എത്ര പദ്ധതികളുടെ നിർമ്മാണം ഇനിയും പൂർത്തീകരിക്കാനുണ്ട് ; പ്രസ്തുത പദ്ധതികൾ ഓരോന്നിന്റെയും പൂർത്തീകരണത്തിന് ഏറ്റവും ഒടുവിൽ ലക്ഷ്യമിട്ട തീയതി ഏതായിരുന്നു ; പ്രസ്തുത പദ്ധതികൾ എന്ന് പൂർത്തീകരിക്കുമെന്നു വ്യക്തമാക്കാമോ ; | (ബി) | വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്താനും സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിക്കാനും നടപടി സ്വീകരിക്കുമോ ? | (സി) | സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

( ടൂറിസം

| Tourism Project during the year 2006-2011 | | | |
|---|---|---|---|
| Sl. No. | Name of Project | Timeof Completion | Reason and Expected Date of Completion |
| 1 | Additional Guest House Sulthan Bathery | 12 months | 31/03/2012 |
| 2 | Balitharpana Kadavu, Thirunavaya, Malappuram | 12 months | 03/03/2012 |
| 3 | Beautification of Peechi Dam Phase I, Thrissur | 12 months | 31/12/2011 |
| 4 | Beautification of Veliyankallu Regulator cum Bridge at Thrithala | 12 months | 31 Dec 2011 |
| 5 | Budget accommodation and Tourism Amenity Centre at Munnar | 12 months | December 2011. |
| 6 | Conservation of Thali Temple and Surroundings, Kozhikkodu | 12 months | 03/03/2012 |
| 7 | Construction of Music Hall at Chembai | 12months | December 2011. |
| 8 | Destination Development - Ponmudi | 24 months | December 2011. |
| 9 | Destination Development at Nedumkandam | 24 months | 03/03/2012 |
| 10 | Developement of Handloom Village at Manchavilakom | 12 months | November 2011 |
| 11 | Development of Cultural Centre at Kumarakom, Kottayam | 12 months | 31/03/2012 |
| 12 | Development of Idukki as a Tourist Destination | 24 months | December 2011 |
| 13 | Development of Kozhikode as a Tourist Destination- Sarovaram Wetland Nature Park. | 24 months | 31/10/2011 |
| 14 | Development of Mangalam dam as a tourist destination | 24 months | 31/03/2012 |
| 15 | Development of Mulavugad Panchayath at Kochi | 24 months | 31/12/2011 |
| 16 | Development of Ottumbram beach at Thanur, Malappuram | 24 months | 31/03/2012 |
| 17 | Development of Vazhani Dam, phase 1 | 24 months | 31/12/2011 |
| 18 | Facelift to the Koikkal Palace and its essential surroundings | 12 months | 31st March 2012. |
| 19 | Formation of Park near Thrithala, Palakkad | 12 months | December 2011. |
| 20 | Harithavanam Project at Aluva, Ernakulam | 12 months | December 2011. |
| 21 | Jadayupara Sculpture- Phase II | 12 months | 31st March 2012. |
| 22 | Kottayam - Kumarakom Thanneermukkom Road (Kottayam) | 12 months | 30/6/2012 |
| 23 | Muziris - Renovation of Paliam Palace building, Chendamangalam, North Paravur | 12 months | 31-01-2012 |
| 24 | Muziris - Revitalization of Kottapuram Market - Development of Pathways and Driveways - Phase I | 12 months | 31-03-2012 |
| 25 | Muziris - Revitalization of Kottapuram Market - Development of Water front area | 12 months | 31-03-2012 |
| 26 | Muziris- Construction of Heritage Vessel (sambook) | 12 months | 31/01/2012 |
| 27 | Muziris- Excavation at Kottapuram Fort, Pallipuram fort and cheramanparambu | 12 months | 31/12/2012 |
| 28 | Muziris- Resource mapping | 12 months | 31-03-2012 |
| 29 | Muziris- Staff Training as a part of MHP | 12 months | 31/03/2012 |
| 30 | Muziris- Various Museums, Paravoor Synagogue etc | 12 months | 31/03/2012 |
| 31 | Padayani Gramam, Kadammanitta | 12 months | October 2011 |
| 32 | Perumthenaruvi Tourism project, Pathanamthitta | 12 months | 31st May, 2012 |
| 33 | Renovation of Jewish Synagogue at North Paravur | 12 months | 31/01/2012 |

| Tourism Project during the year 2006-2011 | | | |
|---|---|---|---|
| Sl. No. | Name of Project | Timeof Completion | Reason and Expected Date of Completion |
| 34 | Alappuzha Backwater Circuit Development of Backwater tourism complex at Vattakayal | 12 months | Project dropped |
| 35 | Beach Circuit- Payyambalam Beach | 12 months | Project dropped |
| 36 | Childrens park at Bhatt Road, Kozhikkode | 12 months | 31-03-2012 |
| 37 | Chimminy Dam Eco-Tourism Project, Thrissur | 12 months | 31-03-2012 |
| 38 | Conservation of Old Jail and its Ancillary Structure in Punnapuram,Trivandrum | 12 months | 31st March 2012 |
| 39 | Construction of Additional Block at Kannur Guest House, Payyambalam | 12 months | Revised Administration Sanction awaited. |
| 40 | Construction of Hanger at Asramam | 6 months | Dropped |
| 41 | Construction of Walkway and Beautification to the banks of Vamanapuram River, Chirayinkeezh | 6 months | Work dropped. |
| 42 | Destination Development of Padmanabhapuram Palace complex | 12 months | 31-03-2012 |
| 43 | Destination Development of Pathiramanal Bio Park | 24 Months | 31-03-2013 |
| 44 | Destination Development of Wayanad | 24 Months | 31-03-2012 |
| 45 | Development of Ashtamudi lake cruise circuit | 24 months | 31-10-2012 |
| 46 | Development of Manappattuchira environs at Malayattoor- Phase II | 12 months | 31-03-2012 |
| 47 | Development of Muzhupilangad as a major tourism destination | 24 months | 31-03-2012 |
| 48 | Development of Sand banks at Vadakara Phase II | 12 months | 31-03-2012 |
| 49 | Development of Sasthampara in Vilappilsala | 12 months | December 2011. |
| 50 | Kadambrayar Tourism Project Phase 2, Ernakulam | 12 months | December 2011. |
| 51 | Landscaping of Kappil beach | 12 months | 31-03-2012 |
| 52 | Muziris Heritage Circuit | 24 months | 31-06-2013 |
| 53 | Muziris- Construction of Visitors Centre at Kodungallur | 12 months | 31/08/2012 |
| 54 | Protection of Varkala Cliff | 12 months | December 2011. |
| 55 | Sabarimala Edathavalam at Pathanamthitta | 12 months | 31st May,2012. |
| 56 | Thalassery Heritage Circuit - Construction of new building for KITTS training centre at Thalassery | 12 months | 31/03/2012 |
| 57 | Thalassery Heritage Circuit | 24 months | 31-03-2013 |
| 58 | Tourism Destination Development, Varkala, Papanasam | 12 months | 31-03-2012 |
| 59 | Uplifting of Thakazhi Memorial Museum in Alappuzha, Phase I | 12 months | 31-03-2012 |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 718

02.11.2011 ൽ മറുപടിയ്ക്ക്

## ഇക്കോ ടൂറിസം പദ്ധതി

| ചോദ്യം<br>ശ്രീ.എം.വി.ശ്രേയാംസ്കുമാർ | ഉത്തരം<br>ശ്രീ.എ.പി.അനിൽകുമാർ<br>പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
|---|---|
| (എ) പരിസ്ഥിതി സൗഹൃദ വിനോദ സഞ്ചാര പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ; | (എ) പരിസ്ഥിതി സൗഹൃദ വിനോദ സഞ്ചാര പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനു വേണ്ടി പ്രകൃതിയെ കളങ്കപ്പെടുത്താതെ പ്രകൃതിക്കു അനുയോജ്യമായ വിനോദപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും പരിസ്ഥിതിയോടു ഇണങ്ങുന്നതും പരിസ്ഥിതിയെ സംരക്ഷിക്കുന്നതിന് ഉതകുന്നതുമായ ഒരു ടൂറിസം വികസന പ്രക്രിയ ഇക്കോ ടൂറിസം വഴി നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. വിവിധ വനപ്രദേശങ്ങളിലും, സാങ്ചറി, നാഷണൽ പാർക്ക് എന്നിവിടങ്ങളിലും പ്രവർത്തനം ആരംഭിച്ചിട്ടുള്ള ഇക്കോ ടൂറിസം പദ്ധതികൾ ഘട്ടം ഘട്ടമായി വിപുലപ്പെടുത്തുന്ന കാര്യവും സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ബി) വിനോദ സഞ്ചാര മേഖലയിൽ പ്രാദേശിക ജനതയുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (ബി) വിനോദസഞ്ചാര മേഖലയിൽ പ്രാദേശിക ജനതയുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും ടൂറിസം വികസനത്തിന്റെ ഗുണഫലം അവർക്ക് ഉറപ്പാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ഉത്തരവാദിത്ത ടൂറിസം പദ്ധതിയും, ഇക്കോ ടൂറിസം പദ്ധതികളും നടപ്പിലാക്കി വരുന്നു. |
| (സി) സംസ്ഥാനത്ത് ഏതെല്ലാം മേഖലകളിലാണ് ഇക്കോ ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതെന്ന് വിശദമാക്കുമോ ? | (സി) സന്ദർശകരെ കൊണ്ട് വനപ്രദേശങ്ങളിലെ പരിസ്ഥിതിക്കുണ്ടാകുന്ന ദോഷങ്ങൾക്ക് തദ്ദേശവാസികൾ വഴി പരിഹാരം കാണുവാൻ പറ്റുന്ന സ്ഥലങ്ങളിലാണ് ഇക്കോടൂറിസം പദ്ധതികൾ ആരംഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *719 2/11/2011 ൽ മറുപടിയ്ക്ക്

## 'ഭാരതദർശനം' പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. വർക്കല കഹാർ | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | 'ഭാരതദർശനം' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ ; | (എ) | പോസ്റ്റ്മെട്രിക് തലത്തിൽ വിവിധ കോഴ്സകളിൽ പഠിയ്ക്കുന്ന പട്ടികവിഭാഗ വിദ്യാർത്ഥികൾക്ക് പഠനത്തിന്റെ ഭാഗമായി ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിലെ സാംസ്കാരികപരമായും പൈതൃകപരമായും പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുന്നതിനും, അതോടൊപ്പം വിവിധ മേഖലകളിലെ വികസന പ്രവർത്തനങ്ങളെ കുറിച്ച് വിദ്യാർത്ഥികൾക്ക് അറിവ് പകരുന്നതിനും വേണ്ടിയാണ് 'ഭാരതദർശൻ' പരിപാടി സംഘടിപ്പിച്ചിരുന്നത് 2010 - 11 സാമ്പത്തിക വർഷം മുതൽ പ്രസ്തുത പരിപാടി 'പഠനയാത്ര പര്യടന' പരിപാടിയായി സംഘടിപ്പിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. |
| (ബി) | പട്ടികജാതി വിദ്യാർത്ഥികളെ വിനോദയാത്രയ്ക്കും പഠനയാത്രയ്ക്കും തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമെന്താണ് ; വിശദമാക്കാമോ ; | (ബി) | പ്രസ്തുത പദ്ധതിയ്ക്ക് പ്രത്യേക നിബന്ധനകൾ ഇല്ല. സംസ്ഥാനത്തെ ഹയർസെക്കന്ററി, ബിരുദ/ബിരുദാനന്തര, പ്രൊഫഷണൽ കോഴ്സകൾ, ഡിപ്ലോമ കോഴ്സകൾ എന്നിവയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പഠനയാത്ര പരിപാടികളിൽ |

| | | | |
|---|---|---|---|
| | | | പങ്കെടുക്കുന്ന എല്ലാ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കുമുള്ള യഥാർത്ഥ ചെലവ് ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തുന്നതു പ്രകാരം പരിശോധിച്ച് (പരമാവധി 4000/- രൂപ വരെ) ജില്ലാ പട്ടികജാതി വികസന ഓഫീസർ മുഖേന അനുവദിച്ചു വരുന്നു. |
| (സി) | അവർക്കുള്ള സാമ്പത്തിക സഹായം ഏതു ഏജൻസി വഴിയാണ് ലഭ്യമാക്കുന്നത്? | (സി) | പട്ടികജാതി വികസന വകുപ്പിൽ നിന്നും ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ മുഖേനയാണ് തുക വിതരണം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-6761 01.11.2011-ൽ മറുപടിക്ക്

### യൂത്ത് കമ്മീഷൻ രൂപീകരിക്കാനുള്ള നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | കുമാരി പി. കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) യൂത്ത് കമ്മീഷൻ രൂപീകരിച്ചിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത് ഘട്ടംവരെയായി; | (എ) യൂത്ത് കമ്മീഷൻ രൂപീകരിക്കുന്നതിനുളള കരട് ബില്ല് പരിശോധിച്ച് വരുന്നു; |
| (ബി) പഞ്ചായത്തുതലത്തിൽ ഇപ്പോൾ യൂത്ത് കോ-ഓർഡിനേറ്റർമാർ നിലവിലുണ്ടോ; | (ബി) ഗ്രാമപഞ്ചായത്ത്തലത്തിലും ജില്ലാതലത്തിലും യൂത്ത് കോ-ഓർഡിനേറ്റർമാർ പ്രവർത്തിക്കുന്നുണ്ട്; |
| (സി) എങ്കിൽ ഇവരുടെ ഓണറേറിയം വർദ്ധിപ്പിച്ചു നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-6762** **01.11.2011-ൽ മറുപടിക്ക്**

### യൂത്ത് ഭവൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. കെ. മുരളീധരൻ | കുമാരി പി. കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) യുവജന ക്ഷേമ ബോർഡിന്റെ കീഴിൽ എല്ലാ ജില്ലകളിലും യൂത്ത് ഭവൻ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;<br><br>(ബി) യൂത്ത് ഭവന്റെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തനരീതികളും വിശദമാക്കുമോ;<br><br>(സി) ഇതിന് കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭ്യമാണോ; വിശദമാക്കുമോ? | (എ), (ബി) & (സി) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ പ്രാരംഭത്തിൽ സംസ്ഥാനത്തെ 5 ജില്ലകളിൽ ജില്ലാ യൂത്ത് ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നത് സംബന്ധിച്ച ഒരു പ്രൊപ്പോസൽ പരിശോധിച്ചു് വരുന്നു. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-6763 — 01.11.2011-ൽ മറുപടിക്ക്

## യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ വർക്ക്ഷോപ്പുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | കുമാരി പി. കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ ജില്ലകൾ തോറും വർക്ക്ഷോപ്പുകൾ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(ബി) വർക്ക്ഷോപ്പുകൾ നടത്തുകവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; | (എ) & (ബി) കേരളത്തിലെ യുവജനങ്ങളുടെ കലാ, കായിക, ശാസ്ത്ര, സാഹിത്യ, തൊഴിൽപരമായ വികസനത്തിനായി ഇത്തരം വിഷയങ്ങളെ ആസ്പദമാക്കി വർക്ക്ഷോപ്പുകൾ, സെമിനാറുകൾ, ക്യാമ്പുകൾ എന്നിവ യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കാറുണ്ട്; |
| (സി) വർക്കുഷോപ്പുകൾ നടത്തുന്നതിന് ഏതെങ്കിലും ഏജൻസികളുടെ സഹായം തേടാനാഗ്രഹിക്കുന്നുണ്ടോ;<br><br>(ഡി) എങ്കിൽ ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കുമോ? | (സി) & (ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-6765** **01.11.2011-ൽ മറുപടിക്ക്**

## യുവജന വിഭവശേഷി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി | കുമാരി പി. കെ. ജയലക്ഷ്മി (പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) യുവാക്കളുടെ വിഭവശേഷി സമൂഹത്തിന്റെ പൊതു നന്മക്ക് ഉപയോഗിക്കാവുന്ന നിലയിലുള്ള ക്രിയാത്മക സംവിധാനം എന്താണെന്ന് വിശദമാക്കുമോ; | (എ) യുവാക്കളുടെ വിഭവശേഷി സമൂഹത്തിന്റെ പൊതു നന്മയ്ക്ക് ഉപയോഗിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന യുവജനക്ഷേമ ബോർഡ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് 'യുവശക്തി'. ഈ പദ്ധതി പ്രകാരം പഞ്ചായത്ത് തലത്തിൽ തന്നെ സാമൂഹിക വികസന പദ്ധതികളിൽ യുവജനങ്ങൾക്ക് ക്രിയാത്മകമായി ഇടപെടുന്നതിനും, പ്രദേശത്തെ യുവ സമൂഹത്തിന് അനുയോജ്യമായ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്നതിനും അവസരം ലഭിക്കുന്നു. യുവജനങ്ങളുടെ സന്നദ്ധസേവന മനോഭാവത്തെ സമൂഹനന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നതിന് 'യുവകർമ്മസേന' എന്ന പേരിൽ യുവജനങ്ങളുടെ സന്നദ്ധസേന രൂപീകരിച്ചു. അടിയന്തിര ഘട്ടങ്ങളിൽ സമൂഹത്തെയും ഭരണ സംവിധാനത്തെയും സഹായിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകി സേനയെ സജ്ജമാക്കുന്നതിനുള്ള നടപടികൾ ആവിഷ്ക്കരിച്ചു വരുന്നു; |
| (ബി) ഇതിനായി യുവജനക്ഷേമ പദ്ധതികളിലൂടെ എന്തെല്ലാം സംവിധാനങ്ങളാണ് പുതുതായി ഏർപ്പെടുത്താൻ ആലോചിക്കുന്നത് എന്ന് വിശദമാക്കുമോ? | (ബി) ഇക്കാര്യം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

# 13-ാം കേരള നിയമസഭ

## 2-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6773    02-11-2011 -ൽ മറുപടിക്ക്

### പുതിയ കോഴ്സുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. പി.കെ . അബ്ദുറബ്ബ്<br>ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് ഏതെങ്കിലും സർക്കാർ കോളേജിലോ എയ്ഡഡ് കോളേജിലോ പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) ഇല്ലെങ്കിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) & (സി) സാമ്പത്തിക ബാധ്യത ഉൾപ്പടെയുള്ള കാര്യങ്ങൾ പരിശോധിച്ചതിനുശേഷം ഇക്കാര്യത്തിൽ തീരുമാനമെടുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (സി) എങ്കിൽ ഏതെല്ലാം കോളേജുകളിലാണ് പുതിയ കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 6774

02.11..2011 -ൽ
മറുപടിയ്ക്ക്

സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ<br>ശ്രീ. എം.ചന്ദ്രൻ<br>ശ്രീ. പി.റ്റി. എ. റഹീം<br>ശ്രീ. ആർ. സെൽവരാജ് | | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ലബോറട്ടറി ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളും യോഗ്യതയുള്ള അദ്ധ്യാപകരും നിയമാനുസൃതം ഉണ്ടെന്ന് ഉറപ്പാക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;<br>(ബി) അദ്ധ്യാപകരുടെ എണ്ണം, യോഗ്യത, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ നിയമാനുസൃതം പൂർണ്ണതയുള്ള എത്ര സ്വാശ്രയ എഞ്ചിനീയറിംഗ്കോളേജുകൾ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും വെളിപ്പെടുത്തുമോ; പൂർണ്ണതയില്ലാത്ത സ്ഥാപനങ്ങൾ എത്ര; | (എ) & (ബി) | സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ യോഗ്യത, വേതനം, സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ പരിശോധിക്കുന്നതിനായി സർക്കാർ ഒരു ഇൻസ്പെക്ഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പരിശോധന നടത്തിവരുന്നു. കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് ലഭിച്ചതിനുശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. കോളേജുകളിലെ അദ്ധ്യാപകരുടെ എണ്ണം, യോഗ്യത, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച വിവരം ഇൻസ്പെക്ഷൻ പൂർത്തിയായതിനുശേഷം മാത്രമേ നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| (സി) | പുതിയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അനുമതി നൽകുന്നത് ബഹു. ഹൈക്കോടതി വിലക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിധിയുടെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 29-07-2011 -ലെ W.A No.2014/11 -ൽ IA No.358/2011 പ്രകാരമുള്ള ഇടക്കാല ഉത്തരവ് പ്രകാരം പുതിയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അനുമതി നൽകുന്നത് തടഞ്ഞിരുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധം (എ) ആയി ചേർക്കുന്നു. എന്നാൽ 12-08-2011 -ലെ ഉത്തരവ് പ്രകാരം പ്രസ്തുത നിരോധനം ബഹുമാനപ്പെട്ട ഹൈക്കോടതി നീക്കുകയുണ്ടായി. പകർപ്പ് അനുബന്ധം (ബി) ആയി ചേർക്കുന്നു. |
| (ഡി) | കോടതി വിധിയുടെ പശ്ചാത്തലത്തിൽ എന്തെല്ലാം തുടർ നടപടികൾ സ്വീകരിക്കുകയുണ്ടായി? | (ഡി) | കോടതി വിധിയുടെ പശ്ചാത്തലത്തിൽ ബന്ധപ്പെട്ട എഞ്ചിനീയറിംഗ് കോളേജുകളിൽനിന്നും അദ്ധ്യാപകരുടെ എണ്ണം, യോഗ്യത, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച സത്യവാങ്മൂലം വാങ്ങിയശേഷമാണ് സർക്കാർ അനുമതി നൽകുന്നത്. സത്യവാങ്മൂലത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ശരിയാണോ എന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധന നടത്തുന്നതാണ്. പരിശോധനയിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത സ്ഥാപനങ്ങളുടെ എൻ.ഒ.സി. റദ്ദാക്കുന്നതിന് കരാറിൽ വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ

C.N.RAMACHANDRAN NAIR &
P.S.GOPINATHAN, JJ.

I.A. No.358 of 2011 in
Writ Appeal No.2014 of 2010

Dated this the 29th day of July, 2011.

## ORDER

Ramachandran Nair, J.

Pursuant to judgment in the Writ Appeal, Government constituted eight member Committee to verify the instructional facilities in the Self-financed Engineering Colleges in the State. A report is filed as of now after inspection by the Committee in 24 Engineering Colleges coming under the various Universities in Kerala. It is seen that except 4 or 5 colleges, other colleges do not have qualified faculty members for imparting education to the students. Obviously these colleges happened to be started on account of the indifferent clearances given by All India Council for Technical Education, and the Universities granting affiliation. Going by the statistics available, we feel a saturation point has reached in Kerala where probably no more Engineering Colleges can be started with qualified teaching faculty members. Further, the seats available in the

existing colleges also appear to be outnumbering eligible students for studies in Engineering. The colleges identified by the Commitee which do not have qualified teaching faculty members will certainly face problem for continued affiliation. We do not want to pass any orders as of now about the colleges that are run without the required teaching faculty members. However, what we feel is that it would not be in the interest of the student community for the Government to permit more Engineering Colleges in the State without ensuring instructional facilities. In our view, the Government, Universities and the AICTE should take immediate steps to increase seats in Post-graduate studies in the Engineering Colleges in the State so that qualified teachers are available in the Engineering subjects in the State. We, therefore, direct the Government not to issue any NOC for starting new Engineering Colleges in the State until final orders are passed by us in this case. The Committee is directed to complete inspection in other colleges also

at the earliest and submit final report pertaining to all Colleges with their suggestions as well.

Post after six weeks.

Sd/-
C. N. Ramachandran Nair
Judge

Sd/-
P. S. Gopinathan
Judge

pms

/true copy/

Assistant Registrar

Section Officer

C.N.RAMACHANDRAN NAIR &
P.S.GOPINATHAN, JJ.

.....................................................................

I.A. Nos.587, 569, 567, 565, 557, 554,
552, 543, 535 & 550 of 2011 in
I.A. No.358 of 2011 in
Writ Appeal No.2014 of 2010

.....................................................................

Dated this the 12th day of August, 2011.

ORDER

Ramachandran Nair, J.

The petitioners in these I.As. are applicants who have obtained AICTE approval for commencement of Self-financed Engineering College for the academic year 2011-2012. Some of the petitioners have got approval from the University for affiliation and remaining are waiting for approval and inspection is said to be over. The I.As. are filed mainly for a clarification that this court's interim order dated 29.7.2011 prohibiting the Government from issuing NOC for new colleges does not apply to the applicants as they are ready to start the colleges this academic year itself. The interim order issued was certainly not intended to cover colleges which have got all clearances and are ready for commencement of the course during this academic year. Government Pleader has produced instruction received from

## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6775** **2.11.2011-ൽ മറുപടിക്ക്**

## മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള ആനുകൂല്യങ്ങൾ

**ചോദ്യം** **ഉത്തരം**

ശ്രീ കെ.വി. അബ്ദുൾ ഖാദർ
ശ്രീ കെ. കെ. നാരായണൻ
ശ്രീ ബി.സത്യൻ

പി. കെ. അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകിവരുന്ന ഫീസിളവും, മറ്റാനുകൂല്യങ്ങളും നൽകുന്നത് പഠനം തുടങ്ങി ഒരു അധ്യയനവർഷം കഴിഞ്ഞിട്ടാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: | (എ), (ബി ) & (സി) വിവരം ശേഖരിച്ചുവരുന്നു. |
| ബി) ഇതുമൂലം അഡ്മിഷൻ സമയത്തുതന്നെ, ഫീസ്,മെസ്സ് അലവൻസ്, ഹോസ്റ്റൽ വാടക മുതലായവ കണ്ടെത്തുവാൻ പാവപ്പെട്ടവരായ മത്സ്യത്തൊഴിലാളി രക്ഷിതാക്കൾ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |
| സി) എങ്കിൽ അഡ്മിഷൻ സമയത്തുതന്നെ ഫീസിളവും മറ്റാനുകൂല്യങ്ങളും മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അനുവദിച്ചു നൽകുന്നതിന് സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ: | |

സെക്ഷൻ ഓഫീസർ

# 13-ാം കേരള നിയമസഭ

## 2-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6779 02-11-2011 -ൽ മറുപടിക്ക്

**രണ്ടാംവർഷ പഠനത്തിന് ഗവൺമെന്റ് കോളേജിലേക്ക് ട്രാൻസ്ഫർ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ<br>,, എം. പി. അബ്ദുസ്സമദ് സമദാനി<br>,, എൻ. ഷംസുദ്ദീൻ<br>,, കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. പി.കെ . അബ്ദുറബ്ബ്<br>ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| (എ) എയ്ഡഡ്, പാരലൽ കോളേജുകളിൽ ഒരു വർഷം പഠനം പൂർത്തിയാക്കിയ ശേഷം രണ്ടാം വർഷ പഠനത്തിന് ഗവൺമെന്റ് കോളേജിലേക്ക് ട്രാൻസ്ഫർ അനുവദനീയമാണോ; എങ്കിൽ പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് അതനുവദിക്കുന്നതിന് തടസ്സമുണ്ടോ; | (എ) & (ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ബി) നിയമപ്രകാരം അനുവദനീയമല്ലെങ്കിൽ കഴിഞ്ഞ അഞ്ചുവർഷക്കാലം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലടക്കം സംസ്ഥാനത്തെ വിവിധ കോളേജുകളിൽ ഈ വിധത്തിൽ അനുവദിച്ച ട്രാൻസ്ഫറുകളെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ

## 13-ാം കേരള നിയമസഭ

## 2-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6780    02-11-2011 -ൽ മറുപടിക്ക്

ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ ആർട്സ് ആന്റ് സയൻസ് കോളേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശി | ശ്രീ. പി.കെ . അബ്ദുറബ്ബ്<br>ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| (എ) ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ ആർട്സ് & സയൻസ് കോളേജുകൾ നിലവിലില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഈ നിയോജകമണ്ഡലത്തിൽ കേന്ദ്ര സർക്കാരിന്റെ 'ഒരു മാതൃകാ കോളേജ്' സ്ഥാപിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ? | (ബി) ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് വരുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6785** — **2/11/2011 -ൽ മറുപടിക്ക്**

## ഡിജിറ്റൽ സൂപ്പർ ഹൈവേ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സ്കൂളുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഡിജിറ്റൽ സൂപ്പർ ഹൈവേയുടെ പ്രവർത്തനം ഏതു ഘട്ടത്തിലാണ് ; | (എ) | സ്കൂളുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഡിജിറ്റൽ സൂപ്പർ ഹൈവേയുടെ പ്രവർത്തനം പൈലറ്റിങ് സ്റ്റേജിലാണ്. തിരുവനന്തപുരം ജില്ലയിൽ രണ്ടു സ്കൂളുകളിൽ ബി.എസ്.എൻ.എൽ ഈ സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ഇതിനായി വകുപ്പിൽ ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ എത്ര മാത്രം പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) | ഇപ്പോൾത്തന്നെ ബ്രോഡ്ബാന്റ് കണക്ഷൻ എല്ലാ സർക്കാർ / എയ്ഡഡ് സ്കൂളുകളിലും നിലവിലുണ്ട്. അതിനെ പ്രോജക്ട് അതിവേഗ VPN (Virtual Private Network) ആയി അപ്ഗ്രേഡ് ചെയ്യുകയാണ് ഇപ്പോൾ ചെയ്യുന്നത്. |
| (സി) | ഏതെല്ലാം ഏജൻസികളുടെ സഹായം ഇതിനുവേണ്ടി ഉപയോഗിച്ചിട്ടുണ്ട് ; | (സി) | ബി.എസ്.എൻ.എൽ, കേരള സ്റ്റേറ്റ് ഐ.ടി മിഷൻ, എന്നിവയുടെ സഹായത്തോടെ ഐ.ടി @ സ്കൂൾ ആണ് നിർവഹണം നടത്തുന്നത്. |
| (ഡി) | ഇതുമൂലം ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ? | (ഡി) | നിലവിലുള്ള സാധാരണ ബ്രോഡ്ബാൻഡ് കണക്ഷൻ വി.പി.എൻ അധിഷ്ഠിതമാകുമ്പോൾ എത്ര കൂടിയ ഡേറ്റയും കൂടുതൽ സുരക്ഷിതത്വത്തോടെ അപ്‌ലോഡു ചെയ്യാനും ഡൗൺലോഡു ചെയ്യാനും ഇനി സ്കൂളുകൾക്കും പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഓഫീസുകൾക്കും സാധ്യമാകും എന്നത് ഇതുമൂലമുണ്ടാകുന്ന ഒരു നേട്ടമാണ്. കോഡുഭാഷയിലാക്കി (എൻക്രിപ്റ്റ്) ചെയ്ത് ആർക്കും മാറ്റം വരുത്താൻ കഴിയാത്ത |

രൂപത്തിൽ സുരക്ഷിതമായി ഡേറ്റാ കൈമാറ്റം സാധ്യമാക്കുന്നു എന്നതാണ് വി.പി.എൻ-ന്റെ മറ്റൊരു പ്രധാന സവിശേഷത, ഐടി അധിഷ്ഠിത ഉള്ളടക്കം, സ്കൂൾ വിക്കി, കണ്ടന്റ് മാനേജ്മെന്റ് ഫ്രെയിംവർക്ക് സോഫ്ട്വെയർ, സ്കൂൾ മാനേജ്മെന്റ് സിസ്റ്റം, സ്കൂൾ പോർട്ടൽ തുടങ്ങിയ അക്കാദമിക് വിഭവങ്ങൾ എത്ര വലിയ ഫയലുകളാണെങ്കിലും മൾട്ടിമീഡിയയും, വീഡിയോയും ഉണ്ടെങ്കിലും ഇനി സ്കൂളുകൾക്ക് വി.പി.എൻ ബ്രോഡ്ബാൻഡിലൂടെ അനായാസേന ഉപയോഗിക്കാൻ കഴിയും എന്നതും ഒരു നേട്ടമാണ്. ഇതിനു പുറമെ എസ്.എസ്.എൽ.സി-ഹയർ സെക്കന്ററി റിസൽട്ടുകൾ, ഏകജാലക പ്രവേശന പ്രക്രിയയിൽ വിവരങ്ങൾ നൽകുന്നതും സ്വീകരിക്കുന്നതും, അധ്യാപകരുടെ സ്ഥലംമാറ്റ അപേക്ഷകൾ, ഉച്ചക്കഞ്ഞി വിതരണ വിശദാംശങ്ങൾ, കലോത്സവങ്ങൾ-സ്പോർട്സ് മീറ്റുകൾ, ശാസ്ത്രമേളകൾ തുടങ്ങിയവയുടെ പോർട്ടലുകളിലെ വിവര കൈമാറ്റം തുടങ്ങിയ ഇ-ഗവേർണൻസ് പ്രക്രിയകളും ഇതുകൊണ്ട് ഇനി സുഗമമാവും. ശമ്പള ബിൽ തയ്യാറാക്കാൻ ഉപയോഗിക്കുന്ന 'സ്പാർക്ക്' പോർട്ടലും ഇനി എളുപ്പം ലഭ്യമാകും എന്നതും മറ്റൊരു നേട്ടമാണ്.

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6786** **2/11/2011 -ൽ മറുപടിക്ക്**

### ഇ - ഗവേർണൻസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. എ.റ്റി. ജോർജ്<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിൽ ഇ - ഗവേർണൻസ് സംവിധാനം പ്രവർത്തനക്ഷമമാക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;<br><br>(ബി) ഇതുമൂലം ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ് ;<br><br>(സി) ഓഫീസുകളിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകളിന്മേൽ കൈക്കൊണ്ടിട്ടുള്ള നടപടി സംബന്ധിച്ച വിവരങ്ങൾ അറിയുവാൻ ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ് ; വ്യക്തമാക്കുമോ ? | (എ), (ബി) & (സി)<br><br>വിവരം ശേഖരിച്ച് നല്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6789** **2/11/2011 -ൽ മറുപടിക്ക്**

### <u>സമ്പൂർണ്ണ പദ്ധതി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
| --- | --- |
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. എം.എ. വാഹീദ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) വിദ്യാഭ്യാസ വകുപ്പിൽ സമ്പൂർണ്ണ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്. | (എ) 'സമ്പൂർണ'- ഒരു ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ് വെയർ ആണ്. സ്കൂൾതല പ്രവർത്തനങ്ങൾ കമ്പ്യൂട്ടറിന്റെ സഹായത്തോടെ സുതാര്യവും ലളിതവുമാക്കാൻ പ്രധാനാധ്യാപകരെ സഹായിക്കുകയാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ്, കുട്ടികൾ, രക്ഷിതാക്കൾ, അധ്യാപക-അനാധ്യാപക ജീവനക്കാർ എന്നിവരെ സംബന്ധിക്കുന്ന വിവിധ റിപ്പോർട്ടുകൾ, വിവിധ സ്കോളർഷിപ്പുകൾക്കാവശ്യമായ ലിസ്റ്റുകൾ, പ്രോഗ്രസ് റിപ്പോർട്ട്, പ്രമോഷൻ ലിസ്റ്റ് തുടങ്ങിയവ തയ്യാറാക്കുന്നത് 'സമ്പൂർണ'യിലൂടെ ആയാസരഹിത പ്രവർത്തനങ്ങളായി മാറും. പത്താം തരത്തിലെ A ലിസ്റ്റ്, സ്പോർട്സ്, സ്കൂൾ കലോത്സവം തുടങ്ങിയ മത്സര ഇനങ്ങൾക്കാവശ്യമായ പ്രവേശന ഫോറങ്ങൾ സ്കൂൾ കലോത്സവം തുടങ്ങിയ മത്സര ഇനങ്ങൾക്കാവശ്യമായ പ്രവേശന ഫോറങ്ങൾ തയ്യാറാക്കൽ എന്നിവയും സമ്പൂർണയിലൂടെ സാധ്യമാകും. ടൈംടേബിൾ തയ്യാറാക്കുന്നതിനുള്ള |

## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6792** 02/11/2011-ൽ മറുപടിക്ക്

## അദ്ധ്യാപന നിലവാരം ഉയർത്തുവാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സാജു പോൾ : | | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്തെ അദ്ധ്യാപന നിലവാരം വിലയിരുത്തിയിട്ടുണ്ടോ; | എ) | വിവിധ പരിശീലനങ്ങളുടെയും പരിപാടികളുടെയും ഭാഗമായും ക്ലാസ് റൂം ഒബ്സർവേഷൻ തൽസമയ പിന്തുണ എന്നിവയിലൂടെയും സംസ്ഥാനത്തെ അദ്ധ്യാപന നിലവാരം വിലയിരുത്തപ്പെടുന്നുണ്ട് |
| ബി) | അദ്ധ്യാപന നിലവാരം കാലാനുസൃതമായി ഉയർത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | ബി) | അദ്ധ്യാപന നിലവാരം കാലാനുസൃതമായി ഉയർത്തുവാനായി സെക്കണ്ടറി തലത്തിൽ അവധിക്കാല അദ്ധ്യാപന ശാക്തീകരണം, ക്ലസ്റ്റർതല പരിശീലനം, മോണിറ്ററിംഗ് പ്രക്രിയയിലൂടെ തുടർ പരിശീലനം, നൂതന സാങ്കേതിക വിദ്യകളിലധിഷ്ഠിതമായ പരിശീലനം എന്നിവയും ഓറിയന്റൽ അദ്ധ്യാപകർക്കുള്ള പ്രത്യേക പരിശീലനവും നൽകി വരുന്നു. സെക്കണ്ടറി -ഹയർ സെക്കണ്ടറി തലത്തിൽ അദ്ധ്യാപകർക്ക് സമഗ്രമായ വിഷയാധിഷ്ഠിത പരിശീലനം നൽകി വരുന്നു. |
| സി | ഇതിനായി ആധുനിക സങ്കേതങ്ങളും സംവിധാനങ്ങളും ലഭ്യമാക്കിയിട്ടുണ്ടോ; | സി) | ഇതിനായി ആധുനിക സങ്കേതങ്ങളും സംവിധാനങ്ങളും ലഭ്യമാക്കി വരുന്നു. |

(......2)

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>നിയമസഭാ ചോദ്യം നം. 6793 | 02.11.2011 -ൽ<br>മറുപടിയ്ക്ക്. |

## ഫിനിഷിംഗ് സ്കൂൾ

| ചോദ്യം<br>ശ്രീ.എം.ഹംസ | ഉത്തരം<br>ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് 'ഫിനിഷിംഗ് സ്കൂൾ' പ്രവർത്തിക്കുന്നത്; വിശദമാക്കാമോ; | (എ) സംസ്ഥാനത്തെ എല്ലാ പോളിടെക്നിക്കുകളിലും ഫിനിഷിംഗ് സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. ലിസ്റ്റ് അനുബന്ധ മായി ചേർത്തിരിക്കുന്നു. ഐ.എച്ച്.ആർ.ഡി. -യുടെ കീഴിൽ 2 ഫിനിഷിംഗ് സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരത്തും എറണാകുളത്തും. |
| (ബി) ഫിനിഷിംഗ് സ്കൂളുകൾ എന്നാണ് ആരംഭിച്ചത്; | (ബി) 2010-2011 വർഷമാണ് ഫിനിഷിംഗ് സ്കൂളുകൾ ആരംഭിച്ചത്. ഐ.എച്ച്.ആർ.ഡി. -യുടെ കീഴിലുള്ള തിരുവനന്തപുരത്തെ മോഡൽ ഫിനിഷിംഗ് സ്കൂൾ 2008 ഫെബ്രുവരി 29 -നും എറണാകുളത്ത് 2010 ജൂൺ 7-നുമാണ് ആരംഭിച്ചത്. |
| (സി) ഫിനിഷിംഗ് സ്കൂളുകൾ എന്ത് ലക്ഷ്യത്തിനാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ; | (സി) സംസ്ഥാനത്തെ പോളിടെക്നിക്കുകളിൽ നിന്നും പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് അവർ ജോലി ചെയ്യേണ്ടിവരുന്ന തൊഴിൽ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിനാവശ്യമായ ഇംഗ്ലീഷ് പരിജ്ഞാനം, കമ്പ്യൂട്ടർ പരിജ്ഞാനം, ഇന്റർവ്യൂ നേരിടുന്നതിനുള്ള പരിശീലനം എന്നിവ നൽകുന്നതിനാണ് ഫിനിഷിംഗ് സ്കൂളുകൾ ലക്ഷ്യമിട്ടിട്ടുള്ളത്. കേരളത്തിലെ പ്രൊഫഷണൽ എഞ്ചിനീയറിംഗ് കോളേജുകളിൽ മറ്റ് സ്ഥാപനങ്ങളിൽ നിന്നും പഠിച്ചിറങ്ങുന്ന വിദ്യാർത്ഥി കളെ നൂതനമായ IT വ്യവസായ അന്തരീക്ഷത്തിൽ ഉപയുക്തരാക്കത്തക്കവിധം വളർത്തിയെടുത്ത് ജോലി ലഭ്യമാക്കുന്നതിന് പരിശീലനം നൽകുകയാണ് ഐ.എച്ച്.ആർ.ഡി. -യുടെ കീഴിലുള്ള മോഡൽ ഫിനിഷിംഗ് സ്കൂളിന്റെ ലക്ഷ്യം. |
| (ഡി) ഫിനിഷിംഗ് സ്കൂളുകൾക്കായി ഈ സർക്കാർ എത്ര തുക അനുവദിച്ചു; വിശദാംശം ലഭ്യമാക്കാമോ? | (ഡി) 2010-2011 ---- 50 ലക്ഷം രൂപ.<br>2011-2012 ---- 50 ലക്ഷം രൂപ.<br>ഐ.എച്ച്.ആർ.ഡി. -ക്ക് മോഡൽ ഫിനിഷിംഗ് സ്കൂൾ സ്ഥാപിക്കുന്നതിന് കേരള സ്റ്റേറ്റ് IT മിഷൻ വഴി 185 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

ഭരണാനുമതി

H·Edn (J)

**LIST OF POLYTECHNICS**

| Sl. No. | Name of Polytechnics |
|---|---|
| 1 | Central Polytechnic College, Vattiyoorkkavu |
| 2 | Women's Polytechnic College, Kaimanam |
| 3 | Govt: Polytechnic College, Neyyattinkara |
| 4 | Govt: Polytechnic College, Nedumangad |
| 5 | Govt: Polytechnic College, Attingal |
| 6 | Govt: Polytechnic College, Punalur |
| 7 | Govt: Polytechnic College, Ezhukone |
| 8 | Govt: Polytechnic College, Vennikulam |
| 9 | Govt: Polytechnic College, Adoor |
| 10 | Govt: Polytechnic College, Vechoochira |
| 11 | Govt: Polytechnic College, Cherthala |
| 12 | Women's Polytechnic College, Kayamkulam |
| 13 | Govt: Polytechnic College, Nattakam, Kottayam |
| 14 | Govt: Polytechnic College, Pala |
| 15 | Govt: Polytechnic College, Kaduthuruthy |
| 16 | Govt: Polytechnic College, Muttom |
| 17 | Govt: Polytechnic College, Vandiperiyar, Kumily |
| 18 | Govt: Polytechnic College, Nedumkandam |
| 19 | Govt: Polytechnic College, Purappuzha |
| 20 | Govt: Polytechnic College, Kalamassery |
| 21 | Women's Polytechnic College, Ernakulam |
| 22 | Govt: Polytechnic College, Kothamangalam |
| 23 | Govt: Polytechnic College, Perumbavoor |
| 24 | Maharaja's Technological Institute, Thrissur |
| 25 | Sree Rama Govt: Polytechnic College, Thriprayar |
| 26 | Govt: Polytechnic College, Koraty |
| 27 | Govt: Polytechnic College, Kunnamkulam |
| 28 | Women's Polytechnic College, Thrissur |
| 29 | Govt: Polytechnic College, Chelakkara |
| 30 | Govt: Polytechnic College, Palakkad |
| 31 | GPT &IPT Shoranur |
| 32 | Govt: Polytechnic College, Perintalmanna |
| 33 | Govt: Polytechnic College, Thirurangadi |
| 34 | Women's Polytechnic College, Kottakkal |
| 35 | Kerala Govt: Polytechnic College, Kozhikoge |
| 36 | Women's Polytechnic College, Kozhikode |
| 37 | Govt: Polytechnic College, Kannur |
| 38 | Govt: Polytechnic College, Mattannur |
| 39 | Residential Women's Polytechnic College, Payyannur |
| 40 | Govt: Polytechnic College, Meenangadi |
| 41 | Govt: Polytechnic College, Meppadi |
| 42 | Govt: Polytechnic College, Kasaragod |
| 43 | Govt: Polytechnic College, Thrikkaripur |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6797 02.11.2011 ൽ മറുപടിക്ക്

സി.ബി.എസ്.ഇ. സ്കൂളുകളുടെ ഫീസ് ഘടന

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി ഗീതാ ഗോപി | | ശ്രീ. പി. കെ. അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ സി.ബി. എസ്.ഇ സ്കൂളുകളുടെ ഫീസ് ഘടന സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ; | എ) | 07.10.2011 തീയതിയിലെ ജി.ഒ. (എം.എസ്) നം. 202/2011/ പൊ.വി.വ സർക്കാർ ഉത്തരവിലെ ഏഴാം നിബന്ധനയിൽ ഫീസ് സംബന്ധിച്ച വ്യവസ്ഥ ഉൾക്കൊളളിച്ചിട്ടുണ്ട്. |
| ബി) ചില സി.ബി.എസ്.ഇ സ്കൂളുകളിൽ വിദ്യാർത്ഥികൾ ഫീസ് നൽകുമ്പോൾ രസീത് നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>സി) എങ്കിൽ ഇത്തരം സ്കൂളുകൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | ബി) യും സി) യും | ഇല്ല. പരാതി ലഭിക്കുമ്പോൾ പരിശോധിച്ചു നടപടിയെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

/

# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6799** **2/11/2011 -ൽ മറുപടിക്ക്**

## സമഗ്ര ആരോഗ്യപദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീമതി ഇ.എസ്. ബിജിമോൾ<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീമതി ഗീതാ ഗോപി | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള സമഗ്ര ആരോഗ്യ പദ്ധതി വിദ്യാഭ്യാസ വകുപ്പ് സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ ; | (എ) സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള സമഗ്ര ആരോഗ്യ പദ്ധതി ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ 2009 മുതൽ സംസ്ഥാനമൊട്ടാകെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ നടപ്പിലാക്കി വരുന്നു. |
| (ബി) ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (ബി) നിർദ്ദിഷ്ഠ കാലാവധി അനുസരിച്ചുള്ള പരിശോധന, കൗൺസലിംഗ്, ഹെൽത്ത് പ്രൊമോഷൻ, കുടുംബ ജീവിതത്തെക്കുറിച്ചുള്ള വിദ്യാഭ്യാസം, ജീവിത പ്രാവിണ്യ വിദ്യാഭ്യാസം (Life skills education) എന്നീ സേവനങ്ങൾ പരിപോഷിപ്പിക്കുകയാണ്. ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) ഈ പദ്ധതിയുടെ പ്രയോജനം ഈ വർഷം എത്ര വിദ്യാർത്ഥികൾക്ക് ലഭിക്കും; വിദ്യാർത്ഥികൾക്കുള്ള ആരോഗ്യ രേഖയിൽ എന്തെല്ലാം വിവരങ്ങളാണ് അടങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (സി) വിവരം ശേഖരിച്ച് നൽകുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്തെ എല്ലാ സ്കൂളു കളിലും ഈ പദ്ധതി എത്ര കാലത്തിനുള്ളിൽ നടപ്പാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ? | (ഡി) | ഇപ്പോൾ ഈ പദ്ധതി പൈലറ്റ് പ്രോഗ്രാം ആയാണ് നടപ്പാക്കുന്നത്. പൈലറ്റ് പദ്ധതിയുടെ ഫലം വിലയിരുത്തിയ ശേഷമേ എല്ലാ സ്കൂളുകളിലും എത്ര കാലത്തിനു ള്ളിൽ നടപ്പാക്കാൻ കഴിയുമെന്ന് പറയാൻ കഴിയു. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6800** **02/11/2011-ൽ മറുപടിക്ക്**

## ഉച്ചഭക്ഷണ പരിപാടി

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| ശ്രീ. എസ്. ശർമ്മ : | | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | നിലവിൽ നടപ്പിലാക്കിവരുന്ന ഉച്ചഭക്ഷണ പരിപാടിയ്ക്ക് ഓരോ കുട്ടിക്കും പ്രതിദിനം എത്ര രൂപയാണ് സർക്കാർ ചെലവഴിക്കുന്നത്; | എ) | നിലവിൽ നടപ്പിലാക്കിവരുന്ന ഉച്ചഭക്ഷണ പരിപാടിയ്ക്ക് ഒരു കുട്ടിക്ക് പ്രതിദിനം 4 രൂപ 80 പൈസ സർക്കാർ ചെലവഴിക്കുന്നുണ്ട്. |
| ബി) | ഏതെല്ലാം ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | ബി) | പ്രീ-പ്രൈമറി തലം മുതൽ 8ാം ക്ലാസ് വരെയുള്ള കുട്ടികൾക്കും, ടെക്നിക്കൽ സ്കൂളിലെ 8ാം ക്ലാസ്സിലെ കുട്ടികൾക്കും, സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികൾക്കുമാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്. |
| സി | ഈ പദ്ധതിയിൽ ഏതെല്ലാം ഭക്ഷ്യ വസ്തുക്കളാണ് കുട്ടികൾക്ക് നൽകുന്നത്; | സി) | ഈ പദ്ധതി പ്രകാരം അരി, ചെറുപയർ, കടല, വൻപയർ, പരിപ്പ്, പാൽ, മുട്ട എന്നീ ഭക്ഷ്യ വസ്തുക്കളാണ് കുട്ടികൾക്ക് നൽകുന്നത്. |
| ഡി) | ബഡ്ജറ്റ് പ്രഖ്യാപനം അനുസരിച്ച് പത്താംതരം വിദ്യാർത്ഥികൾക്ക് കൂടി ഇതിന്റെ പ്രയോജനം ഇപ്പോൾ ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനായി സർക്കാർ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്നു മുതലെന്ന് അറിയിക്കുമോ? | ഡി) | ഒമ്പത്, പത്ത് ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ഇപ്പോൾ ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല. ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6802** **02/11/2011-ൽ മറുപടിക്ക്**

### 'ഉബുണ്ടു' സോഫ്റ്റ് വെയർ-സി.ഡി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. വി. വിജയദാസ് : | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | പാഠ്യപദ്ധതി ഉൾപ്പെടെ ക്രമീകരിച്ചുകൊണ്ടുള്ള 'ഉബുണ്ടു' (UBUNDU) സോഫ്റ്റ്വെയർ-സി.ഡി. ഹൈസ്കൂൾ നിലവാരത്തിലുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | എ) | ഇപ്പോൾ പരിഗണനയിലില്ല |
| ബി) | ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം തുടർ പദ്ധതികളാണ് ഉദ്ദേശിക്കുന്നത്; | ബി) | ബാധകമല്ല |
| സി) | കേന്ദ്രസർക്കാർ നൽകാൻ ഉദ്ദേശിക്കുന്ന തരത്തിൽ പാംടോപുകൾ (ടാബ്ലറ്റ് പി. സി) കേരളത്തിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഹൈസ്കൂൾ കുട്ടികൾക്ക് സൗജന്യമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | സി) | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6803          02.11.2011-ൽ മറുപടിക്ക്.

**സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനത്തിന് നീക്കിവച്ചിട്ടുള്ള തുക**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ . വി.. ശശി | ശ്രീ.പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ ഏറ്റെടുക്കുന്നതിനും കേന്ദ്ര-സംസ്ഥാന ബഡ്ജറ്റുകൾ വഴി 2011-12 വർഷത്തേയ്ക്ക് എന്തു തുക ലഭ്യമാക്കുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) 2011-12 സാമ്പത്തിക വർഷത്തേയ്ക്ക് ആർ.എം.എസ്. എ വഴി 178.56 കോടി രൂപയും, ഒറ്റത്തവണ കേന്ദ്ര സഹായമായി 21 കോടി രൂപയും, സംസ്ഥാന ബജറ്റിൽ 8.42 കോടി രൂപയും വകകൊള്ളിച്ചിട്ടുണ്ട് സർവ്വ ശിക്ഷ അഭിയാന്റെ കേന്ദ്ര മാനവവിഭവ ശേഷി മന്ത്രാലയം അംഗീകരിച്ച വാർഷിക പദ്ധതി പ്രകാരം 1791.09 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |
| (ബി) ഇതിൽ നിന്നും ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ സർക്കാർ സ്കൂളുകൾക്ക് നീക്കിവച്ചിട്ടുള്ള തുക എത്രയാണെന്ന് അറിയിക്കുമോ? | (ബി) ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ സർക്കാർ സ്കൂളുകൾക്കായി 2011-12-ൽ 40.40 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6807 02.11.2011 ൽ മറുപടിക്ക്

## സ്കൂൾ കലോത്സവങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഗീതാ ഗോപി | ശ്രീ. പി. കെ. അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) ഈ വർഷം സ്കൂൾ കലോത്സവങ്ങളും ഗണിതശാസ്ത്ര മേളകളും നടത്താൻ ആവശ്യമായ ഫണ്ട് സർക്കാർ അനുവദിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഗണിതശാസ്ത്ര മേള നടത്താൻ 2202-80-800-82 (പ്ലാൻ) എന്ന ശീർഷകത്തിൽ 60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സ്കൂൾ കലോത്സവങ്ങൾ കുട്ടികളിൽ നിന്നും പിരിവ് എടുത്താണ് നടത്തുന്നത്. |
| ബി) കഴിഞ്ഞവർഷം സ്കൂൾ കലോത്സവങ്ങളുടെ നടത്തിപ്പിന് അനുവദിച്ച സർക്കാർ ഫണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) സ്കൂൾ കലോത്സവങ്ങളുടെ നടത്തിപ്പിന് സർക്കാർ ഫണ്ട് അനുവദിക്കാറില്ല. |
| സി) സ്കൂൾ കലോത്സവങ്ങളുടേയും ഗണിതശാസ്ത്ര മേളകളുടേയും സുഗമമായ നടത്തിപ്പിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | സി) ഗണിതശാസ്ത്ര മേളകളുടെ നടത്തിപ്പിന് 2202-80-800-82 (പ്ലാൻ) എന്ന ശീർഷകത്തിൽ 60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സ്കൂൾ കലോത്സവങ്ങളുടെ നടത്തിപ്പിന് 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളിൽ നിന്നും 2 രൂപ നിരക്കിൽ ഫെസ്റ്റിവൽ ഫണ്ട് പിരിച്ചാണ് നടത്തിയിരുന്നത്. എന്നാൽ സർക്കാർ ഉത്തരവ് ജി.ഒ. (കൈ) 124/2011/ പൊ.വി. തീയതി 26.05.2011 പ്രകാരം 8-ാം ക്ലാസ്സുവരെയുള്ള കുട്ടികളിൽ നിന്നും യാതൊരു ഫീസും പിരിക്കാൻ പാടില്ല എന്ന് ഉത്തരവായിട്ടുണ്ട്. ആയതിനാൽ സ്കൂൾ കലോത്സവ നടത്തിപ്പിന് മറ്റു തരത്തിൽ ഫണ്ട് കണ്ടെത്താൻ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 6809** — **02.11.2011 ൽ മറുപടിയ്ക്ക്**

### അനാദായകരമായ സ്കൂളുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. കെ. രാജു<br>ശ്രീ. ജി.എസ്. ജയലാൽ | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | സർക്കാർ സ്കൂളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നത് പ്രസ്തുത സ്കൂളുകളുടെ നിലനില്പിനെ ബാധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വിദ്യാർത്ഥികളുടെ കുറവ് മൂലം അദ്ധ്യാപകർക്ക് ജോലി നഷ്ട പ്പെടുന്ന അവസ്ഥ ഉണ്ടായിട്ടു ണ്ടോ; ഉണ്ടെങ്കിൽ എത്ര അദ്ധ്യാ പകർക്ക് എന്ന് വ്യക്തമാക്കാമോ; | (ബി) | ഇല്ല. |
| (സി) | ഒരു ക്ലാസ്സിൽ ഇരുപത്തിയഞ്ചു കുട്ടികളിൽ കുറവുള്ള സ്കൂളു കൾ അനാദായകരമാണെന്ന് വിദ്യാഭ്യാസ വകുപ്പ് വിലയിരു ത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അനാദായകരമായ പട്ടിക യിൽ ഇപ്പോൾ എത്ര സ്കൂളു കളുണ്ടെന്ന് വെളിപ്പെടുത്തുമോ? | (സി) | കെ.ഇ.ആർ- ലെ അദ്ധ്യായം 5 ചട്ടം 22(എ) അനുസരിച്ച് ഒരു ക്ലാസ്സിൽ 25 കുട്ടികളിൽ കുറവുള്ള സ്കൂളുകളെ അനാദായകരമായി വിലയിരുത്തിയിട്ടുണ്ട്. അനാദായ കരമായ സ്കൂളുകളുടെ പട്ടിക യിൽ ഇപ്പോൾ 2147 സർക്കാർ സ്കൂളുകളും എയ്ഡഡ് മേഖല യിൽ 2133 സ്കൂളും ഉൾപ്പെടെ ആകെ 4280 സ്കൂളുകൾ ഉണ്ട്. |

Sd/

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6812** **02/11/2011-ൽ മറുപടിക്ക്**

## പാഠഭാഗം മാറ്റുന്നതിനുള്ള നടപടിക്രമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഗീതാ ഗോപി: | | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | പത്താംക്ലാസ്സിലെ സാമൂഹ്യപാഠ പുസ്തകത്തിലെ ഒന്നാമദ്ധ്യായം നടപടിക്രമം പാലിക്കാതെ മാറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | പത്താം ക്ലാസ്സിലെ സാമൂഹ്യ പാഠപുസ്തകത്തിലെ ഒന്നാം അധ്യായം നടപടിക്രമങ്ങൾ പാലിച്ചാണു മാറ്റിയത്. |
| ബി) | പ്രസ്തുത പാഠഭാഗം മാറ്റുന്നതിനാധാരമായ സാഹചര്യം വിശദീകരിക്കാമോ; | ബി) | കേരള കാത്തലിക് ബിഷപ്പ്സ് കൗൺസിൽ (കെ.സി.ബി.സി) പുറപ്പെടുവിച്ച 21.5.2011 ലെ പത്രകുറിപ്പും ബഹു. വിദ്യാഭ്യാസ മന്ത്രിക്ക് 23.5.2011 നു സമർപ്പിച്ച കത്തിന്റെയും അടിസ്ഥാനത്തിൽ സർക്കാർ പത്താം ക്ലാസ്സിലെ സാമൂഹ്യ ശാസ്ത്ര പാഠപുസ്തകത്തിലെ 'ആധുനിക ലോകത്തിന്റെ ഉദയം' എന്ന അധ്യായത്തെ സംബന്ധിച്ച പരാതികൾ പരിശോധിക്കുവാൻ നിയമിച്ച മുൻ അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. ഡി. ബാബു പോൾ ചെയർമാനായ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണു പാഠഭാഗത്ത് മാറ്റങ്ങൾ വരുത്താൻ തീരുമാനിച്ചത്. |
| സി | പാഠപുസ്തകത്തിലെ അദ്ധ്യായങ്ങൾ മാറ്റുന്നത് സംബന്ധിച്ച നടപടിക്രമം വിശദമാക്കാമോ? | സി) | നിലവിലുള്ള പാഠപുസ്തകങ്ങളിൽ വിവാദ പരാമർശം ഉണ്ടാകുമ്പോൾ അവ പരിശോധിക്കാൻ സർക്കാർ കമ്മീഷനെ നിയോഗിക്കാറുണ്ട്. പാഠപുസ്തക നിർമ്മാണത്തിന് ചുമതലയുള്ള എസ്.സി.ഇ.ആർ.ടി.യാണ് ഈ കമ്മീഷന്റെ സിറ്റിങ്ങുകൾ നടത്താറുള്ളത് . സർക്കാരിന്റെ |

(......2)

നിർദ്ദേശ പ്രകാരം
പാഠപുസ്തകങ്ങളിൽ ആവശ്യമായ
ഭേദഗതി വരുത്തി, കരിക്കുലം
കമ്മിറ്റിയുടെ അംഗീകാരത്തോടെ
അച്ചടിക്ക് നൽകാൻ
എസ്.സി.ഇ.ആർ.ടി. നടപടി
സ്വീകരിക്കുന്നു.
സമയബന്ധിതമായി
പൂർത്തിയാക്കേണ്ട സന്ദർഭങ്ങളിൽ
കരിക്കുലം കമ്മറ്റിയുടെ
സാധൂകരണത്തിനു
വിധേയമാക്കണമെന്ന
നിബന്ധനയിൽ
എസ്.സി.ഇ.ആർ.ടി. ചെയർമാന്റെ
അംഗീകാരത്തോടെയും
പാഠപുസ്തകം അച്ചടിക്ക്
നൽകാറുണ്ട്.

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6815** **2/11/2011 -ൽ മറുപടിക്ക്**

## അദ്ധ്യാപകേതര ജോലിക്കായി നിയോഗിക്കൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.കെ. ബാലൻ | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സർക്കാർ എയ്ഡഡ് എൽ.പി/ യു.പി/ഹൈസ്കൂൾ അദ്ധ്യാപകരെ സെൻസസ്, വോട്ടർ പട്ടികയിൽ പേര് ചേർക്കൽ, ബി.പി.എൽ സർവ്വെ തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾക്ക് നിയോഗിക്കുന്നതിനാൽ സ്കൂളുകളിലെ അദ്ധ്യയന ദിവസങ്ങൾ നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) അദ്ധ്യാപകരെ നിർബന്ധപൂർവ്വം ഇത്തരം പ്രവർത്തികൾക്ക് നിയോഗിക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ? | (ബി) വിദ്യാഭ്യാസ അവകാശ നിയമം 2009 (Right to Education Act) പ്രകാരം പാർലമെന്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് നടക്കുന്ന തെരഞ്ഞെടുപ്പ്, ദുരന്ത നിവാരണ ഡ്യൂട്ടി, ജനസംഖ്യാ കണക്കെടുപ്പ് എന്നിവ ഒഴികെ മറ്റ് വിദ്യാഭ്യാസേതര കാര്യങ്ങൾക്ക് അദ്ധ്യാപകരെ നിയോഗിക്കാൻ പാടില്ല. ഈ നിയമം സംസ്ഥാനത്തും നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6816** **02/11/2011-ൽ മറുപടിക്ക്**

## മദ്രസവിദ്യാഭ്യാസ നവീകരണം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി :<br>'' വി. എം. ഉമ്മർ മാസ്റ്റർ:<br>'' എൻ. ഷംസുദ്ദീൻ:<br>'' കെ. മുഹമ്മദുണ്ണി ഹാജി : | | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | മദ്രസ വിദ്യാഭ്യാസ നവീകരണം ലക്ഷ്യമിട്ട് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ; | എ) | ഇപ്പോൾ നിലവിലുള്ള പദ്ധതി സംസ്ഥാനത്ത് പ്രവർത്തിക്കുന്നത് മദ്രസകളിലെ പഠനനിലവാരം ഉയർത്തിന്നതിനു വേണ്ടിയുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്കീം ഫോർ പ്രൊവൈഡിംഗ് ക്വാളിറ്റി എഡ്യൂക്കേഷൻ ഇൻ മദ്രസ (എസ്.പി.ക്യൂ.ഇ.എം) എന്ന പദ്ധതിയാണ്. മദ്രസകളിലെ പഠനനിലവാരം ഉയർത്തുന്നതിനു വേണ്ടി അദ്ധ്യാപകർക്കുള്ള ശമ്പളം, ഗ്രന്ഥശാല സജ്ജീകരിക്കുന്നതിനുള്ള ധനസഹായം, സയൻസ്-ഗണിതം കിറ്റുകൾ വാങ്ങുന്നതിനുള്ള ധനസഹായം, കമ്പ്യൂട്ടർ സയൻസ് ലാബുകൾ സജ്ജമാക്കുന്നതിനുള്ള ധനസഹായം എന്നിവയാണ് ഈ പദ്ധതിയിലൂടെ വിവിധ മദ്രസകൾക്ക് നൽകുന്നത്. |
| ബി) | പ്രസ്തുത പദ്ധതി എന്നാണ് ആരംഭിച്ചത്; എന്തൊക്കെ പ്രവർത്തനങ്ങൾ ഇതേവരെ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | ബി)യും<br>സി)യും | പദ്ധതി ആരംഭിച്ചത് 2010-11 വർഷം മുതലാണ്. 2010-11 വർഷത്തിൽ 547 മദ്രസകൾക്ക് 22,66,97,000/- രൂപ ഗ്രാന്റായി അംഗീകരിക്കുകയും, അതിൽ ഒന്നാം ഘട്ടമായി 14,90,09,000/- ഗ്രാന്റ് തുക ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ തുക മദ്രസകൾക്ക് വിതരണം ചെയ്തുകഴിഞ്ഞു.<br>മദ്രസകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കുള്ള ശമ്പളം നൽകുക, ഗ്രന്ഥശാല സജ്ജീകരിക്കുന്നതിനുള്ള ധനസഹായം, സയൻസ്-ഗണിതം കിറ്റുകൾ വാങ്ങുക, കമ്പ്യൂട്ടർ സയൻസ് ലാബുകൾ സജ്ജമാക്കുക എന്നീ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. |
| സി) | കഴിഞ്ഞ വർഷം (2010-11) പ്രസ്തുത പദ്ധതിക്ക് എന്തു തുക ചെലവഴിച്ചു; എന്തൊക്കെ പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്; | | |

(......2)

ഡി) നടപ്പുവർഷത്തേക്ക് എന്തൊക്കെ പരിപാടികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; അവ നടപ്പാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദവിവരം നല്കാമോ?

ഡി) 2011-12 വർഷത്തേക്കുള്ള അപേക്ഷകൾ ക്ഷണിച്ചു കഴിഞ്ഞു. അർഹതയുള്ളതും, അംഗീകാരം ഉള്ളതുമായ എല്ലാ മദ്രസകളെയും ഈ പദ്ധതിയിൻ കീഴിൽ കൊണ്ടു വരാനാണ് ഉദ്ദേശിക്കുന്നത്. ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുവാനും, മുഴുവൻ മദ്രസ്സകൾക്കും കേന്ദ്ര സർക്കാരിന്റെ ഗ്രാന്റ് തുക നേടിയെടുക്കുന്നതിനുമുള്ള പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6818 02.11.2011 ൽ മറുപടിക്ക്**

**<u>വിദ്യാഭ്യാസ ഉപജില്ലാ ഓഫീസുകളുടെ വിഭജനം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. പി. കെ. അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്ത് വിസ്തൃതിയിലും സ്കൂളുകളുടെ എണ്ണത്തിലും മുന്നിൽ നിൽക്കുന്ന വിദ്യാഭ്യാസ ഉപജില്ലാ ഓഫീസുകൾ വിഭജിച്ച് പുതിയ വിദ്യാഭ്യാസ ഉപജില്ലകൾ രൂപീകരിക്കണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | പ്രസ്തുത നിർദ്ദേശത്തിനുമേൽ അനുകൂല നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | ബി) | ഇത്തരം പ്രൊപ്പോസലുകൾ ലഭിക്കുമ്പോൾ അവ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

Sabitha

സെക്ഷൻ ഓഫീസർ.

## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6819 02.11.2011-ൽ മറുപടിക്ക്.

## നിയമനാംഗീകാരത്തിനായി സമർപ്പിച്ച അപേക്ഷകൾ

| ചോദ്യം | | മറുപടി |
|---|---|---|
| | **ശ്രീ. എം. ഉമ്മർ** | **ശ്രീ. പി.കെ. അബ്ദുറബ്ബ്**<br>**(വിദ്യാഭ്യാസ വകുപ്പു മന്ത്രി)** |
| **(എ)** | നിയമനാംഗീകാരത്തിനായി എയ്ഡഡ് സ്കൂളുകളിൽ നിന്നും മഞ്ചേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിച്ച അപേക്ഷകളിൽ എത്ര പേർക്ക് ഇനിയും അംഗീകാരം നൽകാനുണ്ട്; | വിവരം ശേഖരിച്ചു വരുന്നു. |
| **(ബി)** | ഇവരുടെ വിശദ വിവരങ്ങൾ വ്യക്തമാക്കുമോ ; അംഗീകാരം നൽകാത്തതിൻെറ കാരണങ്ങൾ വിശദമാക്കാമോ ? | |

സെക്ഷൻ ഓഫീസർ.

<u>പതിമൂന്നാം കേരള നിയമസഭ</u>
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6822** **02/11/2011-ൽ മറുപടിക്ക്**

**ആർ. എം. എസ്.എ. പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ അപ്ഗ്രേഡ് ചെയ്ത സ്കൂളുകൾ**

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ : | | | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | ആർ.എം.എസ്.എ. പദ്ധതിപ്രകാരം എത്ര വിദ്യാലയങ്ങൾ പാലക്കാട് ജില്ലയിൽ അപഗ്രേഡ് ചെയ്തിട്ടുണ്ട്; | എ) | 20 |
| ബി) | ഈ വിദ്യാലയങ്ങളിൽ അറബി, ഉറുദു, സംസ്കൃതം, ഇംഗ്ലീഷ് എന്നീ ഭാഷകൾ പഠിപ്പിക്കുവാൻ തസ്തിക നിർണയിച്ചിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) | ഇതിൽ നിയമനം നടത്തിയിട്ടുണ്ടോ? | സി) | ഇല്ല |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6823** 02/11/2011-ൽ മറുപടിക്ക്

### നാട്ടികയിൽ അപ്ഗ്രേഡ് ചെയ്ത സ്കൂളുകൾ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീമതി ഗീതാ ഗോപി : | | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | നാട്ടിക നിയോജക മണ്ഡലത്തിൽ രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്ത സ്കൂളുകൾ ഏതൊക്കെയാണ്; | എ) | നാട്ടിക നിയോജകമണ്ഡലത്തിൽ രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തിട്ടില്ല. |
| ബി) | ഈ വിദ്യാലയങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ നികത്തിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ബാധകമല്ല. |
| സി) | എങ്കിൽ പ്രസ്തുത തസ്തികകൾ നികത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6824** **02/11/2011-ൽ മറുപടിക്ക്**

**യു. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ : | | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | പൊന്നാനി താലൂക്കിൽ 2010-11, 2011-12 സാമ്പത്തിക വർഷത്തിൽ ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്യാൻ എത്ര ഗവൺമെന്റ് യു. പി. സ്കൂളുകൾ അപേക്ഷ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) | 6 ഗവൺമെന്റ് യു.പി. സ്കൂളുകൾ |
| ബി) | ഇതിൽ എത്ര സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്; പേരു സഹിതം വിശദമാക്കാമോ; | ബി) | ഈ സ്കൂളുകൾ ഒന്നും അപ്ഗ്രേഡ് ചെയ്യാൻ അനുമതി ലഭിച്ചിട്ടില്ല. |
| സി | ജി. എം. യു. പി. എസ്. വെളിയങ്കോട് ജി. എഫ്.യു. പി. എസ് കടവനാട് എന്നിവയുടെ അപേക്ഷകൾ അപ്ഗ്രേഡേഷൻ ലിസ്റ്റൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | സി) | കടവനാട് ജി.എഫ്.യു.പി. എസിന്റെ അപേക്ഷ അപ്ഗ്രേഡ് ചെയ്യാനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചെങ്കിലും അംഗീകാരം ലഭിച്ചില്ല. വെളിയങ്കോട് ജി.എം.യു.പി.എസിന്റെ അപേക്ഷ ലഭിച്ചിട്ടില്ല. |
| ഡി) | യാത്രാ സൗകര്യം കുറഞ്ഞ പ്രദേശങ്ങളിലുള്ള പ്രസ്തുത സ്കൂളുകൾ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ? | ഡി) | ഏറ്റവുമടുത്തുള്ള ഹൈസ്കൂളിൽ നിന്ന് അഞ്ച് കിലോമീറ്ററെങ്കിലും ദൂരപരിധി പാലിക്കുന്ന സ്കൂളുകൾക്കു മാത്രമേ കേന്ദ്ര സർക്കാരിൽ നിന്ന് അപ്ഗ്രേഡഷന് അനുമതി ലഭിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **02.11.2011 ൽ മറുപടിയ്ക്ക്**
**നിയമസഭാ ചോദ്യം നം. 6826**

**ഗവൺമെന്റ് മാപ്പിള യു.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. മോയിൻകുട്ടി | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | തിരുവമ്പാടി നിയോജക മണ്ഡലത്തിലെ പുതുപ്പാടി ഗ്രാമ പഞ്ചായത്തിലെ കൈതപ്പൊയിലിലെ ഗവൺമെന്റ് മാപ്പിള യു.പി.സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത സ്കൂളിൽ എത്ര കുട്ടികൾ പഠനം നടത്തി വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | 825 കുട്ടികൾ |
| (സി) | എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുള്ള പ്രസ്തുത സ്ക്കൂൾ ഹൈസ്കൂളാക്കി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | തല്ക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6828 — 02.11.2011 - ൽ മറുപടിക്ക്

### വേലാശ്വരം എ.യു.പി.എസ് സർക്കാർ ഏറ്റെടുത്ത നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) കാസർകോട് ജില്ലയിലെ ബേക്കൽ വിദ്യാഭ്യാസ സബ് ജില്ലയിലെ വേലാശ്വരം എ.യു.പി.എസ്. സർക്കാർ ഏറ്റെടുത്തത് എന്നാണ് എന്ന് അറിയിക്കാമോ; | (എ) കാസർഗോഡ് ജില്ലയിലെ ബേക്കൽ സബ്ജില്ലയിലെ വേലാശ്വരം എ.യു.പി.സ്കൂൾ 25.04.2008 തീയതിയിലാണ് സർക്കാർ ഉത്തരവ്(എം.എസ്)നം.86/2008/ പൊ.വി.വ. പ്രകാരം സർക്കാർ ഏറ്റെടുത്തത്. |
| (ബി) ഏറ്റെടുക്കലിന്റെ ഭാഗമായി സ്കൂളിലെ ജീവനക്കാരെ സർക്കാർ ജീവനക്കാരായി പരിഗണിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;<br>(സി) കാലതാമസം ഒഴിവാക്കി പ്രസ്തുത നടപടികൾ പൂർത്തിയാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (ബി) യും (സി) യും. കാസർകോട് ജില്ലയിലെ ബേക്കൽ വിദ്യാഭ്യാസ സബ് ജില്ലയിലെ വേലാശ്വരം എ.യു.പി. സ്കൂളിലെ ജീവനക്കാരെ സർക്കാർ സർവ്വീസിലേക്ക് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.

## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6829 — 02.11.2011 - ൽ മറുപടിക്ക്

### ഇരിയണ്ണി പി.എ.എൽ.പി.സ്കൂൾ സർക്കാർ ഏറ്റെടുത്ത നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ) | | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ ഇരിയണ്ണി പി.എ.എൽ.പി.സ്കൂൾ സർക്കാർ ഏറ്റെടുത്തതുമായി ബന്ധപ്പെട്ട ഉത്തരവ് നം.22/2011/പൊ.വി.വ. തീയതി.2.2.2011 പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പു ഡയറക്ടർ എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | നടപടി സ്വീകരിച്ചു വരുന്നു |
| (ബി) | മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ രേഖകളിലും സ്കൂളിലും സർക്കാർ സ്കൂൾ എന്നാക്കി മാറ്റം വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ ? | (ബി) | വിദ്യാഭ്യാസ വകുപ്പിന്റെ രേഖയിൽ സർക്കാർ സ്കൂൾ എന്നാക്കി മാറ്റിയിട്ടില്ല. ബന്ധപ്പെട്ട സ്കൂളിൽ നിന്നും അപേക്ഷ സമർപ്പിക്കുന്ന അവസരത്തിൽ സ്കൂളിന്റെ പേരിൽ മാറ്റം വരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6831** **2/11/2011 -ൽ മറുപടിക്ക്**

## ഷൊർണ്ണൂർ മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.എസ്. സലീഖ | | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | ഷൊർണ്ണൂർ മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിൽ ആവശ്യത്തിന് അദ്ധ്യാപകർ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഒഴിവുകളിൽ അദ്ധ്യാപകരെ അടിയന്തിരമായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഷൊർണ്ണൂർ മണ്ഡലത്തിലെ സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ കുറവുള്ളയിടങ്ങളിൽ ആയത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) | അടിസ്ഥാന സൗകര്യങ്ങൾ കുറവുള്ള സ്കൂളുകളിൽ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, എസ്.എസ്.എ എന്നിവ മുഖാന്തിരം പരിഹാര നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6839 02.11.2011-ൽ മറുപടിക്ക്.

**ആലപ്പുഴ മുഹമ്മദൻസ് ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ കെട്ടിടം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.സുധാകരൻ | ശ്രീ.പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

---

(എ) ആലപ്പുഴ മുഹമ്മദൻസ് ബോയ്സ് ഹയർ സെക്കന്ററി സ്കൂളിൽ ക്ളാസ് റൂം തകർന്നുവീണത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; കെട്ടിടം പുനർ നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(എ) ഉണ്ട്. സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണവും സംരക്ഷണവും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. ടി ആവശ്യത്തിനായി പൊതു വിദ്യാഭ്യാസ വകുപ്പിൽ ഫണ്ടോ പദ്ധതികളോ നിലവിലില്ല.

(ബി) ഈ സ്കൂളിൽ നഗരസഭയുടെ ഫിറ്റ്നസ് ലഭിക്കാത്ത കെട്ടിടങ്ങളിൽ അധ്യയനം നടക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(സി) സ്ഥലപരിമിതിമൂലം ബുദ്ധിമുട്ടുന്ന ഈ സ്കൂളിന് പുതിയ ബഹുനില കെട്ടിടം പണിയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(സി) സ്കൂൾ കെട്ടിട നിർമ്മാണം നടത്തുന്നത് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണ്. ഇക്കാര്യം തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. എം.എൽ.എ/എം.പി ഫണ്ട് ലഭിക്കാനുള്ള സാദ്ധ്യത ജില്ലാകലക്ടറുമായി ആലോചിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6843 — 02.11.2011 - ൽ മറുപടിക്ക്

### എച്ച്.എസ്.എ.(സോഷ്യൽ സ്റ്റഡീസ്) റാങ്ക് ലിസ്റ്റ് -പാലക്കാട്

**ചോദ്യം** — **ഉത്തരം**

ശ്രീ. പി.റ്റി.എ. റഹീം — ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി)

---

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിൽ ഹൈസ്കൂൾ അസിസ്റ്റന്റ് സോഷ്യൽ സ്റ്റഡീസ് (മലയാളം മീഡിയം) തസ്തികയുടെ പി.എസ്.സി.റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ വിവിധ വിഭാഗങ്ങളിൽനിന്ന് ഏതെല്ലാം റാങ്കു വരെ നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ജില്ലയിൽ പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ; | (സി) | 33 ഒഴിവുകൾ |
| (ഡി) | പ്രസ്തുത തസ്തികയിൽ ആകെയുള്ള ഒഴിവുകളിൽ എത്ര ശതമാനമാണ് പി.എസ്.സി. മുഖേന നികത്തുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) | 40% |
| (ഇ) | ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം വരുന്നതായ പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (എഫ്) | നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| | |
|---|---|
| ഒ.സി | 9-ാം റാങ്ക് |
| ഈഴവ | 8-ാം റാങ്ക് |
| എസ്.സി. | 65-ാം റാങ്ക് |
| എസ്.ടി. | ഇല്ല |
| മുസ്ലീം | 2-ാം റാങ്ക് |
| എൽ.സി. | 132-ാം റാങ്ക് |
| ഒ.ബി.സി. | 5-ാം റാങ്ക് |
| വിശ്വകർമ്മ | 90-ാം റാങ്ക് |
| എസ്.ഐ.യു.സി./എ.ഐ, ഒ.എക്സ്, ധീവര | ഇല്ല |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 6846 — 02/11/2011 - ൽ മറുപടിക്ക്

### ഹയർ സെക്കന്ററി പ്രിൻസിപ്പൽമാരെ ക്ലാസ് എടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു എം.പാലിശ്ശേരി : | ശ്രീ. പി.കെ.അബ്ദുറബ്ബ്. (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർ മാസത്തിൽ എത്ര മണിക്കൂർ ആണ് ക്ലാസ് എടുത്തുവരുന്നത്; | (എ) ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾമാർ മാസം 84 മുതൽ100 പിരീഡുകൾ, അതായത് ആഴ്ചയിൽ 16 മുതൽ 25 പിരീഡുകൾ വരെയാണ് ക്ലാസെടുക്കുന്നത്. |
| (ബി) സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ ക്ലാർക്ക്, പ്യൂൺ എന്നീ തസ്തികകൾ നിലവിലുണ്ടോ; | (ബി) ഇല്ല. |
| (സി) വർദ്ധിച്ച ഓഫീസ് ചുമതലയുള്ള ഹയർ സെക്കന്ററി പ്രിൻസിപ്പൽ മാരെ ക്ലാസ്സ് എടുക്കുന്ന ഉത്തരവാദിത്വത്തിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) & (ഡി) പരിശോധിക്കുന്നതാണ്. |
| (ഡി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ.

# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 6847 02/11/2011 - ൽ മറുപടിക്ക്

### ഹയർ സെക്കണ്ടറി സ്കൂളുകളിൽ മിനിസ്റ്റീരിയൽ സ്റ്റാഫ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.വി. രാജേഷ് : | | ശ്രീ. പി.കെ.അബ്ദുറബ്ബ്. (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | ഹയർ സെക്കന്ററി സ്കൂളുകളിൽ മിനിസ്റ്റീരിയൽ സ്റ്റാഫിനെ നിയമിക്കാത്തതുമൂലം പ്രിൻസിപ്പലിനും അദ്ധ്യാപകർക്കും അധിക ജോലി ചെയ്യേണ്ടി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഹയർ സെക്കന്ററി സ്കൂളുകളിൽ മിനിസ്റ്റീരിയൽ സ്റ്റാഫിനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 6850 — 02/11/2011 - ൽ മറുപടിക്ക്

**ശ്രീമതി. ദീനാമ്മ എ. ചെറിയിക്കൽ നൽകിയ അപേക്ഷ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ : | ശ്രീ. പി.കെ.അബ്ദുറബ്ബ്. (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ശ്രീമതി. ദീനാമ്മ എ. ചെറിയിക്കൽ ആലപ്പുഴ പുന്നപ്രയിലുള്ള അറവുകാട് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ എന്നു മുതലാണ് പ്രിൻസിപ്പലായി സേവനം അനുഷ്ഠിച്ചിട്ടുള്ളത്; | |
| (ബി) ശ്രീമതി. ദീനാമ്മ എ. ചെറിയിക്കൽ പ്രസ്തുത സ്കൂളിൽ പ്രിൻസിപ്പലായി ചാർജ്ജ് എടുക്കുന്നത് മുൻപായി അവിടെ അനധികൃത ബാച്ചുകളിൽ വിദ്യാർത്ഥികൾ പഠിച്ചിരുന്നോ; | (എ), (ബി), (സി), (ഡി), (എഫ്), & (ജി) വിവരം ശേഖരിച്ചു വരുന്നു. |
| (സി) എങ്കിൽ ഇത്തരം ബാച്ചിലെ കുട്ടികൾ എന്നാണ് അവിടെ അഡ്മിഷൻ എടുത്തിട്ടുള്ളത്; ഏതെല്ലാം ബാച്ചിലെ കുട്ടികളാണ് ഇങ്ങനെ അഡ്മിഷൻ നേടിയിട്ടുള്ളത് എന്നറിയിക്കാമോ; | |
| (ഡി) ഈ ബാച്ചിലെ കുട്ടികൾ അഡ്മിഷൻ നേടിയ സമയത്ത് സ്കൂളിലെ അഡ്മിഷന്റെ ചാർജ്ജുള്ള അധികാരികൾ ആരായിരുന്നു; | |
| (ഇ) ഇങ്ങനെ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് സർക്കാരിൽ നിന്നും ലഭിക്കേണ്ട വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ എന്നുമുതൽ അഡ്മിഷൻ നേടിയ കുട്ടികൾക്കാണ് ഈ | |

(...2)

ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുള്ളത്; വിശദാംശം നല്കാമോ;

(എഫ്) ശ്രീമതി. ദീനാമ്മ എ. ചെറിയിക്കൽ പ്രിൻസിപ്പലായി ചാർജ്ജ് എടുക്കുന്നതിന് മുൻപ് അഡ്മിഷനായ അനധികൃത ബാച്ചിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിതരണം ചെയ്തതിന്റെ പേരിൽ ടിയാളിൽ നിന്നും ഈ തുക ഈടാക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ജി) ഇതു സംബന്ധിച്ച് ശ്രീമതി. ദീനാമ്മ എ. ചെറിയിക്കൽ സർക്കാരിന് സമർപ്പിച്ച അപേക്ഷയിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ?

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6853 02-11-2011ൽ മറുപടിക്ക്

## കേരള ശാസ്ത്രസാങ്കേതിക മ്യൂസിയത്തിന്റെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബെന്നി ബെഹനാൻ<br>" പി.സി. വിഷ്ണുനാഥ്<br>" വി.റ്റി.ബൽറാം | പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പുമന്ത്രി) |
| എ) തിരുവനന്തപുരത്തെ കേരള ശാസ്ത്രസാങ്കേതിക മ്യൂസിയത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾക്കാണ് ലക്ഷ്യമിട്ടിട്ടുള്ളത്; | എ) കേരള ശാസ്ത്രസാങ്കേതിക മ്യൂസിയത്തിൽ താഴെപ്പറയുന്ന വികസന പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിട്ടുള്ളത്;<br>1) ചാലക്കുടി പി.എം.ജി.കോളേജ് കാമ്പസിൽ നിർമ്മിക്കാനിരിയ്ക്കുന്ന സയൻസ് സെന്ററിന് നിർദ്ദിഷ്ട ഭൂമി കൈമാറിക്കിട്ടുന്ന മുറയ്ക്ക് 123 ലക്ഷം രൂപ ചെലവഴിച്ച് പ്രധാന കെട്ടിടത്തിന്റെയും ചുറ്റുമതിലിന്റേയും അനുബന്ധറോഡുകളുടെയും നിർമ്മാണം ആരംഭിക്കാനുദ്ദേശിക്കുന്നു.<br>2) മ്യൂസിയത്തിൽ നിലവിലുള്ള ഇലക്ട്രോണിക്സ് ഗ്യാലറി നവീകരണത്തിന്റെ ഭാഗമായി വിനോദാധിഷ്ടിത വിദ്യാഭ്യാസത്തിലൂടെ നൂതന സാങ്കേതിക തത്വങ്ങളും, സാങ്കേതിക ഉപകരണങ്ങളും വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്താൻ ഒരു റോബോട്ടിക്സ് കോർണറിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |

| | |
|---|---|
| | 3) 400 ലക്ഷം രൂപ ചെലവഴിച്ച് നിലവിലുള്ള പ്ളാനറ്റേറിയം കെട്ടിടം നവീകരിയ്ക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br>4) മ്യൂസിയത്തിലെ ഹാളുകളിലുള്ള എയർകണ്ടീഷനറുകൾ ഏറെ പഴക്കം ചെന്ന് കേടായതിനാൽ അവ മാറ്റി സ്ഥാപിക്കാനുദ്ദേശിക്കുന്നു.<br>5) നിലവിലുള്ള സബ്സ്റ്റേഷന്റെ നവീകരണം.<br>6) നിലവിലുള്ള സയൻസ് പാർക്കിന്റെ നവീകരണം<br>7) എക്സ്പ്ളോററ്റേറിയം ലൈബ്രറി വികസിപ്പിക്കുന്നതിനായി ശാസ്ത്ര സാങ്കേതിക വിഷയാധിഷ്ടിതമായ കൂടുതൽ ബുക്കുകളും മാഗസിനുകളും വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| ബി)മ്യൂസിയത്തിലെ വാനനിരീക്ഷണശാലയിൽ അത്യാധുനിക ടെലിസ്ക്കോപ്പുകൾ സ്ഥാപിച്ച് സ്ഥാപനത്തെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്ന കാര്യം പരിഗണിക്കുമോ; | ബി) മ്യൂസിയ്ത്തിലെ വാനനിരീക്ഷണ ശാലയിൽ പുതുതായി 14 ഇഞ്ച് ഉള്ള അത്യാധുനിക സംവിധാനങ്ങളോടു കൂടിയ ( 14 Inch computer Controlled, GPS incorporate) ഒരു പുതിയ ടെലസ്കോപ്പ് പൊതുജനങ്ങൾക്ക് വാനനിരീക്ഷണ ത്തിനായി സജ്ജമായിട്ടുണ്ട്. ഇന്ത്യയിൽ ആദ്യമായാണ് ഒരു സയൻസ് സെന്ററിൽ ഇത്രയും ശേഷിയുള്ള ടെലസ്കോപ്പ് പൊതുജനങ്ങൾക്ക് വാനനിരീക്ഷണം നടത്തുന്നതിനായി സ്ഥാപിച്ചിട്ടുള്ളത് ഇത് കൂടുതൽ പ്രയോജനപ്രദമാക്കുന്നതിനായി ഒരു Automated Dome നിർമ്മിച്ചു വരുകയാണ്. ഇത് പൂർത്തിയാകുമ്പോൾ |

| | |
|---|---|
| | ലോകോത്തര നിലവാരമുള്ള ഒരു വാന നിരീക്ഷണ കേന്ദ്രമായി മാറുമെന്നുറപ്പാണ്. |
| സി) മ്യൂസിയത്തിന്റെ ആഭിമുഖ്യത്തിൽ സയൻസ് സെന്ററുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ? | സി) കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റേതായി ചാലക്കുടിയിലും പയ്യന്നൂരിലും ഓരോ സയൻസ് സെന്ററുകൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 6855

02.11.2011- ൽ
മറുപടിയ്ക്ക്

### അന്തർ ജില്ലാ സ്ഥലം മാറ്റം നേടിയവരുടെ സീനിയോറിറ്റി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജെയിംസ് മാത്യു | | ശ്രീ. പി.കെ.അബ്ദുറബ്ബ് (ബഹു. വിദ്യാഭ്യാസവകുപ്പ്മന്ത്രി) |
| (എ) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ അന്തർജില്ല സ്ഥലം മാറ്റം കരസ്ഥമാക്കിയവരിൽ ചിലർ നിയമവിരുദ്ധമായി സീനിയോറിറ്റി സംരക്ഷിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ നിന്നും അനുകൂലമായി വന്ന വിധിക്കെതിരെ സർക്കാർ അപ്പീൽ പോകണമെന്ന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ശുപാർശ ചെയ്തിരുന്നോ ; | (ബി) ശുപാർശ ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത ശുപാർശയുടെ അടിസ്ഥാനത്തിൽ ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുവാൻ എന്നാണ് ഉത്തരവിട്ടത് ; അപ്പീൽ ഫയൽ ചെയ്തിരിന്നോയെന്ന് വ്യക്തമാ ക്കാമോ ; | (സി) 28.07.2011നാണ് ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യാൻ ബഹു. വിദ്യാഭ്യാസ മന്ത്രി ഉത്തരവിട്ടത്. അപ്പീൽ ഫയൽ ചെയ്യുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതിനു അഡ്വക്കേറ്റ് ജനറലിനു നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | അപ്പീൽ ഫയൽ ചെയ്തിട്ടില്ലെങ്കിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമാണ് ; അവർക്കെതിരെ നടപടി സ്വീകരിക്കുമോ ; | (ഡി) ബാധകമല്ല. |
| (ഇ) | പ്രസ്തുത വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6856 02-11-2011 ൽ മറുപടിക്ക്

## സ്വാശ്രയമേഖലയിലെ ഫീസ് നിരക്ക്

| ചോദ്യം<br>ശ്രീ.വി.ശശി : | ഉത്തരം<br>പി.കെ.അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസവകുപ്പുമന്ത്രി) |
|---|---|
| എ) സ്വാശ്രയമേഖലയിലെ വിവിധ കോഴ്സുകൾക്ക് ഈ അദ്ധ്യായനവർഷം നിശ്ചയിച്ചിട്ടുള്ള ഫീസ് നിരക്ക് എത്രയാണെന്ന് വ്യക്തമാക്കാമോ;<br><br>ബി) ഓരോ കോഴ്സിനും പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നിശ്ചയിച്ചിട്ടുള്ള ഫീസ് നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ? | എ & ബി വിവരം ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

# 13-ാം കേരള നിയമസഭ

## 2-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6857 02-11-2011 -ൽ മറുപടിക്ക്

സ്വാശ്രയ-എയ്ഡഡ് പ്രൊഫഷണൽ കോളേജുകളിൽ നിന്നും സർക്കാർ സ്ഥാപനങ്ങളിലേക്ക് തുടർപഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. മോയിൻകുട്ടി<br>,, അബ്ദുറഹിമാൻ രണ്ടത്താണി<br>,, പി. ഉബൈദുള്ള<br>, എം. ഉമ്മർ | ശ്രീ. പി.കെ . അബ്ദുറബ്ബ്<br>ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| (എ) സ്വാശ്രയ/എയ്ഡഡ് പ്രൊഫഷണൽ കോളേജുകളിൽ മെരിറ്റ് ക്വാട്ടയിലല്ലാതെ അഡ്മിഷൻ ലഭിച്ച കുട്ടികൾക്ക് സർക്കാർ സ്ഥാപനങ്ങളിലേക്ക് 2-ാം വർഷം മുതലുള്ള തുടർപഠനത്തിന് ട്രാൻസ്ഫർ നൽകാൻ വ്യവസ്ഥയുണ്ടോ; | (എ) (ബി) & (സി) വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ബി) കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടയിൽ സർക്കാർ പ്രൊഫഷണൽ സ്ഥാപനങ്ങളിലേക്ക് അത്തരത്തിൽ ട്രാൻസ്ഫർ നല്കിയ കേസ്സുകളെ സംബന്ധിച്ച വിശദവിവരം നല്കുമോ; | |
| (സി) പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ അഞ്ചു വർഷക്കാലം നടന്ന ഇത്തരത്തിലുള്ള നിയമവിരുദ്ധ നടപടികളെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തുമോ? | |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം 6858

02.11..2011 -ൽ
മറുപടിയ്ക്ക്.

പാലക്കാട് ജൂനിയർ ടെക്നിക്കൽ സ്കൂൾ

*ചോദ്യം*
ശ്രീ. കെ.വി.വിജയദാസ്

*ഉത്തരം*
ശ്രീ. പി.കെ.അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

പാലക്കാട് ജില്ലയിലെ പത്തിരിപ്പാല ഹയർ സെക്കണ്ടറി സ്കൂളിന്റെ പത്ത് ഏക്കറോളമുള്ള സ്ഥലത്തോടനുബന്ധിച്ച് ഒരു ജൂനിയർ ടെക്നിക്കൽ സ്കൂൾ ആരംഭിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

ഇതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 6859

02.11..2011 -ൽ
മറുപടിയ്ക്ക്

ഐ.എച്ച്.ആർ. ഡിയുടെ കീഴിലുള്ള കോളേജുകളുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. എ.റ്റി.ജോർജ്<br>ശ്രീ. പി.എ.മാധവൻ | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഐ.എച്ച്.ആർ.ഡി. യുടെ കീഴിലുള്ള കോളേജുകളുടെ വികസനത്തിന് എന്തെല്ലാം നടപടികൾ കൈക്കൊള്ളാനുദ്ദേശിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ;<br><br>(ബി) ഈ കോളേജുകളുടെ അക്കാഡമിക് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ ശ്രമിക്കുമോ; | (എ) & (ബി) സ്വന്തമായി കെട്ടിടം ഇല്ലാത്തതും എന്നാൽ സ്ഥലം കൈവശമുള്ളതുമായ കോളേജുകൾക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കോളേജുകളുടെ പ്രധാന കെട്ടിടം, അക്കാദമിക് ബ്ലോക്ക്, ലൈബ്രറി ബ്ലോക്ക്, ലാബുകൾ നടത്താൻ ആവശ്യമുള്ള കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) ഈ കോളേജുകളിൽ സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) കെട്ടിടത്തിന്റെ സൗകര്യവും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്ന കാര്യം ആലോചിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 6860

02.11..2011 -ൽ
മറുപടിയ്ക്ക്.

## ഐ.എച്ച്.ആർ.ഡി. ജീവനക്കാരുടെ ഇന്റേണൽ പ്രൊമോഷൻ

*ചോദ്യം*
ശ്രീ. പി.സി.വിഷ്ണുനാഥ്

*ഉത്തരം*
ശ്രീ. പി.കെ.അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) ഐ.എച്ച്.ആർ.ഡി. യിൽ ലാബ് / ലൈബ്രറി അസിസ്റ്റന്റ് വിഭാഗത്തിലുള്ള ജീവനക്കാർക്ക് ഓഫീസ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് 20 ശതമാനം ഇന്റേണൽ പ്രൊമോഷൻ നൽകണമെന്ന 25.6.2010 – ലെ കേരള ഹൈക്കോടതിയുടെ ഉത്തരവ് പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ബി) ഈ ഉത്തരവിന് വിരുദ്ധമായി മുൻസർക്കാരിന്റെ കാലത്ത് അപേക്ഷ ക്ഷണിച്ചിരുന്നോ; എങ്കിൽ നോട്ടിഫിക്കേഷന്റെ/ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇന്റേണൽ പ്രൊമോഷൻ നൽകുന്നതുമൂലം ഡിപ്പാർട്ട്മെന്റിൽ എത്ര പേർക്ക് പ്രയോജനം ലഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇന്റേണൽ പ്രൊമോഷൻ നൽകുന്നതിലേയ്ക്ക് സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി 16..8..2010 – ൽ സർക്കുലർ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ആയതിൽ എന്തു നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

(എ) (ബി) (സി) & (ഡി)

W.P.(C) No. 19050/10 നമ്പരായുള്ള കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ 26-10-2009 -ലെ ഇഎ1/13518/09/എച്ച്.ആർ.ഡി. നമ്പരായുള്ള സർക്കുലർ (Ext.P5) പ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഇന്റേണൽ പ്രൊമോഷൻ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി പൂർത്തിയാക്കണമെന്ന് ഉത്തരവായിരുന്നു. തുടർ നടപടി സ്വീകരിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, ഐ.എച്ച്.ആർ.ഡി. ഡയറക്ടർ എന്നിവരടങ്ങുന്ന ഒരു സബ് കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം ഇന്റേണൽ പ്രൊമോഷൻ നടത്തുന്നതിന് വ്യവസ്ഥയില്ലായെന്നും ഇക്കാര്യത്തിൽ ഐ.എച്ച്.ആർ.ഡി. എക്സിക്യൂട്ടീവ് കമ്മിറ്റി/ഗവേണിംഗ് ബോഡിയുടെ തീരുമാനത്തിന് വിധേയമായി ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 6861

02.11..2011 -ൽ
മറുപടിയ്ക്ക്

## ഐ.എച്ച്.ആർ. ഡിയിൽ ലൈബ്രേറിയൻ ഗ്രേഡ്-4 തസ്തികയിലെ നിയമനം

| ചോദ്യം<br>ശ്രീ. ജി.എസ്.ജയലാൽ | | ഉത്തരം<br>ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഐ.എച്ച്.ആർ.ഡി. യിൽ ലൈബ്രേറിയൻ ഗ്രേഡ് - 4 ലേക്ക് നിയമനം നടത്തുവാൻ അവസാനമായി ടെസ്റ്റ് നടത്തിയത് എന്നാണെന്നും പ്രസ്തുത ടെസ്റ്റ് പ്രകാരം തയ്യാറാക്കിയ ലിസ്റ്റിന്റെ കാലാവധി എന്നുവരെയുണ്ടെന്നും അറിയിക്കുമോ; | (എ) | ഐ.എച്ച്.ആർ.ഡി. യിൽ ലൈബ്രേറിയൻ ഗ്രേഡ് - 4 ലേക്ക് നിയമനം നടത്തുവാൻ അവസാനമായി ടെസ്റ്റ് നടത്തിയത് 25.01.2009-നാണ് പ്രസ്തുത ടെസ്റ്റ് പ്രകാരം തയ്യാറാക്കിയ ലിസ്റ്റിന്റെ കാലാവധി 09.07.2012 വരെയുണ്ട്. |
| (ബി) | ലിസ്റ്റ് നിലവിൽ വരുമ്പോൾ ആകെ എത്ര ഒഴിവുകൾ ഉണ്ടായിരുന്നുവെന്നും അതനുസരിച്ച് എത്ര പേർക്ക് നിയമന ഉത്തരവ് നൽകിയെന്നും വ്യക്തമാക്കുമോ; | (ബി) | ലിസ്റ്റ് നിലവിൽ വരുമ്പോൾ ആകെ 25 ഒഴിവുകൾ ഉണ്ടായിരുന്നു. അതനുസരിച്ച് 25 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. |
| (സി) | നിയമന ഉത്തരവ് നൽകിയതിൽ നാളിതുവരെ പൊതുവിഭാഗത്തിൽ എത്രപേർ ജോലിയിൽ പ്രവേശിച്ചു; സംവരണ വിഭാഗത്തിൽ എത്ര പേർക്കാണ് നിയമനം നൽകിയതെന്നും അതിൽ എത്ര പേർ ജോലിയിൽ പ്രവേശിച്ചുവെന്നും വെളിപ്പെടുത്തുമോ; | (സി) | പൊതുവിഭാഗത്തിൽ 18പേർക്കും സംവരണ വിഭാഗത്തിൽ 16 പേർ ക്കും നിയമനം നൽകി. അതിൽ പൊതുവിഭാഗത്തിൽ 14 പേരും സംവരണ വിഭാഗത്തിൽ 9 പേരും ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. |
| (ഡി) | അഡ്വൈസ് മെമ്മോ കൈപ്പറ്റിയിട്ടും ജോലിയിൽ പ്രവേശിക്കാതിരുന്നാൽ നിലവിലുള്ള ലിസ്റ്റിൽ നിന്നും പകരം ആളെ നിയമിക്കുവാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ഡി) | വ്യവസ്ഥയുണ്ട്. ആദ്യഘട്ടത്തിൽ നിയമന ഉത്തരവ് അയച്ചതിൽ 9 പേർ ജോലിയിൽ പ്രവേശിച്ചില്ല. ഈ 9 NJD ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു. |
| (ഇ) | പൊതുവിഭാഗത്തിലോ, സംവരണ വിഭാഗത്തിലോ ഇനിയും ആരെങ്കിലും ജോലിയിൽ പ്രവേശിക്കാനുണ്ടോ; ഏതെല്ലാം വിഭാഗത്തിൽ എത്ര പേർ ഉണ്ടെന്നും, അവർ ആരെല്ലാമാണെന്നും അറിയിക്കുമോ; | (ഇ) | എൽ.സി. വിഭാഗത്തിൽ ഒന്നും എസ്.സി. വിഭാഗത്തിൽ ഒന്നും ഉൾപ്പെടെ 2 സംവരണ NJD ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (എഫ്) | അഡ്വൈസ് മെമ്മോ ലഭിച്ച ഉദ്യോഗാർത്ഥികൾ എല്ലാവരും ജോലിയിൽ പ്രവേശിച്ചിട്ടില്ലായെങ്കിൽ നിലവിലുള്ള ലിസ്റ്റിൽ നിന്നും എൻ.ജെ.ഡി. നിയമനം നടത്തുവാൻ നിർദ്ദേശം നൽകുവാൻ സന്നദ്ധമാകുമോ ? | (എഫ്) | NJD -യിൻമേൽ നിയമനം നടത്തുവാനുള്ള അടിയന്തിര നടപടി സ്വീകരിക്കുമെന്ന് ഐ.എച്ച്.ആർ.ഡി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 6863

02.11.2011- ൽ മറുപടിയ്ക്ക്

### എഞ്ചിനീയറിംഗ് പ്രവേശനം - നോർമലൈസേഷൻ രീതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ് | | ശ്രീ. പി.കെ.അബ്ദുറബ്ബ് (ബഹു. വിദ്യാഭ്യാസവകുപ്പ്മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എഞ്ചിനീയറിംഗ് പ്രവേശനത്തിന് നിലവിൽ അവലംബിക്കുന്ന മാർക്ക് നോർമ ലൈസേഷൻ രീതി തയ്യാറാക്കിയ വിദഗ്ദസമിതിയിലെ അംഗങ്ങളുടെ പേരും യോഗ്യതയും വ്യക്തമാ ക്കുമോ ; | (എ) | 1. ഡോ.എസ്. രാജുകൃഷ്ണൻ, പ്രിൻസിപ്പാൾ,കുഞ്ഞു കൃഷ്ണൻ നാടാർ സ്മാരക സർക്കാർ കോളേജ് കാഞ്ഞിരംകുളം.<br>2. ഡോ. പി. യാഗിൻതോമസ്, പ്രൊഫസ്സർ ആന്റ് വകുപ്പ് അദ്ധ്യക്ഷൻ ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റാറ്റിസ്റ്റിക്സ് യൂണിവേഴ്സിറ്റി ഓഫ് കേരള കാര്യവട്ടം, തിരുവനന്തപുരം.<br>3. ശ്രീ. എം. സോമൻശേഖരൻ പിള്ള, സീനിയർ ഗ്രേഡ് ലക്ചറർ, ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റാറ്റിസ്റ്റിക്സ് യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം.<br>4. ഡോ. പി. ശങ്കരശർമ്മ, അഡീഷണൽ പ്രൊഫസർ, അച്ചുതമേനോൻ, സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസ് എസ്സ്. സി.റ്റി. ഇൻസ്റ്റിസ്റ്റൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം. |
| (ബി) | ഇപ്പോൾ അവലംബിച്ചിരിക്കുന്ന നോർമലൈസേഷൻ രീതിയിൽ അപാകതയില്ലായെന്ന് ഉറപ്പ് വരുത്തുവാൻ ദേശീയ നിലവാര ത്തിലുള്ള ഒരു വിദഗ്ദസമിതിയെ കൊണ്ട് പരിശോധിപ്പിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ? | (ബി) | ഒരു എക്സ്പോർട്ട് കമ്മിറ്റിയെ നിയമിക്കുന്ന കാര്യം സർക്കാ രിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 6863

02.11.2011- ൽ
മറുപടിയ്ക്ക്

## എഞ്ചിനീയറിംഗ് പ്രവേശനം - നോർമലൈസേഷൻ രീതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ് | | ശ്രീ. പി.കെ.അബ്ദുറബ്ബ് (ബഹു. വിദ്യാഭ്യാസവകുപ്പ്മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എഞ്ചിനീയറിംഗ് പ്രവേശനത്തിന് നിലവിൽ അവലംബിക്കുന്ന മാർക്ക് നോർമ ലൈസേഷൻ രീതി തയ്യാറാക്കിയ വിദഗ്ദസമിതിയിലെ അംഗങ്ങളുടെ പേരും യോഗ്യതയും വ്യക്തമാ ക്കുമോ ; | (എ) | 1. ഡോ.എസ്. രാജുകൃഷ്ണൻ, പ്രിൻസിപ്പാൾ,കുഞ്ഞു കൃഷ്ണൻ നാടാർ സ്മാരക സർക്കാർ കോളേജ് കാഞ്ഞിരംകുളം.<br>2. ഡോ. പി. യാഗിൻതോമസ്, പ്രൊഫസ്സർ ആന്റ് വകുപ്പ് അദ്ധ്യക്ഷൻ ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റാറ്റിസ്റ്റിക്സ് യൂണിവേഴ്സിറ്റി ഓഫ് കേരള കാര്യവട്ടം, തിരുവന്തപുരം.<br>3. ശ്രീ. എം. സോമൻശേഖരൻ പിള്ള, സീനിയർ ഗ്രേഡ് ലക്ചറർ, ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റാറ്റിസ്റ്റിക്സ് യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം.<br>4. ഡോ. പി. ശങ്കരശർമ്മ, അഡീഷണൽ പ്രൊഫസർ, അച്ചുതമേനോൻ, സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസ് എസ്സ്. സി.റ്റി. ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം. |
| (ബി) | ഇപ്പോൾ അവലംബിച്ചിരിക്കുന്ന നോർമലൈസേഷൻ രീതിയിൽ അപാകതയില്ലായെന്ന് ഉറപ്പ് വരുത്തുവാൻ ദേശീയ നിലവാര ത്തിലുള്ള ഒരു വിദഗ്ദസമിതിയെ കൊണ്ട് പരിശോധിപ്പിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ? | (ബി) | ഒരു എക്സ്പോർട്ട് കമ്മിറ്റിയെ നിയമിക്കുന്ന കാര്യം സർക്കാ രിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 6864

02.11.2011- ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. പി.കെ.അബ്ദുറബ്ബ് (ബഹു. വിദ്യാഭ്യാസവകുപ്പ്മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ്, സ്വാശ്രയ മേഖലകളിലായി മൊത്തം എത്ര എഞ്ചിനീയറിംഗ് കോളേജുകൾ ഇപ്പോൾ പ്രവർത്തിച്ചു വരുന്നുണ്ട് ; | (എ) | സർക്കാർ/എയ്ഡഡ് കോളേജുകൾ, സർക്കാരുമായി കരാറിൽ ഏർപ്പെട്ട സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ അടക്കം 130 എണ്ണമാണ്. |
| (ബി) | ഓരോ വിഭാഗത്തിലും എത്ര കോളേജുകൾ വീതം ഉണ്ടെന്ന് വ്യക്തമാക്കാമോ ; | (ബി) | വിഭാഗം തിരിച്ച കണക്ക്<br>1) സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ : **9 എണ്ണം**<br>2) സർക്കാർ എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ : **3 എണ്ണം**<br>3) സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ : **23 എണ്ണം**<br>4) സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ കോളേജുകൾ : **93 എണ്ണം**<br>5) കാർഷിക സർവ്വകലാശാലയുടെ കീഴിൽ : **1 എണ്ണം**<br>6) വെറ്ററിനറി സർവ്വകലാശാലയുടെ കീഴിൽ : **1 എണ്ണം**<br>പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നൽകിയത്<br>**മൊത്തം : 130 എണ്ണം** |
| (സി) | ഇപ്പോൾ പുതുതായി ഏതാനും എഞ്ചിനീയറിംഗ് കോളേജുകൾക്ക് അംഗീകാരം നൽകുക ഉണ്ടായോ ; എങ്കിൽ എത്ര കോളേജുകൾ ; ഇവ ഏതു വിഭാഗത്തിൽ ഉൾപ്പെടുമെന്ന് വ്യക്തമാക്കുമോ ; | (സി) | 2011-ൽ 19 കോളേജുകൾ പുതിയതായി തുടങ്ങിയിട്ടുണ്ട്. ഇതിൽ 15 സ്വകാര്യ സ്വാശ്രയ മേഖലയിലും ഒരെണ്ണം സർക്കാർ നിയന്ത്രിത സ്വാശ്രയ മേഖലയിലും 3 സ്വകാര്യ സ്വാശ്രയ ആർക്കിടെക്ചർ മേഖലയിലും പ്രവർത്തിക്കുന്നു. |

.... മറുപുറം

| | | | |
|---|---|---|---|
| (ഡി) | സ്വാശ്രയമേഖലയിലെ എഞ്ചിനീയ റിംഗ് കോളേജുകളിൽ സംസ്ഥാ നത്ത് മൊത്തം എത്ര സീറ്റുകളാണ് ഉള്ളത് ; | (ഡി) | സർക്കാർ നിയന്ത്രിത എഞ്ചിനീയ റിംഗ് കോളേജ് - **6792**<br>സ്വകാര്യ സ്വാശ്രയ എഞ്ചിനീയ റിംഗ് കോളേജ് - **29680**<br>മൊത്തം - **36472** |
| (ഇ) | ഇവയിൽ പ്രവേശനം പൂർണ്ണമായും പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ എത്ര സീറ്റുകൾ ഇപ്പോൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഇ) | പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശനം 04.10.2011ൽ പൂർത്തിയായതിനു ശേഷം സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളിൽ 3977 സർക്കാർ സീറ്റുകളും സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിൽ 518 മാനേജ്മെന്റ് സീറ്റുകളും ഒഴിഞ്ഞു കിടക്കുന്നു. |

**സെക്ഷൻ ഓഫീസർ**

# 13-ാം കേരള നിയമസഭ

## 2-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6866 02-11-2011 -ൽ മറുപടിക്ക്

### ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ. പി.കെ . അബ്ദുറബ്ബ്<br>ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| (എ) സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് മേഖലയിലുള്ള ഏതൊക്കെ സ്ഥാപനങ്ങളിലാണ് ഹോട്ടൽ മാനേജ്മെന്റ്, ടൂറിസം എന്നീ വിഷയങ്ങളിൽ ഡിഗ്രി കോഴ്സുകൾ നിലവിലുള്ളത്; | (എ) (ബി) (സി) (ഡി) & (ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ബി) ''ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി'', കോവളം എന്ന സ്ഥാപനം ഹോട്ടൽ മാനേജ്മെന്റിൽ ബിരുദ കോഴ്സ് നടത്തിവരുന്നതായി അറിയാമോ ; ഈ സ്ഥാപനം സർക്കാർ നിയന്ത്രണത്തിലുള്ളതോ സർക്കാർ അംഗീകാരമുള്ളതോ ആണോ ; പ്രസ്തുത ബിരുദ കോഴ്സിലേക്കുള്ള പ്രവേശനത്തിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; | |
| (സി) 'ഇഗ്നോ' യുടെ ബിരുദ സർട്ടിഫിക്കറ്റാണോ പ്രസ്തുത സ്ഥാപനത്തിൽ പഠനം പൂർത്തിയാക്കുന്ന കുട്ടികൾക്ക് നൽകുന്നത് ; | |

(ഡി) എങ്കിൽ ഈ ബിരുദം കേരള സർവ്വകലാശാലയും കേരള സർക്കാരും അംഗീകരിച്ചിട്ടു ണ്ടോ ;

(ഇ) ഇവിടെ നിന്നും ബിരുദം നേടുന്ന കുട്ടികൾക്ക് കേരള സർവ്വകലാശാല നടത്തുന്ന ഏതെല്ലാം ബിരുദാനന്തര കോഴ്സുകൾക്ക് പ്രവേശന ത്തിന് അർഹത ഉണ്ടെന്ന് വ്യക്ത മാക്കുമോ ?

സെക്ഷൻ ഓഫീസർ

## 13-ാം കേരള നിയമസഭ

## 2-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6867 02-11-2011 -ൽ മറുപടിക്ക്

മെഡിക്കൽ -പാരാമെഡിക്കൽ കോഴ്സുകളും പരീക്ഷകളും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ഇ. പി. ജയരാജൻ | | ശ്രീ. പി.കെ . അബ്ദുറബ്ബ്<br>ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ അഫിലിയേറ്റു ചെയ്തു നടത്തിവരുന്ന മെഡിക്കൽ-പാരാമെഡിക്കൽ കോഴ്സുകളും പരീക്ഷകളും പൂർണ്ണമായും കേരളാ യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസിന്റെ കീഴിലാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ബി) | അടുത്ത അദ്ധ്യയന വർഷം മുതൽ മെഡിക്കൽ - പാരാമെഡിക്കൽ കോഴ്സുകളുടെ പ്രവേശന നടപടികൾ പൂർണ്ണമായും കെ.യു.എച്ച്.എ. എസ് മുഖേന നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ

13-ാം കേരള നിയമസഭ

2-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6869 02-11-2011 -ൽ മറുപടിക്ക്

കേരളാ സർവ്വകലാശാല – മേഴ്സിചാൻസ് പരീക്ഷകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.മമ്മൂട്ടി | ശ്രീ. പി.കെ . അബ്ദുറബ്ബ്<br>ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി |

(എ) കേരള സർവ്വകലാശാല ഇപ്പോൾ നടത്തിവരുന്ന എൽ.എൽ.ബി (ത്രിവത്സര, പഞ്ചവത്സര) മേഴ്സി ചാൻസ് പരീക്ഷയ്ക്ക് (1998 ന് മുൻപുള്ള അഡ്മിഷനും, അതിന്ശേഷമുള്ള അഡ്മിഷനും) പരീക്ഷാ ഫീസിന് പുറമേ, അഡീഷണൽ ഫീസായി എത്ര രൂപാകൂടി അടയ്ക്കണമെന്നാണ് നിശ്ചയിച്ചിരിക്കുന്നത് ; ആയത് സംബന്ധിച്ച് ഉത്തരവ് യൂണിവേഴ്സിറ്റി പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഉത്തരവ് പ്രകാരമുള്ള അഡീഷണൽ ഫീസ് ഒരു കോഴ്സിലെ എല്ലാ പേപ്പർ/അപേക്ഷകൾക്കും കൂടി ഒരു പ്രാവശ്യമായാണോ, അതോ ഓരോ പേപ്പർ/അപേക്ഷകൾക്കും പ്രത്യേകം അഡീഷണൽ ഫീസായാണോ ഈടാക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) ഇപ്പോൾ ഒരു കോഴ്സിന് ഒന്നായി ഒരു തവണയാണോ അഡീഷണൽ ഫീസ് ഈടാക്കുന്നത്, എങ്കിൽ എത്ര തുകയാണ് അങ്ങനെ ഈടാക്കുന്നത് ;

**ഉത്തരം:**

(എ) (ബി) (സി) (ഡി) & (ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ഓരോ പേപ്പറിനും/അപേക്ഷയ്ക്കും അഡീഷണൽ ഫീസ് ഈടാക്കുന്നുണ്ടെങ്കിൽ അത് എത്ര വീതമാണെന്ന് ഉത്തരവ് സഹിതം വ്യക്തമാക്കുമോ ;

(ഇ) കേരള സർവ്വകലാശാല ഇപ്പോൾ മേഴ്സിചാൻസ് പരിക്ഷകൾക്ക് (ഡിഗ്രി പ്രൊഫഷണൽ കോഴ്സ് തുടങ്ങി എല്ലാം) അഡീഷണൽ ഫീസ് ഈടാക്കുന്നത് യൂണിവേഴ്സിറ്റിയുടെ ഏത് തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ; ഇത് സംബന്ധിച്ച് ഉത്തരവുണ്ടെങ്കിൽ അത് ലഭ്യമാക്കുമോ ?

സെക്ഷൻ ഓഫീസർ

# 13-ാം കേരള നിയമസഭ

## 2-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6870 02-11-2011 -ൽ മറുപടിക്ക്

ശ്രീ ശങ്കരാ യൂണിവേഴ്സിറ്റിയിലെ സാർവ്വദേശീയ പഠനകേന്ദ്രം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൻവർ സാദത്ത് | ശ്രീ. പി.കെ . അബ്ദുറബ്ബ്<br>ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| (എ) 2008 മാർച്ച് മാസം 27 ൽ കൂടിയ കാലടി ശ്രീ ശങ്കരാ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന്റെ തീരുമാനപ്രകാരം ആരംഭിക്കുവാൻ തീരുമാനിച്ച 7 പഠനകേന്ദ്രങ്ങളുടെ (ശ്രീ ശങ്കരൻ, മഹാത്മാഗാന്ധി, ശ്രീനാരായണഗുരു, അയ്യങ്കാളി, ചട്ടമ്പിസ്വാമി, ആഗമാനന്ദ സ്വാമി എന്നിവരുടെ പേരിലുള്ള പഠനകേന്ദ്രങ്ങളും സാർവ്വദേശീയ മതാന്തര പഠനകേന്ദ്രങ്ങളും) പ്രവർത്തനം നിർത്തലാക്കിയതിൽ പ്രതിഷേധിച്ച് അവ വെവ്വേറെ പുന:സ്ഥാപിക്കാൻ വേണ്ടി കഴിഞ്ഞ രണ്ടര വർഷമായി ജനകീയ സമരം നടന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പഠനകേന്ദ്രങ്ങൾ പുന:സ്ഥാപിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ? | (ബി) പ്രത്യേക പഠന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പകരം സർവ്വകലാശാലയുടെ സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് "സ്കൂൾ ഓഫ് റിനൈസൻസ് സ്റ്റഡി" എന്ന പേരിൽ ഒരു പഠനകേന്ദ്രം സ്ഥാപിക്കാൻ 11-3-09 ൽ ചേർന്ന സർവ്വകലാശാല സിൻഡിക്കേറ്റ് യോഗം തീരുമാനിക്കുകയും തദനുസരണം തുടർ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ

## 13-ാം കേരള നിയമസഭ

## 2-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6871    02-11-2011 -ൽ മറുപടിക്ക്

### അലിഗഢ് യൂണിവേഴ്സിറ്റിയിലെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | ശ്രീ. പി.കെ . അബ്ദുറബ്ബ്<br>ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി | |
| (എ) | അലിഗഢ് യൂണിവേഴ്സിറ്റി മലപ്പുറം കേന്ദ്രത്തിന്റെ പ്രവൃത്തികൾ സ്തംഭനാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | നിലവിലെ റോഡ് വികസനത്തിനും ജലവിതരണ ടാങ്ക്, പൈപ്പ്, 11 കെ.വി ലൈൻ, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവയ്ക്കാവശ്യമായ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | റോഡ് വികസനം, ജലവിതരണം, വൈദ്യുതി വിതരണം എന്നിവയ്ക്കാവശ്യമായ തുക ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തുന്നതിനായി ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ ആവശ്യമായ തുക വകയിരുത്താൻ നടപടി സ്വീകരിക്കുമോ; | | |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെട്ടിട വാടകയിനത്തിൽ പ്രസ്തുത സെന്ററിന് എന്തു തുക അനുവദിച്ചിട്ടുണ്ട്? | (ഡി) | കെട്ടിട വാടക ഐ.എച്ച്.ആർ.ഡി വഴി നൽകാനും പ്രസ്തുത തുക ഐ.എച്ച്.ആർ.ഡിയ്ക്ക് ഗ്രാന്റായി അനുവദിക്കാനുമാണ് തീരുമാനമെടുത്തിട്ടുള്ളത്. കെട്ടിട ഉടമകൾ സമ്മതിച്ച വാടക പി.ഡബ്ല്യൂ.ഡി നിരക്കിനേക്കാൾ ഉയർന്നതിനാൽ സ്പെഷ്യൽ റെന്റ് അനുവദിക്കുന്നതിനായി റെന്റ് കമ്മിറ്റി കൂടുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## 13-ാം കേരള നിയമസഭ

## 2-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6872   02-11-2011 -ൽ മറുപടിക്ക്

**യൂണിവേഴ്സിറ്റി കോളേജ് ഓഫ് മെഡിക്കൽ എജ്യുക്കേഷനിലെ അദ്ധ്യാപക നിയമനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>'' പി.സി. ജോർജ്<br>ഡോ.എൻ. ജയരാജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. പി.കെ . അബ്ദുറബ്ബ്<br>ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| (എ) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സ്വാശ്രയ സ്ഥാപനമായ യൂണിവേഴ്സിറ്റി കോളേജ് ഓഫ് മെഡിക്കൽ എഡ്യുക്കേഷൻ എന്നാണ് സ്ഥാപിതമായത്; ഇതിന്റെ സ്ഥാപകൻ ആരായിരുന്നു; | (എ) (ബി) (സി) (ഡി) & (ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ബി) പ്രസ്തുത കോളേജിൽ എത്ര കോഴ്സുകൾ നിലവിലു ണ്ട്; | |
| (സി) പ്രസ്തുത കോഴ്സുകൾ പഠിപ്പിക്കുന്നതിന് നിലവിൽ എത്ര അധ്യാപകരുണ്ടെന്നും, ഇവരുടെ സേവന വേതനവ്യവസ്ഥകൾ എപ്രകാരമെന്നും ഇവർക്ക് നിയമാനുസൃത അവധി ലഭിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ; | |
| (ഡി) പ്രസ്തുത സ്ഥാപനത്തിൽ അധ്യാപകരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | |
| (ഇ) പ്രസ്തുത കോളേജിൽ നിലവിലുള്ള അദ്ധ്യാപകരെ എന്നാണ് നിയമിച്ചതെന്നും ഇവരുടെ നിയമന അംഗീകാരത്തിന് തടസ്സം എന്തെന്നും വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ

# 13-ാം കേരള നിയമസഭ

## 2-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6873 02-11-2011 -ൽ മറുപടിക്ക്

അന്തർ സർവ്വകലാശാല സെന്ററുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ശ്രീ. പി.കെ . അബ്ദുറബ്ബ്<br>ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| (എ) കേരളത്തിലെ സർവ്വകലാശാലകളിൽ അന്തർ സർവ്വകലാശാലാ സെന്ററുകൾ സ്ഥാപിക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ; | (എ) (ബി) & (സി) വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ബി) അന്തർ സർവ്വകലാശാല സെന്ററുകൾ സ്ഥാപിക്കുക വഴി സർവ്വകലാശാലകളുടെ പി.എച്ച്.ഡി /ഗവേഷണ മേഖലകളിലെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | |
| (സി) ഇത്തരം സെന്ററുകൾ വഴി പ്രശസ്തരായ വിദ്യാഭ്യാസ വിദഗ്ദ്ധരുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ

## 13-ാം കേരള നിയമസഭ

## 2-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6874 02-11-2011 -ൽ മറുപടിക്ക്

**വയനാട് ജില്ലയിൽ ഉപരിപഠന കേന്ദ്രം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ശ്രീ. പി.കെ . അബ്ദുറബ്ബ്<br>ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| (എ) വയനാട് ജില്ലയിൽ ഉപരിപഠനത്തിന് അവസരമില്ലാത്തതിനാൽ ആദിവാസികളടക്കം പാവപ്പെട്ട വിദ്യാർത്ഥികൾ പഠനം പാതി വഴിയിൽ ഉപേക്ഷിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) (ബി) & (സി) സർവ്വകലാശാലയുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) ജില്ലയിൽ ഉപരിപഠനത്തിന് സൗകര്യങ്ങൾ നൽകുമോ; | |
| (സി) കാലിക്കറ്റ് സർവ്വകലാശാലയുടെ ഒരു പഠനകേന്ദ്രം ജില്ലയിൽ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ

## 13-ാം കേരള നിയമസഭ

## 2-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6875 2-11-2011ൽ മറുപടിക്ക്

### നവവിജ്ഞാനമേഖലകൾ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. സി. രവീന്ദ്ര നാഥ്<br>ശ്രീ. എ. പ്രദീപ്കുമാർ<br>,, വി. ശിവൻകുട്ടി<br>,, ബി. സത്യൻ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | നവവിജ്ഞാനമേഖലകളായ വിവര സാങ്കേതിക വിദ്യ(ഐ.ടി), ജനിതക സാങ്കേതിക വിദ്യ (ബി. ടി) എന്നീ മേഖലകളിൽ പ്രഗത്ഭ രായവരുടെ സേവനം ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രയോ ജനപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇതു സംബ ന്ധിച്ച നിലപാട് വ്യക്തമാ ക്കാമോ; | (എ)<br>&<br>(ബി) | വിവരം ശേഖരിച്ച് നൽകുന്നതാണ് |
| (ബി) | പുതിയ ഓർഡിനൻസു വഴി സർവ്വകലാശാലകളിൽ സർക്കാർ നാമനിർദ്ദേശം ചെയ്തിട്ടുളളവർ ആരൊക്കെയാണെന്നും, അവർ ഉന്നത വിദ്യാഭ്യാസ രംഗത്ത് ചെയ്തിട്ടുളള സേവനങ്ങൾ എന്താണെന്നും ശാസ്ത്ര, സാങ്കേ തിക വിദ്യാഭ്യാസരംഗത്ത് നിന്നു ളളവർ ആരൊക്കെയാണെന്നും വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6876 02.11.2011 ൽ മറുപടിക്ക്

<u>അക്ഷരലക്ഷം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. പി. കെ. അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സാക്ഷരതാമിഷന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന 'അക്ഷര ലക്ഷം' പരിപാടിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഈ പരിപാടിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | ബി) ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നു.<br>1. നൂറു ദിവസം കൊണ്ട് ഒരു ലക്ഷം പേരെ സാക്ഷരരാക്കുക.<br>2. നിരക്ഷരരുടെ എണ്ണം കുറവുള്ള പഞ്ചായത്തുകളെ പരിപൂർണ്ണ സാക്ഷരതയിലെത്തിക്കുക.<br>3. ഘട്ടം ഘട്ടമായി 'നിരക്ഷരരില്ലാത്ത കേരളം' എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുക.<br>4. എല്ലാ പൗരന്മാർക്കും തുടർപഠനത്തിന് അവസരമൊരുക്കുക. |
| സി) എത്ര ലക്ഷം പേരെ സാക്ഷരരാക്കാനാണ് പരിപാടി ലക്ഷ്യമിട്ടിട്ടുള്ളത്; | സി) ഒരു ലക്ഷം പേരെ. |
| ഡി) ഇതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാം? | ഡി) ഘട്ടംഘട്ടമായി 14 ജില്ലകളിൽ നിന്നുമുള്ള 'അക്ഷരലക്ഷം' പദ്ധതിയിൽ ഉൾപ്പെട്ട പഠിതാക്കളുടെ അടിസ്ഥാന വിവരശേഖരണം നടത്തി പ്രാരംഭ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. |

Sobhba

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6877 — 02.11.2011 - ൽ മറുപടിക്ക്

## സാക്ഷരതാ മിഷൻ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.എ.റ്റി.ജോർജ്ജ്<br>ശ്രീ.പി.എ.മാധവൻ | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സാക്ഷരതാമിഷൻ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തു ന്നതിന് എന്തെല്ലാം കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) സാക്ഷരതാമിഷൻ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തു ന്നതിന് താഴെപ്പറയുന്ന പരിപാടികൾ നടന്നുവരുന്നു.<br>(1). വിവരശേഖരണത്തിനായുള്ള ഒരു സർവ്വെ തുടർവിദ്യാകേന്ദ്രാടിസ്ഥാന-ത്തിൽ ഇപ്പോൾ നടന്നുകൊണ്ടി-രിക്കുകയാണ്. തുടർ വിദ്യാഭ്യാസ പദ്ധതി വിഭാവനം ചെയ്യുന്ന വിവിധ പരിപാടികളോടൊപ്പം തുല്യതാ പദ്ധതിയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുകയാണ് ഇപ്പോഴത്തെ ലക്ഷ്യം.<br>(2). തുല്യതാ പദ്ധതി ശക്തിപ്പെടുത്തു-ന്നതിന് അടിസ്ഥാനതല പ്രവർത്തനങ്ങൾ നടത്തുന്നു.<br>(3). വിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടി കൾ സ്വീകരിച്ചു വരുന്നു.<br>(4). പന്ത്രണ്ടാം പദ്ധതിക്കാലത്തെ പ്രവർത്തനങ്ങളും പദ്ധതികളും നിർണ്ണ യിക്കുന്നതിനുള്ള ഒരു കോർ കമ്മിറ്റി യോഗം ചേരുകയും പദ്ധതി സമർപ്പണത്തിനായി ഒരു ശില്പശാല ഉടനെ നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കൂടുതൽ രജിസ്ട്രേഷൻ കേന്ദ്രങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | ആവശ്യത്തിനനുസരിച്ച് മാതൃഭാഷയ്ക്ക് പുറമേ മറ്റ് ഭാഷകളിലും സാക്ഷരതാ ക്ളാസ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | സംസ്ഥാനത്തെ കന്നഡ ഭാഷാ മേഖലയിൽ തുല്യതാപ്രവർത്തനം (പത്താംതരം) ആരംഭിച്ചു കഴിഞ്ഞു. തമിഴ് മേഖലയിൽ പത്താം തരം തുല്യത ആരംഭിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. കന്നഡ മേഖലകളിൽ സംഘടിപ്പിച്ചിരുന്ന സാക്ഷരതാ ക്ളാസ്സുകൾ ഇനിയും തുടരുന്നതാണ്. |

Sabitha

സെക്ഷൻ ഓഫീസർ

# 13-ാം കേരള നിയമസഭ

## 2-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6878 02-11-2011 -ൽ മറുപടിക്ക്

### നിർമ്മൽ മാധവിന് പ്രവേശനം നൽകിയത് സംബന്ധിച്ച് പഠിക്കാൻ വിദഗ്ദ്ധ സമിതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ശ്രീ. പി.കെ . അബ്ദുറബ്ബ്<br>ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി | |
| (എ) | കോഴിക്കോട് വെസ്റ്റ് ഹിൽ എഞ്ചിനീയറിംഗ് കോളേജിൽ നിർമ്മൽ മാധവ് എന്ന വിദ്യാർത്ഥിക്ക് പ്രവേശനം നൽകിയത് സംബന്ധിച്ച് പഠിക്കാൻ വിദഗ്ദ്ധ സമിതിയെ നിശ്ചയിച്ചിരുന്നുവോ; | (എ) | ജില്ലാകളക്ടർ ഒരു ടെക്നിക്കൽ കമ്മിറ്റിയെ നിയോഗിച്ചിരുന്നു. |
| (ബി) | ഈ വിദഗ്ദ്ധ സമിതിയിൽ ആരൊക്കെയാണ് അംഗങ്ങളായി പ്രവർത്തിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | 1.കോഴിക്കോട് സർവ്വകലാശാല രജിസ്ട്രാർ<br>2. കോഴിക്കോട് സർവ്വകലാശാല വി.സി യുടെ പ്രതിനിധി( എം.വി. ജോസഫ്)<br>3. ഡീൻ, ഫാക്കൽറ്റി ഓഫ് എഞ്ചിനീയറിംഗ്<br>4. ഡോ. ഹമീദ്, പ്രൊഫസർ & ഹെഡ് ഓഫ് ഡിപ്പാർ ട്ട്മെന്റ്, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് കോഴിക്കോട്<br>5. എൻട്രൻസ് കമ്മീഷണറുടെ പ്രതിനിധി |

6. ജോയിന്റ് ഡയറക്ടർ,
ടെക്നിക്കൽ എഡ്യൂക്കേഷൻ
ഡയറക്ടറേറ്റ്
(കെ.പി.സലിംകുമാർ)
7. ഉന്നത വിദ്യാഭ്യാസ
വകുപ്പിന്റെ പ്രതിനിധി
8. പ്രിൻസിപ്പാൾ, ഗവൺമെന്റ്
എഞ്ചിനീയറിംഗ് കോളേജ്
(കൺവീനർ)
9.ആർ.ഡി.ഒ കോഴിക്കോട്
(കോ-ഓർഡിനേറ്റർ)

(സി) ഈ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭ്യമാക്കാമോ? (സി) അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

( [illegible] )

## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 6879 02/11/2011-ൽ മറുപടിയ്ക്ക്

### ഭൂമി വില നിർണ്ണയം

**ചോദ്യം**

ശ്രീ. കെ. ദാസൻ

(എ) പൊതു ആവശ്യത്തിന് ഉഭയകക്ഷി സമ്മതപ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ അതിന്റെ വാല്യൂവേഷൻ നടപടികളിൽ വലിയ കാലതാമസം ഉണ്ടാവുന്നത് ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ നിലവിലുള്ള നടപടി ക്രമങ്ങളിൽ എന്തെങ്കിലും പരിഷ്ക്കാരങ്ങൾ നടപ്പിൽ വരുത്താൻ തയ്യാറാവുമോ ;

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ബഹു. റവന്യൂ വകുപ്പ് മന്ത്രി)

(എ) പൊതു ആവശ്യത്തിനുവേണ്ടി ഉഭയകക്ഷി സമ്മത പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരത്തുക നിശ്ചയിക്കുന്നത് അടിസ്ഥാന ഭൂമി വിലയിൽ നിന്ന് കമ്പോള വിലയും അതിന്റെ ആനുകൂല്യങ്ങളും ഉൾപ്പെടെ നെഗോസിയേഷൻ വഴി തുക കണ്ടെത്തുന്നു. അത് ജില്ലാതല എംപവ്വേർഡ് കമ്മിറ്റിയുടെ അനുമതിയോടെ സംസ്ഥാന എംപവ്വർ കമ്മിറ്റിയുടെ അംഗീകാരത്തോടെയാണ് തുക നിശ്ചയിക്കുന്നത്. ഈ പ്രക്രീയ പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനു കാലതാമസം നേരിടുന്നില്ല. എന്നാൽ ഭൂമി സർവ്വെ ചെയ്ത് അടിസ്ഥാന ഭൂമി വില നിശ്ചയിക്കുന്നതിൽ, ഭൂമിയുടെ വിസ്തൃതി അനുസരിച്ച് ആനുപാതികമായ കാലതാമസം നേരിടാറുണ്ട്. ഭൂവുടമകൾ നെഗോസിയേഷൻ തുകയ്ക്കും പാക്കേജിനും അനുകൂലമായ സമ്മതപത്രം നൽകുന്നതിനു വിമുഖത കാണിക്കുന്നതും, ഭൂവുടമകൾ ഭൂമിയിന്മേലുള്ള വ്യക്തമായ രേഖകൾ ലഭ്യമാക്കാത്തതു കാരണം കാലതാമസം നേരിടാറുണ്ട്. ഇതിനു പരിഹാരമായി ഉഭയകക്ഷിപ്രകാരം, ഭൂമി പൊതു ആവശ്യത്തിനു ഏറ്റെടുക്കുമ്പോൾ പാർപ്പിടങ്ങൾ കുറവുള്ള സ്ഥലങ്ങളും നെൽവയൽ തണ്ണീർത്തട സംരക്ഷണ മേഖല അല്ലാത്തതുമായ ഭൂമി ഏറ്റെടുക്കാവുന്നതാണ്.

| | |
|---|---|
| (ബി) പൊതു ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്ന നടപടികളിൽ നിലവിൽ കാലതാമസം വരുന്നത് ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ? | (ബി) കേന്ദ്ര നിയമത്തിന്റെയും സംസ്ഥാന പൊന്നുംവില ചട്ടത്തിന്റെയും അടിസ്ഥാനത്തിൽ ആണ് ഭൂമി പൊതു ആവശ്യത്തിലേയ്ക്ക് ഏറ്റെടുക്കുന്നത്. സാധാരണ ഖണ്ഡത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനു വിജ്ഞാപനം കഴിഞ്ഞ് 3 വർഷത്തിനകം ഭൂമി കൈവശപ്പെടുത്താൻ സമയം അനുവദിച്ചിട്ടുണ്ട്. ഉഭയകക്ഷി സമ്മത പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ കാലതാമസം കുറയ്ക്കും. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 6880 — 02/11/2011-ൽ മറുപടിയ്ക്ക്

ലാൻഡ് അക്വിസിഷൻ നിയമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |
| (എ) നിലവിലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിൽ കാതലായ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ;<br><br>(ബി) എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ? | (എ) & (ബി)<br><br>സംസ്ഥാനത്ത് ഇപ്പോൾ ഭൂമി ഏറ്റെടുക്കൽ നടത്തി വരുന്നത് കേന്ദ്ര സർക്കാരിന്റെ 1894-ലെ ഭൂമി ഏറ്റെടുക്കൽ നയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ രൂപീകരിച്ച ചട്ടങ്ങളുടെ അടിസ്ഥാനത്തിലാണ്. തീരെ അപര്യാപ്തമായ നഷ്ടപരിഹാരവും വിശദമായ പുനരധിവാസ നയത്തിന്റെ അഭാവവും ഈ നയത്തിനെതിരെ പരാതികളുയരാൻ ഇടവരുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ വികസനാവശ്യത്തിന് ഭൂമി ഏറ്റെടുക്കുന്നതിനായി സമഗ്രമായ ഒരു പുനരധിവാസ നയം. സർക്കാർ പരിഗണിച്ചുവരുന്നു. ഭൂദാതാക്കളായ കുടുംബങ്ങൾക്ക് വീട് വയ്ക്കാനുള്ള ഭൂമി ലഭ്യമാക്കുക, കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബത്തിലെ ഒരംഗത്തിന് ജോലി ലഭ്യമാക്കുക, ഭൂവിലയിലുണ്ടായ വർദ്ധനയ്ക്ക് ആനുപാതികമായ ആനുകൂല്യം ലഭിക്കുന്ന തരത്തിൽ കേരള ഇൻഫ്രാസ്ട്രക്ചർ ബോണ്ടുകൾ പുറപ്പെടുവിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ പുതിയ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ നയം മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ.6881

2.11.2011ൽ
മറുപടിക്ക്

## റിവർ മാനേജ്മെന്റ്

ചോദ്യം
ശ്രീ.വി.ശിവൻ കുട്ടി :

ഉത്തരം
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യൂ വകുപ്പു മന്ത്രി)

| | |
|---|---|
| (എ) റവന്യൂ വകുപ്പ് റിവർ മാനേജ്മെന്റ് എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ടോ ; | (എ) റവന്യൂ വകുപ്പിൽ റിവർ മാനേജ്മെന്റ് എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് നദികളുടെ സംരക്ഷണത്തിനായുള്ള പണികൾ ചെയ്യാറുണ്ട്. |
| (ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) ബാധകമല്ല. |
| (സി) നേമം നിയയോജക മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ചു വിശദമാക്കുമോ ? | (സി) ബാധകമല്ല. |

Rajeev

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6882** **02.11.2011- ൽ മറുപടിനൽകേണ്ടത്.**

## ഭൂനികുതിക്ക് ഡി.സി.ബി. സ്റ്റേറ്റ്മെന്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ.കെ.ലതിക | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>റവന്യൂ വകുപ്പുമന്ത്രി |
| (എ) ഭൂനികുതി സംബന്ധമായി വില്ലേജ് ഓഫീസുകളിൽ എന്തെല്ലാം രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടെന്നും ആയവയിൽ ഏതെല്ലാം വിവരങ്ങളാണ് എഴുതുന്നതെന്നും വ്യക്തമാക്കുമോ; | (എ) ഭൂനികുതി സംബന്ധമായി വില്ലേജ് ഓഫീസുകളിൽ പ്രധാനമായി രണ്ട് രജിസ്റ്ററുകൾ സൂക്ഷിക്കുന്നു. അവ ചുവടെ പറയുന്നവയാണ്.<br>1. സെറ്റിൽമെന്റ് രജിസ്റ്റർ: റവന്യൂ സെറ്റിൽമെന്റ് നടന്ന കാലത്തെ നികുതി ചുമത്തിയതും, അല്ലാത്തതുമായ എല്ലാ വസ്തുക്കളുടെയും സർവ്വേ നം., ഇനം, തരം, വിസ്തീർണ്ണം, ഭൂമിയുടെ തരത്തിനെ ആസ്പദമാക്കിയുള്ള നികുതി നിരക്ക് തുടങ്ങിയ വിവരങ്ങൾ ടി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സെറ്റിൽമെന്റ് നടത്തിയപ്പോൾ സർവ്വെ ചെയ്തിട്ടില്ലാത്ത ഭൂമികളെ പിൽക്കാലത്ത് സർവ്വെ ചെയ്യുമ്പോൾ അവയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുവേണ്ടി സെറ്റിൽമെന്റ് രജിസ്റ്ററിന്റെ ഒന്നാം അനുബന്ധമായി മറ്റൊരു രജിസ്റ്ററും, സെറ്റിൽമെന്റിനു ശേഷം ഭൂമിയിൽ ഉണ്ടാകുന്ന സ്ഥിരം മാറ്റങ്ങൾ രേഖപ്പെടുത്തുന്നതിനുവേണ്ടി രണ്ടാം അനുബന്ധമായി മൂന്നാമതൊരു രജിസ്റ്ററും സൂക്ഷിക്കുന്നു. സെറ്റിൽമെന്റിന് ശേഷം ഭൂമിയുടെ മൊത്തം വിസ്തീർണ്ണത്തിനോ ഭൂനികുതിക്കോ ഉണ്ടാകുന്ന എല്ലാ മാറ്റങ്ങളും ടി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നു.<br>2. ബേസിക് ടാക്സ് രജിസ്റ്റർ (അടിസ്ഥാന ഭൂനികുതി രജിസ്റ്റർ)<br>ഒരു വില്ലേജിലുള്ള എല്ലാ സർക്കാർ വക ഭൂമികളുടെയും പതിവ് ഭൂമികളുടെയും സർവ്വെ നം. ക്രമത്തിലുള്ള വിവരങ്ങൾ ടി രജിസ്റ്ററിൽ കാണിക്കുന്നു. സർവ്വേ നം.ക്രമത്തിലുള്ള ഭൂമിയുടെ തരം, വിസ്തീർണ്ണം, അടിസ്ഥാന |

| | | | |
|---|---|---|---|
| | | | ഭൂനികുതി, ഭൂ ഉടമയുടെ പേര്, തണ്ടപ്പേർ നമ്പർ എന്നീ വിവരങ്ങൾ ടി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നു. |
| (ബി) | ഭൂനികുതി അടയ്ക്കേണ്ടവർ ആരെല്ലാ മെന്നും അവർ എത്ര തുക ഭൂനികുതി യിനത്തിൽ അടയ്ക്കാനുണ്ടെന്നും ഭൂനികുതി ദായകരെ അറിയിക്കുന്നതിന് വില്ലേജ് ഓഫീസുകളിൽ സംവിധാനമുണ്ടോ യെന്നും അറിയിക്കുമോ; | (ബി) | ഉണ്ട് |
| (സി) | ഇല്ലെങ്കിൽ ഇത്തരം ഒരു സംവിധാനം ഏർപ്പെടുത്തുന്നത് ഉചിതമാണെന്ന് കരുതുന്നുണ്ടോ; | (സി) | ബാധകമല്ല |
| (ഡി) | ഭൂനികുതി പിരിച്ചെടുക്കുന്ന കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെ യെന്ന് വ്യക്തമാക്കുമോ? | (ഡി) | നിലവിലുള്ള നടപടികൾ അല്ലാതെ പുതിയവ യൊന്നും സർക്കാരിന്റെ പരിഗണനയില്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.6883

2.11.2011ൽ
മറുപടിക്ക്

## റിവർ മാനേജ്മെന്റ് ഫണ്ട്

ചോദ്യം
ശ്രീമതി.കെ.കെ.ലതിക:

ഉത്തരം
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യൂ വകുപ്പു മന്ത്രി)

| | |
|---|---|
| (എ) റിവർമാനേജ്മെന്റ് ഫണ്ടിൽ കുറ്റ്യാടി നിയോജക മണ്ഡലത്തിൽ അനുവദിക്കപ്പെട്ട ഓരോ പ്രവൃത്തികളുടെയും അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ ; | (എ) അനുബന്ധമായി ചേർക്കുന്നു. |
| (ബി) അനുവദിക്കപ്പെട്ട പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഏതു വർഷം തയ്യാറാക്കിയതാണെന്നും പ്രസ്തുത പ്രവർത്തികൾ പി.ഡ.ബ്ല്യൂ.ഡിയുടെ പുതുക്കിയ ഷെഡ്യൂൾ നിരക്ക് പ്രകാരം ഇപ്പോൾ ടെൻഡർ ചെയ്യുന്നതിന് തടസ്സമുണ്ടോയെന്നും വ്യക്തമാക്കുമോ ; | (ബി) പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 2008-ലെ പി.ഡബ്ല്യൂ.ഡി നിരക്കിലാണ്. ഇപ്പോഴത്തെ നിരക്കിൽ ടെൻഡർ ചെയ്യുന്നതിന് റിവർ മാനേജ്മെന്റ് ജില്ലാ വിദഗ്ദ്ധ സമിതിയുടെ അനുമതിയും സർക്കാരിൽ നിന്നും പുതുക്കിയ നിരക്കിലുള്ള ഭരണാനുമതിയും ലഭിക്കേണ്ടതുണ്ട്. കൂടാതെ 24.5.2011-ന് മുൻപ് തുടങ്ങാത്ത പ്രവൃത്തികൾ പുതിയ സ്റ്റേറ്റ് ഹൈലെവൽ കമ്മിറ്റി രൂപീകരിക്കുന്നത് വരെ നിർത്തിവച്ചിരിക്കുകയാണ്.. |
| (സി) റിവർമാനേജ്മെന്റ് ഫണ്ട് പ്രവർത്തികൾ ടെൻഡർ ചെയ്യപ്പെടാത്ത കാര്യം പരിശോധിച്ചിട്ടുണ്ടോ ; | (സി) പല പ്രാവശ്യം ടെണ്ടർ ചെയ്തിട്ടും കരാറുകാർ പ്രവൃത്തി എടുക്കുവാൻ തയ്യാറാകാത്തതും ക്വാട്ട് ചെയ്ത ചില പ്രവൃത്തികളുടെ ടെണ്ടറുകൾ എസ്റ്റിമേറ്റ് നിരക്കിലേയ്ക്കും കുറയ്ക്കുവാൻ കാരാറുകാർ തയ്യാറാവാത്തതു കാരണം ടെണ്ടർ നിരസിക്കേണ്ടതായും വന്നിട്ടുണ്ട്. |
| (ഡി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ ? | (ഡി) റിവർ മാനേജ്മെന്റ് പ്രവൃത്തികളുടെ ടെണ്ടറുകൾ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കൂടുതൽ നിരക്ക് അനുവദിക്കുന്നതിന് ജില്ലാ വിദഗ്ദ്ധ സമിതിയുടെ ശുപാർശയോടെ ലഭിക്കുന്ന പ്രപ്പോസലുകൾ സ്റ്റേറ്റ് ഹൈലെവൽ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

നിയമസഭ

# List of RMF works in Kuttiady LAC in Kozhikode District

| Sl No | Panchayat | Name of Work | AS amount Lakhs | Present status |
|---|---|---|---|---|
| 1 | Maniyoor | Protecting the RB of Kuttiady river D/S of Attakundu kadavu bridge in Maniyoor Grama Panchayath | 15.00 | Tendered several times ; but no response from contractors |
| 2 | Maniyoor | Protecting theRB of Kuttiady river U/S of Attakkundu kadavu bridge in Ward No. X of Maniyoor Panchayath... | 15.00 | Tendered several times ; but no response from contractors |
| 3 | Maniyoor | Protecting the RB of Kuttiady river on either side of Vadakkanthuruthi thodu U/S of Palayad VCB in Maniyoor Panchayath | 14.75 | Tendered several times ; but no response from contractors |
| 4 | Maniyoor | Protecting theRB of Kuttiady river between Neeliyedath kadavu and Manjayil Kadavu in Maniyur Panchayath | 10.00 | Tendered several times ; but no response from contractors |
| 5 | Maniyoor | Protecting the right bank of Kuttiady river downstream of Attupurath kadavu in Maniyur Grama Panchayath | 15.00 | Tendered several times ; but no response from contractors |
| 6 | Thiruvallur | Protecting the right bank of Kuttiady river upstream of Velloopara in Thiruvallur Grama Panchayath | 15.00 | Tendered several times ; but no response from contractors |
| 7 | Thiruvallur | Protecting the right bank of Kuttiady river upstream of Moozhikkal lock in Thiruvallur Grama Panchayath | 10.00 | Tendered several times ; but no response from contractors |
| 8 | Velom | Protecting the right bank of Kuttiady river near Thalavancheri Temple in Velom Grama Panchayath | 15.00 | Tendered several times ; but no response from contractors |
| 9 | Velom | Protecting the RB of Kuttiady river D/S of Gulikapuzha bridge at Uthayi Manappuram in Velom Panchayath | 15.00 | Tendered several times ; but no response from contractors |
| 10 | Velom | Protecting the RB of Kuttiady river D/S of Palakkuni kadavu near palakkunipalli in Velom Panchayath | 15.00 | Tendered several times ; but no response from contractors |
| 11 | Velom | Protecting the right bank of Kuttiady river at Palakkamannil in Velom Grama Panchayath | 15.00 | Tendered several times ; but no response from contractors |
| 12 | Velom | Protecting the RB of Kuttiady river U/S of Kooniyodukadavu at Menokkimannil Paramba in Velom Panchayath | 15.00 | Tendered several times ; but no response from contractors |
| 13 | Velom | Protecting the RB of Kuttiady river D/S of Thekkemannilkadavu in Velom Grama Panchayath | 15.00 | Agreement executed ; work not started |
| 14 | Velom | Protecting the RB of Kuttiady river U/S and D/S of Thekkedath kadavu bridge in Velom Grama Panchayath | 11.00 | Agreement executed ; work not started |
| 15 | Velom | Protecting the right bank of Kuttiady river near Chovimadam Jumamasjid in Velom Grama Panchayath | 14.75 | Tendered several times ; but no response from contractors |
| 16 | Velom | Protecting the RB of Kuttiady river D/S of Koorankott kadavu near KWA intake in Velom Panchayath | 7.00 | Tendered several times ; but no response from contractors |
| 17 | Kuttiady | Protecting the RB of Kuttiady river between KWA intake and Kuttiady bridge in Kuttiady Panchayath | 17.00 | Tendered several times ; but no response from contractors |

## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6886** **02.11.2011- ൽ മറുപടിനൽകേണ്ടത്.**

## വസ്തു ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ പി.സി.ജോർജ്ജ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>റവന്യൂ വകുപ്പുമന്ത്രി |
| (എ) തിരുവനന്തപുരം താലൂക്കിൽ പേരൂർക്കട വില്ലേജിൽ ചീനിക്കോണം മണികണ്ഠേശ്വരം വാർഡിൽ കൈലാസ് നഗറിൽ സർവ്വേ നമ്പർ 902/38-ൽ ഉൾപ്പെടുന്ന ബ്ളോക്ക് നമ്പർ 23-ൽ റീസർവ്വേ നമ്പർ 230/36-ൽ 1.25 ആർ വിസ്തീർണ്ണമുള്ള വസ്തു ആരുടെ പേരിലെന്ന് അറിയിക്കുമോ; | (എ) തിരുവനന്തപുരം താലൂക്കിൽ പേരൂർക്കട വില്ലേജിൽ ബ്ളോക്ക് നമ്പർ 23-ൽ റീസർവ്വേ നമ്പർ 230/36-ൽ 1.25 ആർ വിസ്തീർണ്ണമുള്ള വസ്തു ചെല്ലമ്മ മകൾ റോസമ്മയുടെ പേരിൽ ഉള്ളതാണ്. |
| (ബി) പ്രസ്തുത വസ്തു ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിന് തടസ്സം നിൽക്കുന്നതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം താലൂക്കിൽ കുടപ്പനക്കുന്ന് വില്ലേജിൽ പാതിരിപ്പള്ളി വാർഡിൽ ത്രിവേണി ഗാർഡൻസ് III ലൈൻ കുഴിവിള വീട്ടിൽ ചെല്ലമ്മ മകൾ ശ്രീമതി റോസമ്മ നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടുവോ; ആയതിന്മേൽ എന്തു നടപടി സ്വീകരിച്ചു; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി പരാതി 13.10.2011-ൽ റവന്യൂ ഡിവിഷണൽ ഓഫീസറുടെ കാര്യാലയത്തിൽ നൽകുകയും അവിടെനിന്ന് പേരൂർക്കട വില്ലേജ് ഓഫീസർക്ക് അന്വേഷണത്തിനും റിപ്പോർട്ടിനുമായി അയയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) വികലാംഗയും അവിവാഹിതയുമായ പ്രസ്തുത വ്യക്തിയുടെ വസ്തു ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിന് ആവശ്യമായ അടിയന്തിര മേൽ നടപടി സ്വീകരിക്കുമോ? | (സി) ടി പരാതിയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് പേരൂർക്കട വില്ലേജ് ഓഫീസിൽനിന്നും റവന്യൂ ഡിവിഷണൽ ഓഫീസറുടെ കാര്യാലയത്തിലേയ്ക്ക് അയച്ചിട്ടുള്ളതും ആയത് റവന്യൂ ഡിവിഷണൽ ഓഫീസറുടെ പരിഗണനയിലിരിക്കുന്നതുമാണ്. ടി വിഷയത്തിന്മേൽ റവന്യൂ ഡിവിഷണൽ ഓഫീസ് മുഖാന്തിരം നടപടി സ്വീകരിച്ച് വിവരം പരാതികക്ഷിയെ അറിയിക്കുവാൻ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് തിരുവനന്തപുരം ജില്ലാ കളക്ടർ നിർദ്ദേശം നൽകുമെന്നറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 6887 — 02/11/2011-ൽ മറുപടിയ്ക്ക്

**കേരള ഇൻഫ്രാസ്ട്രക്ചർ ബോണ്ട്**

**ചോദ്യം**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

(എ) ഭൂമി നൽകുന്നവർക്ക് ന്യായമായ വില ലഭിക്കുവാനും ഒഴിപ്പിക്കലിന്റെ പേരിലുള്ള പ്രശ്നങ്ങൾ ഒഴിവാക്കാനും റവന്യൂ വകുപ്പ് കേരള ഇൻഫ്രാസ്ട്രക്ചർ ബോണ്ട് സമ്പ്രദായത്തിന് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വിശദാംശങ്ങൾ നൽകുമോ ;

(സി) ബോണ്ട് സംവിധാനത്തിന്റെ നടത്തിപ്പിനായി കേരള ഭൂവിനിയോഗ ബാങ്ക് രൂപീകരിക്കുമോ ;

(ഡി) എങ്കിൽ നിയമനിർമ്മാണത്തിലൂടെ ആയിരിക്കുമോ ഇതിന് രൂപം നൽകുക ;

(ഇ) ഇൻഫ്രാസ്ട്രക്ചർ ബോണ്ടിനു പുറമെ ലാന്റ് യൂട്ടിലിറ്റി ബോണ്ടും ഇറക്കുന്ന കാര്യം ബാങ്കിന്റെ പരിഗണനയിൽ വരുമോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ബഹു: റവന്യൂ വകുപ്പ് മന്ത്രി)

(എ),(ബി),(സി),(ഡി) &(ഇ)

പുനരധിവാസത്തിന് വ്യവസ്ഥകളില്ലാത്തിനാലും, നഷ്ടപരിഹാരം തീരെ അപര്യാപ്തമായതുകൊണ്ടും സംസ്ഥാനം ഇപ്പോൾ പിൻതുടരുന്ന ഭൂമി ഏറ്റെടുക്കൽ നയത്തിനെതിരെ പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിന്റെ വിപരീത ഫലങ്ങൾ കുറയ്ക്കുന്നതിനും, ഭൂദാതാക്കളുടെ സാമൂഹികവും, സാമ്പത്തികവുമായ അന്തസ്സ് നിലനിറുത്തുന്നതിനുമായി പൊതുവായ പുനരധിവാസ, പുനക്രമീകരണ നയത്തിന് രൂപം കൊടുക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പദ്ധതികൾ നടപ്പാക്കുമ്പോൾ സമീപ പ്രദേശങ്ങൾ വികസിക്കുന്നതിന്റെ ഗുണഫലങ്ങൾ ഭൂമി നൽകുന്നവർക്ക് ലഭിക്കാത്ത സാഹചര്യമാണ് ഇപ്പോഴുള്ളത്. ഇത് പരിഹരിക്കാനായി ഭൂ ഉടമയുടെ സമ്മതത്തോടെ അവർക്ക് ഭൂമിയുടെ വിലയിലുണ്ടാകുന്ന വർദ്ധനയ്ക്ക് അനുസൃതമായ വില ലഭിക്കുന്ന രീതിയിൽ ഇൻഫ്രാസ്ട്രക്ചർ ബോണ്ടുകൾ നൽകുന്ന കാര്യം പുതിയ നയത്തിൽ പരിഗണിക്കുന്നുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിനായി ഒരു ലാന്റ് യൂട്ടിലിറ്റി ബാങ്ക് രൂപീകരിക്കുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിലാണ്. സമഗ്രമായ പുനരധിവാസ പുനക്രമീകരണ നയം മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.6888

2.11.2011ൽ
മറുപടിക്ക്

## മണൽ കടവുകളുടെ പ്രവർത്തനം

ചോദ്യം
ശ്രീ.സാജു പോൾ :

ഉത്തരം
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യൂ വകുപ്പു മന്ത്രി)

| | |
|---|---|
| (എ) മണൽകടവുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എറണാകുളം ജില്ലയിൽ അനുവദിക്കപ്പെട്ട കടവുകളുടെ വിശദവിവരം അറിയിക്കുമോ ; | (ബി) അനുബന്ധമായി ചേർക്കുന്നു. |
| (സി) പെരിയാർ നദിയിൽ പുതിയ കടവുകൾ തുറക്കുവാൻ വേങ്ങൂർ ഗ്രാമപഞ്ചായത്ത് അപേക്ഷ നൽകിയിട്ടുണ്ടോ ; | (സി) ഉണ്ട്. |
| (ഡി) വേങ്ങൂർ പഞ്ചായത്തിലെ അനുയോജ്യമായ കടവുകൾ തുറക്കുവാൻ നടപടി സ്വീകരിക്കുമോ;<br>(ഇ) ഇല്ല എങ്കിൽ കാരണം വ്യക്തമാക്കുമോ ? | (ഡി) & (ഇ)<br>വേങ്ങൂർ പഞ്ചായത്തിൽ മണൽ കടവുകൾ തുറക്കുവാൻ സെസ് ശുപാർശ ചെയ്തിട്ടില്ലാത്തതിനാൽ അപേക്ഷ പരിഗണിക്കുവാൻ നിർവ്വാഹമില്ലാത്തതാണ്. |

Vijay
സെക്ഷൻ ഓഫീസർ

(ബി)(1) <u>മാറാടിപഞ്ചായത്ത്</u>

(1) ഓണിയേലിൽ വയൽ കടവ്
(2) പാറത്തോട്ടം കടവ്
(3) ആറാട്ടു കടവ്

(2) <u>രാമമംഗലംപഞ്ചായത്ത്</u>
(1) കിഴിമുറികടവ്
(2) ആറ്റുവേലിക്കുഴി കടവ്

(3) <u>വാളകംപഞ്ചായത്ത്</u>
(1) പറയരുത്തോട്ടം കടവ്
(2) മേക്കടമ്പ് -ഗണപതികടവ്
(3) റാക്കാട് - കൊണ്ടപ്പിള്ളികടവ്

(4) <u>പിറവംപഞ്ചായത്ത്</u>
(1) കാഞ്ഞിരാ പറമ്പത്ത് കടവ്
(2) മുഴാടിൽ കടവ്
(3) തൊട്ടൂർ കടവ്
(4) മാമല കടവ്

(5) <u>ഐക്കരനാട് പഞ്ചായത്ത്</u>
(1) തൊട്ടിയിൽ കടവ്

(6) <u>മണീട് പഞ്ചായത്ത്</u>
(1) മനയ്ക്കക്കടവ്
(2) വടക്കേനെടത്ത് കടവ്

(7) <u>ഒക്കൽ പഞ്ചായത്ത്</u>
(1) പാണംകുഴി
(2) ഉദമത്തോട്
(3) കപ്രക്കാട്ട്
(4) തോമാട്ട
(5) കോട്ട
(6) പറമ്പത്ത്
(7) മത്തോളി
(8) പറുക്കാരൻ
(9) കാവുങ്കൽ
(10) വാര്യമ്പാട്ട്
(11) ആര്യമ്പാറ
(12) തുരുത്തു പാറക്കടവ്

## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 6890 03-11-2011-ൽ മറുപടിക്ക്

## കെ.എൽ.യു. ഭൂമി തരംമാറ്റം സംബന്ധിച്ച്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.എ. അഹമ്മദ് കബീർ | ശ്രീ. കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) കേരളത്തിലെ പഞ്ചായത്തുകളിൽ നിന്നും ഡാറ്റാ ബാങ്ക് സംബന്ധിച്ച നോട്ടിഫിക്കേഷനുവേണ്ടി തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിലേക്ക് അയച്ച ഡാറ്റകൾ ഇതുവരെ പ്രസിദ്ധീകരിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) എങ്കിൽ അവ പ്രസിദ്ധീകരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ? | (ബി) സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ.6892

2.11.2011ൽ
മറുപടിക്ക്

# റിവർ മാനേജ്മെന്റ് ഫണ്ട്

ചോദ്യം
ശ്രീ.എം.എ.ബേബി :

ഉത്തരം
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യൂ വകുപ്പു മന്ത്രി)

| | |
|---|---|
| (എ) റിവർമാനേജ്മെന്റ് ഫണ്ടിൽ നിന്ന് ഈ വർഷം കൊല്ലം ജില്ലയിൽ എത്ര തുക വിനിയോഗിച്ചു ; എത്ര തുക ബാക്കിയുണ്ട് ; | (എ) റിവർമാനേജ്മെന്റ് ഫണ്ടിൽ നിന്ന് 2011-12 സാമ്പത്തിക വർഷം നാളിതുവരെ 1,45,54,703/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ടിൽ 25.10.2011 വരെ 18,65,22,362/- രൂപ ബാക്കിയുണ്ട്. |
| (ബി) ഇതിൻ പ്രകാരം ഇപ്പോൾ നടന്നു വരുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വിശദാംശവും ലഭ്യമാക്കുമോ ; | (ബി) അനുബന്ധം ആയി ചേർത്തിട്ടുണ്ട്. |
| (സി) പ്രസ്തുത പ്രവൃത്തികൾ പൂർണ്ണമായും ഏതു വകുപ്പാണ് മേൽ നോട്ടം വഹിക്കുന്നത് ? | (സി) ജലസേചന വകുപ്പ്. |

Vajeen
സെക്ഷൻ ഓഫീസർ

| ക്രമ നം. | ജില്ലയിൽ നടക്കുന്ന പ്രവൃത്തികൾ | അടങ്കൽതുക | വിവരം |
| --- | --- | --- | --- |
| 1 | പട്ടാഴി പഞ്ചായത്തിൽ കല്ലട നദിയുടെ മഠത്തിൽ കിഴക്കേകടവിൽ തീരസംരക്ഷണം | 6.86 ലക്ഷം | 50% ജോലി പൂർത്തീകരിച്ചിട്ടുണ്ട്. |
| 2 | പട്ടാഴി പഞ്ചായത്തിലെ കല്ലൂർ കടവിൽ കല്ലട നദിയുടെ തീരസംരക്ഷണം | 9.30 ലക്ഷം | 60% ജോലി പൂർത്തീകരിച്ചിട്ടുണ്ട്. |
| 3 | കിഴക്കേ കല്ലട പഞ്ചായത്തിലെ ചീക്കൽ കടവ് ഭാഗത്തിന് മുകൾ ഭാഗത്തായി കല്ലട നദിയുടെ ഇടതുകര സംരക്ഷണം. | 8.31 ലക്ഷം | 10% ജോലി പൂർത്തീകരിച്ചിട്ടുണ്ട്. |
| 4. | കുന്നത്തൂർ ചെറുകരക്കടവിന്റെ തീര സംരക്ഷണം. | 13.30 ലക്ഷം | ജോലി തുടങ്ങിയിട്ടുണ്ട്. |
| 5 | തലവൂർ പഞ്ചായത്തിലെ തിരുവിലാൻകോ-നാഥൻ അമ്പല കടവിന്റെ തീര സംരക്ഷണം | 13.70 ലക്ഷം | സ്ഥലം കൈമാറിയിട്ടുണ്ട്. |
| 6 | കുളക്കട പഞ്ചായത്തിലെ ഏനാത്ത് പാലത്തിന് താഴ് ഭാഗത്തായി കല്ലട നദിയുടെ ഇടതുകര സംരക്ഷണം. | 34.12 ലക്ഷം | 5% ജോലി പൂർത്തീകരിച്ചിട്ടുണ്ട്. |
| 7 | കുളക്കട പഞ്ചായത്തിലെ മൂതോടത്ത് കടവിന്റെ മുകൾഭാഗത്തായി കല്ലട നദിയുടെ ഇടതുകര സംരക്ഷണം | 22.43 ലക്ഷം | 50% ജോലി പൂർത്തീകരിച്ചിട്ടുണ്ട്. |
| 8 | പട്ടാഴി വടക്കേക്കര പഞ്ചായത്തിൽ ആറാട്ടുപുഴ പാലത്തിന് മുകൾ ഭാഗത്തായി കല്ലട നദിയുടെ വലതുകര സംരക്ഷണം | 43.50 ലക്ഷം | 20% ജോലി പൂർത്തീകരിച്ചിട്ടുണ്ട്. |
| 9 | കിഴക്കേകല്ലട പഞ്ചായത്തിലെ ചീക്കൽ കടവ് പാലത്തിന് താഴ്ഭാഗത്തായി കല്ലട നദിയുടെ ഇടതുകര സംരക്ഷണം | 28.25 ലക്ഷം | എഗ്രിമെന്റ് അയച്ചിട്ടുണ്ട്. |
| 10 | ചടയമംഗലം പഞ്ചായത്തിലെ [illegible] ട്ട കടവ് പാലത്തിന് താഴ് ഭാഗത്തായി ഇത്തിക്കര നദിയുടെ ഇടതുകര സംരക്ഷണം | 19.90 ലക്ഷം | സ്ഥലം കൈമാറിയിട്ടുണ്ട്. |
| 11 | വെളിനല്ലൂർ പഞ്ചായത്തിലെ ആക്കൽ വാർഡിലെ വള്ളക്കടവ് ഭാഗത്ത് ഇത്തിക്കര നദിയുടെ വലതുകര സംരക്ഷണം | 15 ലക്ഷം | സ്ഥലം കൈമാറിയിട്ടുണ്ട്. |
| 12 | വെളിനല്ലൂർ പഞ്ചായത്തിലെ കാളവയൽ വാർഡിലെ കാളൂർ ഭാഗത്ത് ഇത്തിക്കര നദിയുടെ വലതുകര സംരക്ഷണം | 31.40 ലക്ഷം | സ്ഥലം കൈമാറിയിട്ടുണ്ട്. |
| 13 | വെളിനല്ലൂർ പഞ്ചായത്തിലെ പുന്നത്ത് മൂട് കടവിന് സമീപം ഇത്തിക്കര നദിയുടെ വലതുകര സംരക്ഷണം | 15 ലക്ഷം. | സ്ഥലം കൈമാറിയിട്ടുണ്ട്. |
| 14 | കല്ലുവാതുക്കൽ പഞ്ചായത്തിലെ വാർഡ് 3-ൽ [illegible] മന്ദിരത്തിന് സമീപം ഇത്തിക്കര നദിയുടെ ഇടതുകര സംരക്ഷണം. | 15 ലക്ഷം | സ്ഥലം കൈമാറിയിട്ടുണ്ട്. |

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ.6895

2.11.2011ൽ മറുപടിക്ക്

# റിവർ മാനേജ്മെന്റ് ഫണ്ട്

ചോദ്യം
ശ്രീ.എ.എം.ആരിഫ് :

ഉത്തരം
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യൂ വകുപ്പു മന്ത്രി)

| | |
|---|---|
| (എ) ആലപ്പുഴ ജില്ലയിൽ റിവർമാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവർത്തികളാണ് നടപ്പാക്കി വരുന്നത്. ; | (എ) ആലപ്പുഴ ജില്ലയിൽ റിവർമാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി നടന്നു വരുന്ന പ്രവർത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) എത്ര രൂപയാണ് പദ്ധതിക്കായി ആലപ്പുഴ ജില്ലയ്ക്കുള്ളത് ; | (ബി) 30.9.2011 വരെയുള്ള കണക്ക് പ്രകാരം റിവർ മാനേജ്മെന്റ് ഫണ്ടിനത്തിൽ പദ്ധതികൾക്കായി 32,12,295/- രൂപയാണുള്ളത്. |
| (സി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് കായലിനോട് ചേർന്ന് കിടക്കുന്ന അരൂർ മണ്ഡലത്തിലെ ചന്തിരൂർ പുത്തൻതോട് ആഴം കൂട്ടി ശുചീകരിക്കുന്നതിനുള്ള നടപടികൾ സ്വികരിക്കുമോ? | (സി) 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്ടിലെ ചട്ടം 22 പ്രകാരം കടവോ നദീതീരമോ പരിപാലിക്കുന്നതിലേയ്ക്കും നദീതീര വികസന പദ്ധതികൾ നടപ്പിലാക്കുന്നതിലേയ്ക്കും ആവശ്യമായ ചിലവുകൾ വഹിക്കുന്നതിലേയ്ക്കായാണ് റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിക്കേണ്ടത്. കായൽ, തോട് എന്നിവ സംബന്ധിച്ചുള്ള പ്രവർത്തികൾക്ക് റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിക്കുന്നത് ചട്ട പ്രകാരം സാദ്ധ്യമല്ല. |

Vijean
സെക്ഷൻ ഓഫീസർ

**അനുബന്ധം – I**

| Sl.No | Projects | Amount |
|---|---|---|
| 1 | Improvements in bathing ghat in Pampa River in at Arattu Kadavu of Chengannoor Mahadeva Temple-providing fencing safety | Rs.1,75,000 |
| 2 | Protecting the left bank of Pampa river upstream of Kampuzhakkadavu in Ward No.II of Pandanadu Grama Panchayath | Rs.11,50,000 |
| 3 | Protecting the right bank of Pampa river at Piramittakkara in R:S.5/7 and 5/8 in Ward No.I of Pandanadu Grama Panchayath | Rs.5,00,000 |
| 4 | Protecting the right bank of Pampa river down stream of Edavoor Madomkadavu in Ward No.III Vazhamangalam of Chengannoor | Rs.10,50,000 |
| | Total | Rs.28,75,000 |

Vajeem
S.O

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 6901 — 02.11.2011- ൽ മറുപടിക്ക്

പ്രകൃതിക്ഷോഭങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീമതി. കെ.കെ ലതിക | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. റവന്യൂ വകുപ്പു മന്ത്രി) |
| (എ) | ഇടി, മിന്നൽ എന്നിവമൂലമുള്ള പ്രത്യാഘാതങ്ങൾ പ്രകൃതിക്ഷോഭത്തിന്റെ പട്ടികയിൽ നിന്ന് കേന്ദ്രസർക്കാർ ഒഴിവാക്കിയ നടപടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇടി, മിന്നൽ മൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങൾ പ്രകൃതിക്ഷോഭത്തിന്റെ പട്ടികയിൽ കേന്ദ്ര സർക്കാർ ഉൾപ്പെടുത്തിയിട്ടില്ല. ഇത് ഉൾപ്പെടുത്തുവാൻ കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്. |
| (ബി) | ഇടിയും മിന്നലുമേറ്റ് വീടുകളും വസ്തുവകകളും നഷ്ടപ്പെട്ടാൽ ഇപ്പോൾ നഷ്ടപരിഹാരം നൽകിവരുന്നുണ്ടോ; | (ബി) | ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുന്നുണ്ട്. |
| (സി) | ഇല്ലെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 6905** **02.11.2011- ൽ മറുപടിക്ക്**

**നാഷണൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എ.എ അസീസ് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. റവന്യൂ വകുപ്പു മന്ത്രി) |
| (എ) | നാഷണൽ സൈക്ലോൺ റിസ്ക് മിറ്റി ഗേഷൻ പദ്ധതിവഴി ഏതൊക്കെ പഞ്ചായത്തുകളിലാണ് സൈക്ലോൺ ഷെൽട്ടറുകൾ നിർമ്മിക്കുന്നത്; | (എ) | ലോക ബാങ്ക് സഹായത്തോടു കൂടി നാഷണൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ പദ്ധതിയിൽ കേരളത്തിലെ 9 തീരദേശ ജില്ലകളിൽ 40 സൈക്ലോൺ ഷെൽട്ടറുകളാണ് നിർമ്മിക്കാൻ ഉദ്ദേശി ക്കുന്നത്. ഈ പദ്ധതിയുടെ വിശദമായ പ്രോജക്ട് (ഡി.പി.ആർ) കേന്ദ്ര സർക്കാറിൽ സമർപ്പിച്ചിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ ലോക ബാങ്ക് പ്രതിനിധികൾ പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ചിട്ടുള്ളതും, അവർ നല്കിയ നിർദ്ദേശങ്ങളുടെ അടിസ്ഥാന ത്തിൽ സ്ഥലങ്ങളുടെ കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുന്നതിനും പ്രോജക്ട് റിപ്പോർട്ടിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | എത്ര ഷെൽട്ടർ വീതമാണ് നിർമ്മി ക്കുന്നത്; ഓരോ ഷെൽട്ടറിനും ചെല വാകുന്ന തുക എത്ര വീതമാണ്; | (ബി) | 9 തീരദേശ ജില്ലകളിൽ 40 സൈക്ലോൺ ഷെൽട്ടറുകളാണ് നിർമ്മിക്കാൻ ഉദ്ദേശി ക്കുന്നത്. ഇത് 4 ടൈപ്പ് ഷെൽട്ടറുകളാണ്. ഇതിൽ ഓരോ ടൈപ്പിലുംപ്പെട്ട ഒരു ഷെൽട്ടറിന് താഴെപ്പറയുന്ന ചെലവു വരുന്നതാണ്.<br><br>ടൈപ്പ് 1 - 342.58 ലക്ഷം രൂപ<br>ടൈപ്പ് 2 - 292.75 ലക്ഷം രൂപ<br>ടൈപ്പ് 3 - 256.88 ലക്ഷം രൂപ<br>ടൈപ്പ് 4 - 222.5 ലക്ഷം രൂപ |
| (സി) | പ്രസ്തുത പദ്ധതിക്ക് സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരി ന്റെയും ധനവിനിയോഗം എപ്രകാര മാണെന്ന് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സംസ്ഥാന സർക്കാറുകൾ 75:25 എന്ന ക്രമത്തിലാണ് ധന വിനിയോഗത്തിന് ധാരണയായി രിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**

**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 6908** **02.11.2011- ൽ മറുപടിക്ക്**

**വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ഇ.കെ വിജയൻ** | | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. റവന്യൂ വകുപ്പു മന്ത്രി)** |
| (എ) | നാദാപുരം നിയോജക മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രകാരം എത്ര രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും, ചെലവഴിച്ച തുകയുടെ കണക്കും വർഷം തിരിച്ച് ലഭ്യമാക്കാമോ ; | (എ) | ഭരണാനുമതി നൽകുന്നത് ജില്ലാടിസ്ഥാനത്തിലായതിനാൽ നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിവരം ലഭ്യമല്ല. |
| (ബി) | വിവിധ കാരണങ്ങളാൽ ഇതുവരെയായി കാൻസൽ ചെയ്ത പ്രവൃത്തികളുടെ ലിസ്റ്റും തുകയും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ ; | (ബി) & (സി) | ഭരണാനുമതി ലഭിച്ചിട്ടും 24.05.2011 വരെ പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികളുടെ ഭരണാനുമതി ദീർഘിപ്പിച്ച് നൽകേണ്ടതില്ലെന്ന് സ.ഉ(ആർ.റ്റി) നം.3120/2011/ഡി.എം.ഡി തീയതി 14.07.2011 പ്രകാരം ഉത്തരവായിട്ടുണ്ട്. ഭരണാനുമതി ജില്ലാടിസ്ഥാനത്തിൽ നൽകുന്നതിനാൽ പഞ്ചായത്ത് തിരിച്ചുള്ള വിവരം ലഭ്യമല്ല. |
| (സി) | നിലവിലുള്ള ഭരണാനുമതി ലഭിച്ച റോഡുകളുടെ പ്രവർത്തന പുരോഗതി പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ ? | | |

**സെക്ഷൻ ഓഫീസർ**

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 6909 02.11.2011- ൽ മറുപടിക്ക്

## ഫ്ളഡ് റിലീഫ് വർക്കുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. റവന്യൂ വകുപ്പു മന്ത്രി) |
| (എ) | അങ്കമാലി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച ഫ്ളഡ് റിലീഫ് വർക്കുകൾ ഏതെല്ലാമാണ്; | (എ) & (ബി) | ഭരണാനുമതി നൽകുന്നത് ജില്ലാടിസ്ഥാനത്തിലായതിനാൽ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള വിവരം ലഭ്യമല്ല. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ ; | | |
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം കഴിഞ്ഞ സർക്കാർ അനുവദിച്ച പ്രവൃത്തികൾ റദ്ദ് ചെയ്തിട്ടുണ്ടോ ; | (സി) | ഇല്ല. |
| (ഡി) | എങ്കിൽ അങ്കമാലി നിയോജകമണ്ഡലത്തിലെ അനുവദിക്കപ്പെട്ട ഏതെല്ലാം പ്രവൃത്തികളാണ് റദ്ദു ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 6910 02.11.2011- ൽ മറുപടിക്ക്

**വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽ ഉൾപ്പെടുത്തിയ വർക്കുകൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. പി.സി ജോർജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ഡോ. എൻ. ജയരാജ്** | | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. റവന്യൂ വകുപ്പു മന്ത്രി)** |
| (എ) | വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽ ഉൾപ്പെടുത്തി വർക്കുകൾ ചെയ്യുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ; | (എ) | 08.09.2009 ലെ സ.ഉ(എം.എസ്)നം. 396/2009/ഡി.എം.ഡി അനുസരിച്ചാണ് വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽ ഉൾപ്പെടുത്തി വർക്കുകൾ ചെയ്യുന്നത്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ഫണ്ട് അനുവദിച്ച് ഉത്തരവായതിന് ശേഷം വർക്ക് ഏറ്റെടുത്തു ചെയ്യുന്നത് വരെയുള്ള നടപടിക്രമങ്ങളുടെ ബുദ്ധിമുട്ടുകൾ കാരണം പല സ്ഥലങ്ങളിലും വർക്കുകൾ പൂർണ്ണമായി നടപ്പാക്കാൻ സാധിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത ഫണ്ട് ഉപയോഗിച്ച് സുതാര്യമായും കാലതാമസം കൂടാതെയും വർക്കുകൾ ചെയ്യുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാൻ ഉദ്ദേശിക്കുന്നുവോ; വിശദാംശങ്ങൾ നൽകുമോ? | (സി) | ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 6911** **02.11.2011- ൽ മറുപടിക്ക്**

**ദുരന്തനിവാരണ പ്രവർത്തനങ്ങൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. റ്റി.യു കുരുവിള<br>ശ്രീ. മോൻസ് ജോസഫ് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. റവന്യൂ വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് ദുരന്തനിവാരണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | ദുരന്തങ്ങളോട് സമയോചിതമായി പ്രതികരിക്കുന്നതിനും ആസൂത്രണത്തിനുമായി 2005 ലെ ദുരന്ത നിവാരണ നിയമം മൂലം സംസ്ഥാന മുഖ്യമന്ത്രി ചെയർമാനും, റവന്യൂ വകുപ്പ് മന്ത്രി വൈസ് ചെയർമാനുമായി ദുരന്ത നിവാരണ അതോറിറ്റിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. കൂടാതെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും, റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനറുമായി സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മറ്റിയും പ്രവർത്തിക്കുന്നു. ജില്ലകളിൽ ജില്ലാ കളക്ടർ ചെയർമാനും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കോ ചെയർമാനുമായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും പ്രവർത്തിച്ചു വരുന്നു.<br>സ്ഥിതി ഗതികൾ വിലയിരുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനും ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന സംസ്ഥാനതല കൺട്രോൾ റൂമും, ജില്ലാ കളക്ട്രേറ്റുകളിൽ ജില്ലാതല കൺട്രോൾ റൂമുകളും പ്രവർത്തിക്കുന്നുണ്ട്.<br>ദുരന്ത സമയങ്ങളിൽ ബന്ധപ്പെട്ട വകുപ്പ് നോഡൽ വകുപ്പായി പ്രവർത്തിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനും ശ്രദ്ധിക്കുന്നു. എല്ലാ ജില്ലകളിലും ജില്ലാ ദുരന്ത നിവാരണ പ്ലാനുകളും തയ്യാറാക്കിയിട്ടുണ്ട്. ആയത് ദുരന്ത നിവാരണ അതോറിറ്റി വെബ്സൈറ്റിൽ ലഭ്യമാണ്. |
| (ബി) | ഏതെല്ലാം ജില്ലകളിൽ ദുരന്തനിവാരണ അതോറിറ്റികൾ രൂപീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; ഇവയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; | (ബി) | എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കോ ചെയർമാനുമായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ 8 ജില്ലകളിൽ ദുരന്ത നിവാരണത്തിന് മാത്രമായി ഡെപ്യൂട്ടി കളക്ടർമാരെ നിയമിച്ചിട്ടുണ്ട്. ജില്ലകളിലെ ദുരന്ത നിവാരണ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾക്ക് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി മേൽനോട്ടം വഹിക്കുന്നു. |
| (സി) | ദുരന്തനിവാരണ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് നൽകിവരുന്ന പരിശീലന പരിപാടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | (സി) | ദേശീയ ദുരന്ത നിവാരണ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിവരുന്ന വിവിധങ്ങളായ പരിശീലന പരിപാടികളിൽ സംസ്ഥാനത്തെ ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചു വരുന്നു. കൂടാതെ ദുരന്ത നിവാരണ അതോറിറ്റി മുൻകൈയെടുത്ത് സംസ്ഥാന തലത്തിലും ജില്ലാ തലങ്ങളിലും വിവിധ തരത്തിലുള്ള കപ്പാസിറ്റി ബിൽഡിംഗ് പരിപാടികൾ നടപ്പിലാക്കി വരുന്നു. യു.എൻ.ഡി.പി യുടെ സഹായത്തോടെ ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിൽ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ പ്രോഗ്രാമുകളും, എല്ലാ കോർപ്പറേഷനുകളിലും നഗര ദുരന്ത ലഘൂകരണ പദ്ധതികളും നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ജില്ലാതലങ്ങളിൽ തിരഞ്ഞെടുത്ത വില്ലേജുകളിൽ വില്ലേജ് ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റികളും കോർപ്പറേഷനുകളിലെ തിരഞ്ഞെടുത്ത വാർഡുകളിൽ വാർഡ് തല ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റികളും രൂപീകരിച്ച് അംഗങ്ങൾക്ക് പരിശീലനം നല്കി വരുന്നു. കൂടാതെ ഐ.എൽ.ഡി.എം മുഖേന സർക്കാർ ജീവനക്കാർക്കും സന്നദ്ധ സംഘടനകൾക്കും, വിവിധ തരത്തിലുള്ള പരിശീലന പരിപാടികളും സംഘടിപ്പിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 6912 02.11.2011- ൽ മറുപടിക്ക്

### ദുരന്ത നിവാരണ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എം.എ വാഹീദ്<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. സി.പി മുഹമ്മദ് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. റവന്യൂ വകുപ്പു മന്ത്രി) |
| (എ) | ദുരന്ത നിവാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാം; | (എ) | ദുരന്തങ്ങളോട് സമയോചിതമായി പ്രതികരിക്കുന്നതിനും ആസൂത്രണത്തിനുമായി 2005 ലെ ദുരന്ത നിവാരണ നിയമം മൂലം സംസ്ഥാന മുഖ്യമന്ത്രി ചെയർമാനും, റവന്യൂ വകുപ്പ് മന്ത്രി വൈസ് ചെയർമാനുമായി ദുരന്ത നിവാരണ അതോറിറ്റിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. കൂടാതെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും, റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനറുമായി സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മറ്റിയും പ്രവർത്തിക്കുന്നു. ജില്ലകളിൽ ജില്ലാ കളക്ടർ ചെയർമാനും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കോ ചെയർമാനുമായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും പ്രവർത്തിച്ചു വരുന്നു.<br>സ്ഥിതി ഗതികൾ വിലയിരുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനും ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന സംസ്ഥാനതല കൺട്രോൾ റൂമും, ജില്ലാ കളക്ട്രേറ്റുകളിൽ ജില്ലാതല കൺട്രോൾ റൂമുകളും പ്രവർത്തിക്കുന്നുണ്ട്. 8 ജില്ലകളിൽ ദുരന്ത നിവാരണത്തിന് മാത്രമായി ഡെ. കളക്ടർമാരെ നിയമിച്ചിട്ടുണ്ട്.<br>ദുരന്ത സമയങ്ങളിൽ ബന്ധപ്പെട്ട വകുപ്പ് നോഡൽ വകുപ്പായി പ്രവർത്തിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനും ശ്രദ്ധിക്കുന്നു. എല്ലാ ജില്ലകളിലും ജില്ലാ ദുരന്ത നിവാരണ പ്ലാനുകളും തയ്യാറാക്കിയിട്ടുണ്ട്. ആയത് ദുരന്ത നിവാരണ അതോറിറ്റി വെബ്സൈറ്റിൽ ലഭ്യമാണ്. |

| | | | |
|---|---|---|---|
| (ബി) | ദുരന്തത്തിനുശേഷം ഇടപെടുക എന്ന രീതിയിൽ നിന്ന് ദുരന്തത്തിന് മുമ്പ് ശാക്തീകരിക്കുക എന്ന രീതിക്ക് മുൻഗണന നൽകുമോ; | (ബി) | ദുരന്തങ്ങൾ നേരിടുന്നതിനായി ജനങ്ങളെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടു കൂടി ദുരന്ത നിവാരണ അതോറിറ്റി മുൻകൈയെടുത്ത് സംസ്ഥാന തലത്തിലും ജില്ലാ തലങ്ങളിലും വിവിധ തരത്തിലുള്ള കപ്പാസിറ്റി ബിൽഡിംഗ് പരിപാടികൾ നടപ്പിലാക്കി വരുന്നു. യു.എൻ.ഡി.പി യുടെ സഹായത്തോടെ ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിൽ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ പ്രോഗ്രാമുകളും, എല്ലാ കോർപ്പ റേഷനുകളിലും നഗര ദുരന്ത ലഘൂകരണ പദ്ധതികളും നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ജില്ലാതലങ്ങളിൽ തിരഞ്ഞെടുത്ത വില്ലേജുകളിൽ വില്ലേജ് ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റികളും കോർപ്പറേഷനുകളിലെ തിരഞ്ഞെടുത്ത വാർഡുകളിൽ വാർഡ് തല ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റികളും രൂപീകരിച്ച് അംഗങ്ങൾക്ക് പരിശീലനം നല്കി വരുന്നു. ഇവിടങ്ങളിലെ തിരഞ്ഞെടുത്ത സ്കൂളുകളിൽ സ്കൂൾ സുരക്ഷാ ക്ലബുകൾ രൂപീകരിച്ച് കുട്ടികൾക്കും പരിശീലനം നല്കി വരുന്നുണ്ട്. ജില്ലകളിലെ സന്നദ്ധ സംഘടനകൾക്കും ഇത്തരത്തിൽ പരിശീലനം നല്കുന്നുണ്ട്. കൂടാതെ ഐ.എൽ.ഡി.എം മുഖേന സർക്കാർ ജീവനക്കാർക്കും മറ്റുള്ള വർക്കും വിവിധ തരത്തിലുള്ള പരിശീലന പരിപാടികളും സംഘടിപ്പിച്ചു വരുന്നു. |
| (സി) | ഇതിനായി എല്ലാ വിഭാഗം ജനങ്ങ ളെയും കൂട്ടായി പരിശ്രമിപ്പിക്കുന്ന തിന് നടപടി എടുക്കുമോ? | (സി) | ദുരന്ത നിവാരണ അതോറിറ്റി മുൻകൈയെടുത്ത് സംസ്ഥാന തല ത്തിലും ജില്ലാ തലങ്ങളിലും എല്ലാ വിഭാഗം ജനങ്ങൾക്കും അവബോധം നല്കുന്നതിനും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ അവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും ശ്രമിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 6913 02.11.2011- ൽ മറുപടിക്ക്

ദുരന്തനിവാരണ സംവിധാനങ്ങൾ മെച്ചപ്പെടുത്താൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എ.എ അസീസ് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. റവന്യൂ വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് ദുരന്തനിവാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ച പുതിയ പദ്ധതികൾ എന്തെല്ലാമാണ്; | (എ) | നാഷണൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ പദ്ധതി, ഫ്ളഡ് മോണിട്ടറിംഗ് പ്രോജക്ട്, സോയിൽ പൈപ്പിംഗ് പദ്ധതി എന്നിവ കേന്ദ്ര സർക്കാറിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ആട്ടോമേറ്റഡ് വെതർ സ്റ്റേഷൻ സ്ഥാപിക്കുതിന് ഐ.എം.ഡി യോടും, നാഷണൽ ലാന്റ് സ്ലൈഡ് മിറ്റിഗേഷൻ പ്രോജക്ട്, എർത്ത്ക്യുക്ക് മിറ്റിഗേഷൻ പ്രോജക്ട്, ദേശീയ സ്കൂൾ സുരക്ഷാ പദ്ധതി മീഡിയ കാംപയിൻ എന്നിവയിൽ കേരളത്തെ ഉൾപ്പെടുത്തുന്നതിന് എൻ.ഡി.എം.എ യോടും ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | നാഷണൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ പദ്ധതിയുടെ വിശദമായ പ്രോജക്ട് (ഡി.പി.ആർ) സമർപ്പിച്ചിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ ലോക ബാങ്ക് പ്രതിനിധികൾ പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ചിട്ടുള്ളതും അവർ നല്കിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ടിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഫ്ളഡ് മോണിട്ടറിംഗ് പ്രോജക്ട് സോയിൽ പൈപ്പിംഗ് പദ്ധതി എന്നിവ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതും തത്വത്തിൽ അംഗീകരി ച്ചിട്ടുള്ളതുമാണ്. |
| (സി) | ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് ഇപ്പോൾ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; | (സി) | സ്ഥിതി ഗതികൾ വിലയിരുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനും ലാന്റ് റവന്യൂ കമ്മിഷണറേറ്റിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന സംസ്ഥാന തല കൺട്രോൾ റൂമും, ജില്ലാ കളക്ട്രേറ്റുകളിൽ ജില്ലാ തല കൺട്രോൾ റൂമുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മൺസൂൺ സമയത്ത് താലൂക്ക് തലങ്ങളിലും കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്.<br>ദുരന്ത സമയങ്ങളിൽ ബന്ധപ്പെട്ട വകുപ്പ് നോഡൽ വകുപ്പായി പ്രവർത്തിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനും ശ്രദ്ധിക്കുന്നു. എല്ലാ ജില്ലകളിലും ജില്ലാ ദുരന്ത നിവാരണ പ്ലാനുകളും തയ്യാറാക്കിയിട്ടുണ്ട്. ആയത് ദുരന്ത നിവാരണ അതോറിറ്റി വെബ്സൈറ്റിൽ ലഭ്യമാണ്. |
| (ഡി) | നിലവിലുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | പതിമൂന്നാം ധനകാര്യ കമ്മിഷന്റെ ഗ്രാന്റ് ഉപയോഗിച്ച് സംസ്ഥാന ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ ശക്തിപ്പെടുത്തുന്നതിന് പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6914 02.11.2011 ൽ മറുപടിയ്ക്ക്

## അരൂർ മിനി സിവിൽ സ്റ്റേഷൻ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ. എം. ആരിഫ്: | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പുമന്ത്രി) |
| (എ) അരൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നത് ഈ വർഷത്തെ ബഡ്ജറ്റ് സ്പീച്ചിൽ ഉൾപ്പെടുത്തി യിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അരൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം ഈ വർഷത്തെ ബഡ്ജറ്റ് സ്പീച്ചിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (ബി) അരൂർ പഞ്ചായത്തിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം ലഭ്യമാകാത്ത സാഹചര്യത്തിൽ അരൂരിൽ നിന്നും 1/2 കി.മീ അകലത്തിലുള്ള അരുക്കുറ്റി പഞ്ചായത്തിൽ ആശുപത്രി വക 5.5 ഏക്കർ സ്ഥലത്തു നിന്നും മിനി സിവിൽ സ്റ്റേഷന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് നടപടി കൾ സ്വീകരിക്കുമോ;<br><br>(സി) അപ്രകാരം ലഭ്യമാക്കുന്ന സ്ഥലത്ത് മിനി സിവിൽ സ്റ്റേഷൻ നിർമ്മി ക്കുന്നതിന് വേണ്ട നടപടി സ്വീകരി ക്കുമോ ? | (ബി) & (സി) | അരൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ ശേഷം സ്ഥല ലഭ്യത സംബന്ധിച്ചും നിർമ്മാണം സംബന്ധി ച്ചുമുള്ള കാര്യങ്ങൾ പരിശോധിക്കാവു ന്നതാണ്. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 6916 — 02/11/2011-ൽ മറുപടിയ്ക്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു: റവന്യൂ വകുപ്പ് മന്ത്രി) |
| (എ) സ്റ്റേറ്റ് ഹൈവേ 34 (കെ.ടി.എം.ഇ.എ)യിൽ ബാലുശ്ശേരി മുക്കിൽ ജംഗ്ഷൻ നവീകരണത്തിന് ലാന്റ് അക്വീസിഷൻ നടപടിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ് എന്ന് വ്യക്തമാക്കാമോ ; | (എ) ബാലുശ്ശേരി മുക്ക് പാലം നിർമ്മാണത്തിനും, റോഡ് വീതി കൂട്ടുന്നതിനും വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ സർവ്വേ നടപടികൾ പൂർത്തീകരിച്ച് അംഗീകാരത്തിനായി ജില്ലാ സർവ്വേ സൂപ്രണ്ടിന് അയച്ചുകൊടുത്തിരിക്കുകയാണ്. |
| (ബി) നിർമ്മാണ പ്രവർത്തിക്കുവേണ്ടി സ്ഥലം എപ്പോൾ ലഭ്യമാക്കുമെന്ന് പ്രഖ്യാപിക്കാമോ ? | (ബി) അടിയന്തിര ഖണ്ഡാനുമതി ഉള്ളതിനാൽ പ്രഖ്യാപനം പ്രസിദ്ധീകരിച്ച ശേഷം അർത്ഥനാധികാരി ആവശ്യമായ ഫണ്ട് ലഭ്യമാക്കിയിൽ പൊന്നും വില നിയമം 9 (1) വകുപ്പ് പ്രകാരമുള്ള അറിയിപ്പ് പ്രസിദ്ധീകരിക്കുന്ന തിയതി മുതൽ 15 ദിവസം കഴിയുമ്പോൾ ഭൂമി ഏറ്റെടുത്ത് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

പൈതൃക കെട്ടിടങ്ങൾ. അത്തരത്തിലുള്ള കെട്ടിടങ്ങളെ കണ്ടെത്തി നവീകരണത്തിനാവശ്യമായ എസ്റ്റിമേറ്റ് സഹിതം ലിസ്റ്റ് സമർപ്പിക്കാൻ ജില്ലാ കളക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) തിരിച്ചറിയുന്ന കെട്ടിടങ്ങളെ പരിപാലന നടപടികളിലൂടെയും അറ്റകുറ്റപ്പണികൾ നടത്തിയും സംരക്ഷിക്കാൻ സ്വീകരിച്ചിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണ് ?

(സി) 2010-11 സാമ്പത്തിക വർഷം മുതൽ പൈതൃക മന്ദിരങ്ങളുടെ സംരക്ഷണത്തിനായി ബഡ്ജറ്റിൽ തുക വകയിരുത്തുകയും ടി തുകയിൽ ഉൾപ്പെടുത്തി പൈതൃക മന്ദിരങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തി വരികയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **6919** 02 /11/2011 ൽ മറുപടിയ്ക്ക്

## ഇ-ഡിസ്ട്രിക്ക് പദ്ധതി

ചോദ്യം

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി:

ഇ-ഡിസ്ട്രിക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി വില്ലേജ് ഓഫീസുകളിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

മറുപടി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യൂ വകുപ്പ് മന്ത്രി)

കേന്ദ്രസർക്കാരിന്റെ NeGP (നാഷണൽ ഇ-ഗവേർണൻസ് പ്ലാൻ) പദ്ധതിയിൻ കീഴിൽ കേരള സ്റ്റേറ്റ് ഐ.റ്റി.മിഷനും, ലാന്റ് റവന്യൂ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന ഇ-ജില്ലാ പദ്ധതി പൈലറ്റടിസ്ഥാനത്തിൽ പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിലെ വില്ലേജ് ആഫീസുകളിൽ നടന്നു വരുന്നു. ഈ പദ്ധതിയിൻ പ്രകാരം വില്ലേജാഫീസുകൾ വഴി വിതരണം ചെയ്യുന്ന 23 സർട്ടിഫിക്കറ്റുകൾ കമ്പ്യൂട്ടർ വൽക്കരിച്ച് അക്ഷയ കേന്ദ്രങ്ങൾ വഴി പൊതുജനസൗകര്യാർത്ഥം വിതരണം ചെയ്യുന്നു. പൊതുജനങ്ങൾക്ക് പരമാവധി സൗകര്യപ്രദമാവും വിധത്തിൽ തൊട്ടടുത്തുള്ള അക്ഷയ കേന്ദ്രങ്ങളിൽ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ സമർപ്പിക്കാവുന്നതും അവിടെ നിന്നു തന്നെ പ്രസ്തുത സർട്ടിഫിക്കറ്റുകൾ കൈപ്പറ്റാവുന്നതുമാണ്. പരമാവധി സുതാര്യവും, വേഗത്തിലും അഴിമതി രഹിതവുമായ ഒരു നടപടി ക്രമമാണ് ഇ-ജില്ലാ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

~~സെക്ഷൻ ഓഫീസർ~~

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6921 — 02.11.2011 ൽ മറുപടിയ്ക്ക്

വില്ലേജ് വിഭജനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.കെ.എസ് സലീഖ: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പുമന്ത്രി) |
| (എ) ഷൊർണ്ണൂർ മണ്ഡലത്തിലെ ഏതെങ്കിലും വില്ലേജ് വിഭജിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദീകരിക്കാമോ ? | (എ) ഷൊർണ്ണൂർ മണ്ഡലത്തിലെ ഒരു വില്ലേജും വിഭജിക്കുന്നതിന് നാളിതു വരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6928** **02.11.2011- ൽ മറുപടിനൽകേണ്ടത്.**

### പേഴ്സണൽ സ്റ്റാഫിന്റെ ഘടന

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.കെ.കെ.നാരായണൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>റവന്യൂ വകുപ്പുമന്ത്രി |
| (എ) റവന്യൂ വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ എത്രപേർ ജോലി ചെയ്യുന്നുണ്ട് എന്നും ഇവർ ആരൊക്കെയാണെന്നും ഏതൊക്കെ പോസ്റ്റുകളിലാണെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ; | (എ) 25 പേർ - വിശദമായ പട്ടിക അനുബന്ധം I ൽ കാണാവുന്നതാണ്. |
| (ബി) ഇവരിൽ ആരെങ്കിലും ഈ ഗവൺമെന്റിന്റെ കാലത്ത് തന്നെ മറ്റാരുടെയെങ്കിലും പേഴ്സണൽ സ്റ്റാഫിൽ അംഗമായിരുന്നിട്ടുണ്ടോ; | (ബി) ഇല്ല |
| (സി) എങ്കിൽ ആരുടെ പേഴ്സണൽ സ്റ്റാഫിൽ ഏത് കാലയളവിലായിരുന്നുവെന്ന് വെളിപ്പെടുത്തുമോ; | (സി) ബാധകമല്ല |
| (ഡി) പ്രസ്തുത വ്യക്തി ഏത് തീയതി മുതൽ ജോലി ചെയ്യുന്നു എന്ന് വ്യക്തമാക്കാമോ? | (ഡി) പ്രസക്തമല്ല |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

| Sl. No. | Name & Address | Designation | Scale of Pay | Comments |
|---|---|---|---|---|
| 1. | Sri. V.K.Raveendran, Additional Secretary to Government, Administrative Secretariat | Private Secretary | Rs.44640-58640 | |
| 2. | Sri. K.V. George, Additional Secretary (Retd.), General Administration Department | Additional Private Secretary | Rs.25400-33100 (PR) | |
| 3. | Sri. D. Sukumaran Achary, Joint Secretary (Retd.) Legislature Secretariat | Additional Private Secretary | Rs.23200-31150 (PR) | |
| 4. | Sri. Renju K. Mathew Senior Accountant, District Treasury, Kottayam | Personal Assistant | Rs.13210-22360 | |
| 5. | Sri. Asish P.R., Navamalika, Madavoor, Pallickal P.O., Thiruvananthapuram - 695 602 | Clerk | Rs.13900-24040 | |
| 6. | Sri. Das K.R., Driver, PH Sub-Division, Kerala Water Authority, Kollam | Chauffeur | Rs.5300-8170 | |
| 7. | Sri. Bavachan R., Albin House, Pazhakulam P.O., Adoor, Pathanamthitta | Chauffeur | Rs.9940-16580 | |
| 8. | Sri. S.S.Chandra Kumar, Section Officer, Revenue (N) Department, Administrative Secretariat | Assistant Private Secretary | Rs.20740-36140 | |
| 9. | Sri. P.R. Sasikumaran Nair, Deputy Director, I & PR Department (Rtd), Mangala Bhavan, Industrial Estate P.O., Thiruvananthapuram | Additional Private Secretary | Rs.16650-23200 (PR) | |
| 10. | Sri. K.Sasi, Karthika Nilayam, T.C. 43/1070 (3), Vaduvathoor, Kamaleswaram, Manacaud P.O., Thiruvananthapuram - 695 009 | Peon | Rs.8500-13210 | |
| 11. | Sri. Xavier Sebastian, Section Officer, Forest & Wild life Department, Administrative Secretariat | Assistant Private Secretary | Rs.20740-36140 | |
| 12. | Sri. Anil Kumar P., Selection Grade Typist, State Land Board, Tvpm. | Typist | Rs.14620-25280 | |

24. Sri. O. Babu, (Rtd Addl Secy to Govt) TC 22/1019, Chaithanya Gardens, Peroorkada P.O, Tvpm - 695005 — Additional Private Secretary — [illegible]

25. Sri. Roy Mathew, Senior Meter Inspector, PH Sub Division, Kerala Water Authority, Kottayam. — Clerk — [illegible]

## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6935

2.11.2011 ലെ മറുപടിയ്ക്ക്

### മിസ് പട്ടയം

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ(ഉദുമ) | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി ) | |
|---|---|---|---|
| എ) | കാസർഗോഡ് താലൂക്കിൽ കൊടലമൊഗറു വില്ലേജിൽ എൽ.എ/X/70 നമ്പർ പ്രകാരം ഭാസ്ക്കരപണിക്കർ എന്നയാൾക്ക് എത്ര ഏക്കർ സ്ഥലമുണ്ടെന്ന് അറിയിക്കാമോ; | എ) | റി.സ.നമ്പർ 312/4ൽ 2.30 ഏക്കറും റി.സ.നംമ്പർ 311/4ൽ 0.70 ഏക്കറും ഭൂമി ഉൾപ്പെടെ ആകെ 3 ഏക്കർ ഭൂമിയുള്ളതായി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത ഭൂമി നിലവിൽ ആരുടെ കൈവശമാണെന്നും ഉടമസ്ഥൻ ഭാസ്ക്കരപണിക്കർ ജീവിച്ചിരിപ്പുണ്ടോ യെന്നും വിശദമാക്കാമോ; | ബി) | ശ്രീഭാസ്കര പണിക്കരുടെ കൈവശത്തിൽ തന്നെയുണ്ട്. ആകെ 3 ഏക്കർ ഭൂമി. |
| സി) | പ്രസ്തുത ഭൂമി മിസ് പട്ടയം 312 ആയി 7-ാം നമ്പർ അക്കൗണ്ടിൽ ചേർക്കപ്പെട്ട ഭൂമിയാണോ; | സി) | അതെ. |
| ഡി | എങ്കിൽ ഇതേ സ്ഥലം മിസ് പട്ടയമായി 1376-ാം നമ്പരായി വീണ്ടും 7-ാം നമ്പർ അക്കൗണ്ടിൽ ചേർത്തിട്ടുണ്ടോ; | ഡി | ഉണ്ട്. |
| ഇ | ഒരു പ്രാവശ്യം പോക്കുവരവ് നടത്തി തണ്ടപ്പേരിൽ ഉൾപ്പെടുത്തിയ ഭൂമി രണ്ടാമതും ചേർക്കാനുണ്ടായ കാരണം എന്താണെന്ന് വിശദമാക്കാമോ; ആയത് എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയിട്ടാണോ ഇങ്ങനെ ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ? | ഇ | ഭാസ്ക്കര പണിക്കരുടെ പട്ടയ നമ്പർ കെ3 രജിസ്റ്ററിൽ ചേർത്ത് കാണാത്തതിനാൽ കൊഡലമൊഗറു വില്ലേജ് ഓഫീസർ, കാസർഗോഡ് തഹസിൽദാർക്ക് റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 29.10.2009-ൽ ജി1-17577/2009 നമ്പർ പ്രകാരം ആയതിൽ അക്കൗണ്ട് നമ്പർ 7-ൽ ചേർക്കുകയാണ് ചെയ്തത്. എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 6937

2.11.2011 ലെ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പട്ടയം

| | ചോദ്യം<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി ) |
|---|---|---|---|
| എ) | താനൂർ നിയോജക മണ്ഡലത്തിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള പ്രപ്പോസൽ ഇപ്പോൾ പരിഗണനയിലുണ്ടോ; | എ) | താനൂർ വില്ലേജിൽ വിവിധ സർവ്വേ നമ്പരുകളിലും അൺസർവ്വെയ്ഡ് ലാന്റിലുമായി 20 അപേക്ഷകളോളം ലഭിച്ചിട്ടുണ്ട്. |
| ബി) | എങ്കിൽ പ്രസ്തുത പ്രപ്പോസൽ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; മൊത്തം എത്രപ്രപ്പോസലുകളാണ് മണ്ഡലത്തിൽ നിന്ന് പരിഗണനയിലുള്ളത്. | ബി) | പ്രസ്തുത അപേക്ഷകളിൽ അന്വേഷണം നടന്നുവരുന്നു. |
| സി) | മണ്ഡലത്തിൽ ഏതൊക്കെ കോളനികളിൽ വസിക്കുന്ന മത്സ്യത്തൊഴിലാളികൾക്കാണ് പട്ടയം നൽകാനുദ്ദേശിക്കുന്നത്; കോളനിയുടെ പേരും ഓരോന്നിലും എത്ര പട്ടയം വീതം നൽകാനാണുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ. | സി) | മണ്ഡലത്തിൽ പട്ടയം നൽകാൻ അവശേഷിക്കുന്ന ആളുകളുടെ അപേക്ഷകളാണ് പരിഗണിക്കുന്നത്. |
| ഡി) | പട്ടയം ലഭിക്കാത്തതുമൂലം മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന കടുത്ത പ്രയാസങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ. | ഡി) | ഉണ്ട്. |
| ഇ) | എങ്കിൽ നടപടികൾ പൂർത്തീകരിച്ച് ഇവർക്ക് എന്ന് പട്ടയം നൽകാനാകും എന്ന് വ്യക്തമാക്കുമോ? | ഇ) | ലഭിച്ചിട്ടുള്ള അപേക്ഷകളിൽ അർഹതയുള്ളവർക്ക് നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പട്ടയം നൽകാനാവും. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6939 — 2.11.2011 ലെ മറുപടിയ്ക്ക്

### പട്ടയം ലഭിക്കുന്നതിനുള്ള നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പി.ശ്രീരാമകൃഷ്ണൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി ) |
| എ) | പൊന്നാനി താലൂക്ക്, മാറഞ്ചേരി വില്ലേജ്, കാഞ്ഞിരമുക്ക്-അത്താണി പ്രദേശത്ത് 183/73 സർവ്വേ നമ്പരിൽ 20 വർഷമായി താമസിക്കുന്ന 85 കുടുംബങ്ങൾക്ക് നാളിതുവരെയും പട്ടയം ലഭിക്കാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | തിരൂർ ലാന്റ് ട്രിബ്യൂണൽ ഓഫീസിൽ ഇതു സംബന്ധിച്ച പരാതി ഇതുവരെയും തീർപ്പാകാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഉണ്ട് |
| സി) | പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | സി & ഡി) | പ്രസ്തുത ഭൂമി സംബന്ധിച്ച് കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ കേസ് തീർപ്പാകുന്ന മുറക്ക് മാത്രമേ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ കോടതിയിൽ കേസ് തീർപ്പാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കാൻ കഴിയുന്നതാണ്. |
| ഡി) | ഇവർക്ക് എന്ന് പട്ടയം നൽകാനാകും; വിശദമാക്കാമോ | | |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 6945 — 02/11/2011-ൽ മറുപടിയ്ക്ക്

## ഭൂമി ഏറ്റെടുക്കൽ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ. കെ. ലതിക | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) |
| (എ) കുറ്റ്യാടി സബ്‌രജിസ്ട്രാർ ഓഫീസിന്റെ പഴയ കെട്ടിടം പുരാവസ്തു വകുപ്പ് ഏറ്റെടുക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് കളക്ടറേറ്റിൽ എൻ3-38511/2011 നമ്പർ ഫയിലിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) കുറ്റ്യാടി സബ്‌രജിസ്ട്രാർ ഓഫീസിന്റെ റവന്യൂ വിശദവിവരത്തിൽ 'അതിർത്തികൾ' എന്ന് രേഖപ്പെടുത്തിയതിൽ 'തന്നിൽ ശേഷം സ്ഥലം' എന്നതിന്റെ വ്യക്തത അറിയിക്കുവാൻ പുരാവസ്തു ഡയറക്ടർ ആവശ്യപ്പെട്ടതനുസരിച്ച് കുറ്റ്യാടി സബ്‌രജിസ്ട്രാർ ഓഫീസിന്റെ അതിർത്തികൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാൻ വടകര തഹസിൽദാർക്ക് നിർദ്ദേശം നല്കിയിരിക്കുകയാണ്. |
| (ബി) സാംസ്ക്കാരിക വകുപ്പ് എന്തെല്ലാം കാര്യങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) കുറ്റ്യാടി സബ്‌രജിസ്ട്രാർ ഓഫീസിന്റെ അതിർത്തികൾ എന്ന് രേഖപ്പെടുത്തിയതിൽ 'തന്നിൽ ശേഷം സ്ഥലം' എന്നതിന്റെ വ്യക്തതയും, അതിർത്തിയിലുള്ള വസ്തുക്കളുടെ സർവ്വേ നമ്പരുകളുമാണ് ആവശ്യപ്പെട്ടിരിക്കുന്നത്. |
| (സി) ആവശ്യപ്പെട്ട വിവരങ്ങൾ സാംസ്ക്കാരിക വകുപ്പിന് എപ്പോഴത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ? | (സി) തഹസിൽദാറിൽ നിന്നും അടിയന്തിരമായി റിപ്പോർട്ട് ലഭ്യമാക്കി ഈ വിശദാംശങ്ങൾ സാംസ്ക്കാരിക വകുപ്പ് ഡയറക്ടർക്ക് എത്രയും പെട്ടെന്ന് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7043    2/11/2011 ൽ മറുപടിയ്ക്ക്

**പട്ടികജാതി വിഭാഗക്കാർക്കായി വാണിജ്യ - വ്യവസായ സംരംഭങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. എഫ്. തോമസ് | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പട്ടികജാതി വിഭാഗങ്ങളിലുള്ളവർ വാണിജ്യ-വ്യവസായ രംഗങ്ങളിൽ പിന്നോക്കാവസ്ഥയിലാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ പിന്നോക്കാവസ്ഥ പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; | (ബി) | ഈ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | വ്യവസായ സംരംഭക പരിശീലനവും വാണിജ്യ-വ്യവസായ സംരംഭങ്ങൾക്കുവേണ്ടി വായ്പയും അനുവദിച്ച് പ്രസ്തുത വിഭാഗങ്ങളിലുള്ളവർക്ക് പ്രോത്സാഹനം നല്കുമോ? | (സി) | പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പ്രത്യേകഘടക പദ്ധതിക്കായുള്ള പ്രത്യേക കേന്ദ്ര സഹായ പദ്ധതി പ്രകാരം വ്യവസായ സംരംഭക പരിശീലനവും സാമ്പത്തിക സഹായവും അനുവദിച്ചു വരുന്നു. കൂടാതെ വകുപ്പ് നടപ്പിലാക്കുന്ന സ്വയം തൊഴിൽ പദ്ധതി പ്രകാരം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനായി സബ്സിഡി അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7044 — 2/11/2011-ൽ മറുപടിക്ക്

**പട്ടികജാതി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ**

ചോദ്യം — മറുപടി

ശ്രീ. ബി.സത്യൻ — ശ്രീ.എ.പി അനിൽകുമാർ

(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | പട്ടികജാതി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണുള്ളത്; | (എ) | പട്ടികജാതി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ചുവടെ സൂചിപ്പിച്ചിട്ടുള്ള പദ്ധതികൾ നിലവിലുണ്ട്.<br>പട്ടികജാതി വികസനത്തിനായുള്ള SCP ഫണ്ടിന്റെ 2/3 ഭാഗം വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. പട്ടികജാതി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള SCP ഫണ്ടിലുൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.<br>കൂടാതെ പട്ടികജാതി വികസന വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പൂൾഡ് ഫണ്ട്, ക്രിറ്റിക്കൽ ഗ്യാപ്പ് ഫില്ലിംഗ് ഫണ്ട്, കളക്ടർമാർക്ക് അനുവദിച്ച് നൽകിയിട്ടുള്ള SCA to SCP ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തിയും മേൽപറഞ്ഞ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പട്ടികജാതി വിഭാഗത്തിന് സ്ഥലവും വീടും നൽകുന്ന പദ്ധതിയിൽ ലഭ്യമാക്കിയിരുന്ന തുകയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ എത്ര വീതമാണ്; ഏത് കാലയളവ് മുതലാണ് വർദ്ധനവ് വരുത്തിയിട്ടുള്ളത്; വിശദമാക്കാമോ? | (സി) | പട്ടികജാതി വികസന വകുപ്പിന്റെ ഭൂരഹിത ഭവനരഹിത പുന:രധിവാസ പദ്ധതി നടപ്പാക്കുന്നതിനായി 2011-12 സാമ്പത്തിക വർഷം സ.ഉ.(കൈ) നമ്പർ:87/2011/പജ.പവ.വിവ തീയതി: 25/08/11 പ്രകാരം ഗ്രാമപ്രദേശങ്ങളിൽ 3 സെൻറ് ഭൂമി വാങ്ങുന്നതിന് 75,000/-രൂപയിൽ നിന്നും 1,50,000/- രൂപയായും, മുൻസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ രണ്ട് സെൻറ് ഭൂമി വാങ്ങുന്നതിന് 90,000/-രൂപയിൽ നിന്നും 1,75,000/- രൂപയായും ഒരു ലക്ഷം രൂപയിൽ നിന്നും 2 ലക്ഷം രൂപയായും വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഇപ്രകാരം വർദ്ധിപ്പിച്ച തുക നടപ്പ് സാമ്പത്തിക വർഷം തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതാണ്.<br>ഭവനരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പ് മുഖേന നൽകി വരുന്ന ഭവനനിർമ്മാണ ധനസഹായം 1 ലക്ഷം രൂപയിൽ നിന്നും 2 ലക്ഷം രൂപയായി സ.ഉ.(കൈ) നമ്പർ 93/11 പജ.പവ.വിവ തീയതി:15/09/11 പ്രകാരം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഇപ്രകാരം വർദ്ധിപ്പിച്ച തുക മുൻവർഷങ്ങളിൽ അനുവദിച്ചതും ഇനിയും പൂർത്തീകരിക്കാനുള്ളതുമായ വീടുകൾക്ക് കൂടി അനുപാതികമായി അനുവദിച്ച് കൊണ്ട് ജി.ഒ(എം.എസ്) 96/11/ പജ.പവ.വിവ തീയതി:28.9.11 പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7045 2/11/2011 ൽ മറുപടിയ്ക്ക്

## 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പട്ടികജാതി വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പട്ടികജാതി വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികളും പരിപാടികളും എന്തൊക്കെയാണ് ; | (എ) | പട്ടികജാതി വികസന വകുപ്പ് 100 ദിന കർമ്മ പരിപാടിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടേ ചേർക്കുന്നു.<br>**1. വിദ്യായാത്ര:-**<br>സംസ്ഥാനത്തെ സർക്കാർ /എയ്ഡഡ് സ്കൂളുകളിൽ 8-ാം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സൗജന്യമായി സൈക്കിൾ വിതരണം ചെയ്യുന്ന പദ്ധതി.<br>**2. വിഷൻ 2013:-**<br>ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി പരീക്ഷയിൽ A+,A,B+ ഗ്രേഡുകൾ നേടി വിജയിച്ച പട്ടികജാതി വിദ്യാർത്ഥികൾക്ക് മെഡിക്കൽ എഞ്ചിനീയറിംഗ് പരീക്ഷ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി.<br>**3. വിജ്ഞാൻവാടി:-**<br>സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലേയും തെരെഞ്ഞെടുത്ത ഓരോ കോളനികളിൽ ഇന്റർനെറ്റ് സൗകര്യമുള്ള ലൈബ്രറി, റീഡിംഗ് റൂം തുടങ്ങിയവ സ്ഥാപിക്കുന്നതിനുള്ള പദ്ധതി. |

(ബി) പ്രസ്തുത പദ്ധതികളുടെ ഭൗതികവും സാമ്പത്തികവുമായ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

4. ഹോസ്റ്റൽ നവീകരണം:-

വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 90 പ്രീമെട്രിക് ഹോസ്റ്റലുകളിലും ലൈബ്രറിയും കമ്പ്യൂട്ടറും അനുബന്ധ സൗകര്യങ്ങളും സ്ഥാപിക്കുന്നതിനുള്ള പദ്ധതി.

(ബി) സർക്കാർ 100 ദിന കർമ്മ പരിപാടിയിലുൾപ്പെടുത്തിയ 4 പദ്ധതികളുടേയും നിർവ്വഹണ പുരോഗതി - ജില്ലാതലത്തിലും സംസ്ഥാനതലത്തിലും അവലോകനം ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള വിശദ വിവരം ചുവടേ ചേർക്കുന്നു.

1. വിദ്യായാത്ര:-

സ്കൂൾ അടിസ്ഥാനത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി കഴിഞ്ഞു. പദ്ധതി നിർവ്വഹണത്തിനായി പി.ടി.എ പ്രസിഡന്റ് , സ്കൂൾ മേധാവി, പട്ടികജാതി വികസന ആഫീസർ എന്നിവരടങ്ങുന്ന കമ്മിറ്റി സ്കൂൾതലത്തിൽ രൂപീകരിക്കുന്ന നടപടി പൂർത്തിയായി വരുന്നു. ഓരോ ജില്ലയ്ക്കും ആവശ്യമായ തുകയും ഭരണാനുമതിയും നൽകി കഴിഞ്ഞു. പദ്ധതിയുടെ ഉദ്ഘാടനം വയനാട് ജില്ലയിലെ പനമരം ഗവ. ഹയർസെക്കന്ററി സ്കൂളിൽ വച്ച് കുട്ടികൾക്ക് സൈക്കിൾ വിതരണം ചെയ്തുകൊണ്ട് ബഹു. മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി 16/9/2011 ന് നിർവ്വഹിച്ചു. പ്രസ്തുത പദ്ധതിക്കായി ആകെ 15.21 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

2. വിജ്ഞാൻവാടി:-

പദ്ധതി നടത്തിപ്പിനായി ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ 70 നിയോജകമണ്ഡലങ്ങളിൽ ബന്ധപ്പെട്ട സാമാജികർ നിർദ്ദേശിച്ചിട്ടുള്ള 70 കോളനികളിൽ വിജ്ഞാൻവാടി സ്ഥാപിക്കുന്നതിനുള്ള

ഭരണാനുമതിയും ഫണ്ടും അനുവദിച്ചുകഴിഞ്ഞു. പദ്ധതിയുടെ ഉദ്ഘാടനം 26/8/201 ന് കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിലെ പരപ്പാറ കോളനിയിൽ വെച്ച് വകുപ്പ് മന്ത്രി നിർവ്വഹിച്ചു.

3. വിഷൻ 2013:-

പദ്ധതി നിർവ്വഹണത്തിനായി കുട്ടികളെ തെരഞ്ഞെടുക്കുന്ന നടപടി പൂർത്തിയായി വരുന്നു. ആവശ്യമായ ഭരണാനുമതിയും ഫണ്ടും ജില്ലാ ആഫീസർമാർക്ക് നൽകിക്കഴിഞ്ഞു. പദ്ധതിയുടെ ഉദ്ഘാടനം 29/8/2011 ന് എറണാകുളം ടൗൺ ഹാളിൽ വെച്ച് വകുപ്പ് മന്ത്രി നടത്തുകയുണ്ടായി. പദ്ധതി ഉടൻതന്നെ പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

4. ഹോസ്റ്റൽ നവീകരണം:-

പദ്ധതി നിർവ്വഹണത്തിനാവശ്യമായ ഭരണാനുമതിയും ഫണ്ടും ജില്ലാ ആഫീസർക്ക് നൽകിക്കഴിഞ്ഞു. കോട്ടയം ജില്ലയിലെ കുറിച്ചി പ്രീമെട്രിക് ഹോസ്റ്റലിൽവെച്ച് പദ്ധതിയുടെ ഉദ്ഘാടനം 3/9/2011 ന് വകുപ്പ് മന്ത്രി നിർവ്വഹിച്ചു. ഡിസംബർ 31 നകം പദ്ധതി പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7046 2/11/2011-ൽ മറുപടിക്ക്

## ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി

ചോദ്യം

ശ്രീ. റ്റി.എ.അഹമ്മദ് കബീർ
ശ്രീ.പി.കെ. ബഷീർ
ശ്രീ.മഞ്ഞളാം കുഴി അലി
ശ്രീ.കെ.എം.ഷാജി

മറുപടി

ശ്രീ.എ.പി.അനിൽകുമാർ
(പട്ടികജാതി പിന്നോക്ക-
സമുദായക്ഷേമവും വിനോദ
സഞ്ചാരവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും, തെരഞ്ഞെടുക്കുന്നതിനും സ്വീകരിച്ചുവരുന്ന മാർഗ്ഗവും മാനദണ്ഡവും സംബന്ധിച്ച വിശദവിവരം നൽകാമോ; | (എ) | ഗ്രാമസഭാ ലിസ്റ്റിൽ നിന്നും അർഹത പരിശോധിച്ച് മുൻഗണനാ ക്രമത്തിൽ ധനസഹായം അനുവദിക്കുന്നു. ഗ്രാമസഭാ ലിസ്റ്റ് ലഭ്യമാകാത്ത പഞ്ചായത്തുകളിൽ വകുപ്പിന്റെ വിവരശേഖരണ ലിസ്റ്റിൽ നിന്നും അർഹതയുള്ളവരെ തെരഞ്ഞെടുക്കുന്നു. വിവരശേഖരണ ലിസ്റ്റിൽ നിന്നും ഗുണഭോക്താക്കളെ ലഭ്യമാകാത്ത സന്ദർഭങ്ങളിൽ പത്ര മാദ്ധ്യമങ്ങളിൽ കൂടി പരസ്യം നൽകി ലിസ്റ്റ് തയ്യാറാക്കി അർഹതയുടെ അടിസ്ഥാനത്തിൽ ആനുകൂല്യം അനുവദിക്കുന്നു. തെരഞ്ഞെടുപ്പ് സംബന്ധിച്ച മാനദണ്ഡ-ങ്ങൾ ചുവടെ ചേർക്കുന്നു.<br>1. വാടക വീട്ടിലോ, മാതാപിതാക്കളോ-ടൊത്തോ മറ്റു ബന്ധുക്കളോടൊത്തോ താമസിക്കുന്ന ഭാര്യയും ഭർത്താവും അടങ്ങുന്നതും സ്വന്തമായോ കുടുംബ വിഹിതമായോ ഭൂമി ലഭിക്കുവാൻ അർഹതയില്ലാത്തതുമായ കുടുംബം.<br>2. വാടക വീട്ടിലോ, മാതാപിതാക്ക-ളോടൊത്തോ മറ്റു ബന്ധുക്കളോടൊത്തോ താമസിക്കുന്ന ഭാര്യയും ഭർത്താവും അവിവാഹിതരായ മക്കളും അടങ്ങുന്ന സ്വന്തമായോ കുടുംബ വിഹിതമായോ ഭൂമി ലഭിക്കുവാൻ അർഹതയില്ലാത്ത |

| | | | |
|---|---|---|---|
| | | | തുമായ കുടുംബം.<br>3. വാടക വീട്ടിലോ, മാതാപിതാക്കളോടൊത്തോ മറ്റു ബന്ധുക്കളോടൊത്തോ താമസിക്കുന്ന ഭാര്യയും ഭർത്താവും (ഭാര്യാ ഭർത്താക്കളിൽ ഒരാൾ മരണമടയുകയോ, ഉപേക്ഷിക്കപ്പെടുകയോ ചെയ്തശേഷം) അവരുടെ അവിവാഹിതരായ മക്കളുമായി താമസിക്കുന്ന സ്വന്തമായോ കുടുംബ വിഹിതമായോ ഭൂമി ലഭിക്കുവാൻ അർഹതയില്ലാത്തതുമായ കുടുംബം.<br>4. സർക്കാരിൻെറയോ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടേയോ അധീനതയിലുള്ളതും പതിച്ചു കിട്ടാൻ സാധ്യതയില്ലാത്തതുമായ റോഡ് പുറമ്പോക്ക്, തോടിൻെറയും ആറ്റിൻെറയും കരയോട് ചേർന്ന പുറമ്പോക്ക്, റയിൽവേ പുറമ്പോക്ക് തുടങ്ങിയ നാല് സെൻേറാ അതിൽ കുറവോ ഉള്ള ഭൂമിയിൽ താമസിക്കുന്ന മേൽപ്പറഞ്ഞ രീതിയിലുള്ള കുടുംബങ്ങൾ. |
| (ബി) | ഈ പദ്ധതി പ്രകാരം സഹായം ലഭിക്കേണ്ടവരുടെ മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ജില്ലാടിസ്ഥാനത്തിൽ അവരുടെ കണക്ക് വെളിപ്പെടുത്താമോ; | (ബി) | ഗ്രാമസഭാ ലിസ്റ്റ് തയ്യാറാക്കുന്നത് അതാത് ഗ്രാമപഞ്ചായത്തിൻെറ ഉത്തരവാദിത്വത്തിലാണ്. ഗ്രാമസഭയാണ് മുൻഗണനാടിസ്ഥാനത്തിൽ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നത്. ജില്ലാടിസ്ഥാനത്തിൽ കണക്ക് ശേഖരിച്ച് വെളിപ്പെടുത്തുന്നതാണ്. |
| (സി) | ഈ പദ്ധതി പ്രകാരം ഭൂമി നൽകി വീട് നിർമ്മിക്കാൻ ധനസഹായം നൽകിയിട്ടും വീട് നിർമ്മിക്കാതിരുന്നവരുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; വീട് നിർമ്മിക്കാതിരുന്നതിനുള്ള കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദവിവരം നൽകാമോ; | (സി) | ഭൂരഹിത ഭവനരഹിത പദ്ധതി പ്രകാരം ധനസഹായം നൽകിയിട്ടും വീട് നിർമ്മിക്കാതിരുന്നവരുടെ വിവരം ശേഖരിച്ചു വരുന്നു. ഭവന നിർമ്മാണ സാധന സാമഗ്രികളുടെ വിലവർദ്ധനവും, നിർമ്മാണ മേഖലയിലുണ്ടായ വർദ്ധിച്ച കൂലിച്ചെലവും ആണ് വീട് നിർമ്മാണം പൂർത്തീകരിക്കാത്തതിൻെറ പ്രധാന കാരണം. |

| | | | |
|---|---|---|---|
| (ഡി) | ഭവന നിർമ്മാണ ഏജൻസികൾ മുഖേന നടപ്പാക്കിയ ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയാകാതെ ശേഷിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ; | (ഡി) | 2006-07 വർഷം സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, നിർമ്മിതി കേന്ദ്രം എന്നീ ഏജൻസികൾ മുഖേന നടപ്പിലാക്കിയതിൽ 485 വീടുകളാണ് ഇനി പൂർത്തിയാക്കാനുള്ളത്. |
| (ഇ) | ഒന്നിലേറെ തവണ സഹായം കൈപ്പറ്റിയ ഗുണഭോക്താക്കളുണ്ടെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പദ്ധതിയെക്കുറിച്ച് ഒരു സമഗ്ര അവലോകനം നടത്തുമോ? | (ഇ) | ഇല്ല. പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 7047** 02.11.2011-ൽ മറുപടിയ്ക്ക്

## ജാതി സർട്ടിഫിക്കറ്റിനു പകരം സ്മാർട്ട് കാർഡ് പദ്ധതി

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ.സി.മോയിൻകുട്ടി | ശ്രീ.എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും, വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ഓരോ ആവശ്യങ്ങൾക്കും വെവ്വേറെ ജാതി സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതിന്റെ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ സ്മാർട്ട് കാർഡ് രൂപത്തിലുള്ള ജാതി സർട്ടിഫിക്കറ്റുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ;<br>(സി) അക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ ? | (ബി) & (സി) 1996-ലെ കേരള (പട്ടികജാതി-പട്ടികഗോത്ര വർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ആക്റ്റിൽ (1996-ലെ 11-ാം ആക്റ്റ്) നിഷ്കർഷിക്കുന്ന പ്രകാരമാണ് പട്ടികജാതിയിലോ, പട്ടികഗോത്ര വർഗ്ഗത്തിലോപെടുന്ന ഏതൊരാളിനും എന്തെങ്കിലും ആവശ്യത്തിന് സർട്ടിഫിക്കറ്റുകൾ നൽകുന്നത്. പ്രസ്തുത ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സ്മാർട്ട് കാർഡ് രൂപത്തിലുള്ള ജാതി സർട്ടിഫിക്കറ്റുകൾ നൽകുവാൻ നിർവ്വാഹമില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അനുഭവവേദ്യമാകേണ്ട ആനുകൂല്യങ്ങൾ അനർഹർ തട്ടിയെടുക്കുന്നത് തടയുന്നതിന് വേണ്ടിയാണ് ഇത്തരത്തിൽ സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തിക്കൊണ്ട് ആക്റ്റ് നിലവിൽ വന്നത്. ഇപ്രകാരം സ്മാർട്ട് കാർഡ് അനുവദിച്ച് നൽകുന്നതിന് ആക്റ്റ് ഭേദഗതി ചെയ്യുന്നതടക്കമുള്ള നടപടി ക്രമങ്ങൾ പാലിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ പ്രസ്തുത വിഭാഗക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പര്യാപ്തമായ മറ്റ് നടപടികൾ പരിശോധിച്ച് സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7048 — 2/11/2011-ൽ മറുപടിക്ക്

## എൻ.എസ്.എഫ്.ഡി.സി. പദ്ധതികൾ

ചോദ്യം — മറുപടി

ശ്രീ.വി.ശശി.

ശ്രീ.എ.പി അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക
സമുദായക്ഷേമവും വിനോദ
സഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് എൻ.എസ്.എഫ്.-ഡി.സി.യുടെ ധനസഹായത്തോടെ നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശ-ദാംശം വെളിപ്പെടുത്താമോ; | (എ) | അനുബന്ധമായി (I) ചേർക്കുന്നു. |
| ബി) | കഴിഞ്ഞ സർക്കാർ നടപ്പാക്കിയ എൻ.എസ്.എഫ്.ഡി.സി.പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ചതുകയും, ഗുണഭോ-ക്താക്കളുടെ വിവരങ്ങളും, പദ്ധതി തിരിച്ചും ജില്ല തിരിച്ചും വ്യക്ത-മാക്കാമോ? | (ബി) | വിശദാംശം അനുബന്ധമായി (II) ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## കോർപ്പറേഷൻ 2011-2012 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പദ്ധതികളെ കുറിച്ചുള്ള ലഘുവിവരണം

| ക്രമ നമ്പർ | പദ്ധതി |
|---|---|
| | **എ. സ്വയം തൊഴിൽ പദ്ധതികൾ:- എൻ.എസ്.എഫ്.ഡി.സി.വിഹിതം ഉപയോഗിച്ച് വായ്പാ സഹായം നൽകുന്നവ.** |
| 1. | **കർഷക തൊഴിലാളികൾക്കുള്ള കൃഷിഭൂമി വായ്പാ പദ്ധതി**<br>21.10.2011-ലെ സ.ഉ.(കൈ) നം.104/11/പജ.പവ.വിവ നമ്പർ ഉത്തരവ് പ്രകാരം കൃഷിഭൂമി വായ്പാ പദ്ധതിയുടെ പദ്ധതി തുക 1,50 ലക്ഷം രൂപയിൽ നിന്ന് 2.00 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിൽ 1.50 രൂപ വായ്പയും 50,000/- രൂപ സബ്സിഡിയുമാണ്.പലിശ നിരക്ക് 6% ഉം തിരിച്ചടവ് കാലാവധി 8 വർഷവുമാണ്. |
| 2. | **മൈക്രോക്രെഡിറ്റ് ഫൈനാൻസ് പദ്ധതി**<br>പരാമവധി 30,000/-രൂപ വരെയാണ് ഈ പദ്ധതിയിൻ കീഴിൽ വായ്പ നൽകുന്നത്. വായ്പയുടെ പലിശ നിരക്ക് 5% വും തിരിച്ചടവ് കാലാവധി 3 വർഷവുമാണ്. |
| 3. | **3 വീലർ ഓട്ടോ പിക് അപ് വാൻ പദ്ധതി**<br>പരമാവധി പദ്ധതി തുക 1,50,000 രൂപയാണ്. വായ്പയുടെ പലിശ നിരക്ക് 6% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്. |
| 4. | **മിനി വെഞ്ച്വർ പദ്ധതികൾ**<br>1ലക്ഷം രൂപ മുതൽ പരമാവധി 2.00 ലക്ഷം രൂപ വരെയാണ്. ഈ പദ്ധതിയിൻ കീഴിൽ വായ്പ നൽകുന്നത്. വായ്പയുടെ പലിശ നിരക്ക് 6% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്. |
| 5 | **മഹിളാ സമൃദ്ധി യോജന പദ്ധതി**<br>പരമാവധി 30,000 രൂപ വരെയാണ് ഈ പദ്ധതിയിൽ കീഴിൽ വായ്പ നൽകുന്നത്. വായ്പയുടെ പലിശ നിരക്ക് 4% വും തിരിച്ചടവ് കാലാവധി 3 വർഷവുമാണ്. |
| 6. | **മഹിളാ കിസാൻ യോജന പദ്ധതി**<br>പരമാവധി 50,000/- രൂപ വരെയാണ് ഈ പദ്ധതിയിൻ കീഴിൽ വായ്പ നൽകുന്നത്. വായ്പയുടെ പലിശ നിരക്ക് 5% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്. |
| 7. | **ശിൽപ്പി സമൃദ്ധി യോജന**<br>പട്ടകജാതിയിൽപ്പെട്ട കര കൗശല വിദഗ്ദ്ധർ, ശിൽപികൾ എന്നിവർക്ക് അവർ പ്രാവീണ്യം നേടിയ അഥവാ വ്യക്തിമുദ്ര പതിപ്പിച്ച മേഖലയിൽ അനുയോജ്യമായ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ടി പരമാവധി 50,000/-രൂപ വരെ വായ്പ നൽകുന്ന പദ്ധതിയാണിത്. വായ്പയുടെ പലിശ നിരക്ക് 5% ഉം തിരിച്ചടവ് കാലാവധി 5 വർഷവുമാണ്. |

| | |
|---|---|
| 8. | **<u>വിദ്യാഭ്യാസ വായ്പാ പദ്ധതി</u>**<br><br>പട്ടികജാതിയിലെ വളരെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ/സാങ്കേതിക വിദ്യാഭ്യാസം ചെയ്യുന്നതിനും MPhil/Ph.D പഠനം നടത്തുന്നതിനും വേണ്ടി പരമാവധി 10.00 ലക്ഷം രൂപ വരെ വായ്പ നൽകുന്ന പദ്ധതിയാണിത്. വായ്പയുടെ പലിശ നിരക്ക് വിദ്യാർത്ഥികൾക്ക് 4% ഉം വിദ്യാർത്ഥിനികൾക്ക് 3.5% ഉം ആണ്. തിരിച്ചടവ് കാലാവധി 5 വർഷമാണ്. |

( [illegible] )

[signature]

സെക്ഷൻ ഓഫീസർ

# പതിമൂന്നാംകേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7049 2/11/2011 ൽ മറുപടിയ്ക്ക്

**പ്രൊഫഷണൽ കോഴ്സുകൾക്ക് പട്ടികജാതി വിദ്യാർത്ഥികൾക്കായി സ്വാശ്രയ സ്ഥാപനങ്ങൾ അനുവദിച്ച തുക**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ശശി | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | എഞ്ചിനീയറിംഗ്, മെഡിസിൻ, ബി.എസ്.സി. നേഴ്സിംഗ് എന്നീ കോഴ്സുകൾക്ക് 2010-11 വർഷം സ്വാശ്രയ കോളേജുകളിൽ ചേർന്ന എത്ര പട്ടികജാതി വിദ്യാർത്ഥികൾക്കു വേണ്ടി എത്ര കോടി രൂപ ഫീസിനത്തിൽ സ്വാശ്രയ സ്ഥാപനങ്ങൾക്ക് അനുവദിച്ചു എന്നറിയിക്കാമോ; | (എ) | എഞ്ചിനീയറിംഗ്, മെഡിസിൻ, ബി.എസ്.സി. നേഴ്സിംഗ് എന്നീ കോഴ്സുകൾക്ക് 2010-11 വർഷം സ്വാശ്രയ കോളേജുകളിൽ ചേർന്ന 4799 പട്ടികജാതി വിദ്യാർത്ഥികൾക്കു വേണ്ടി 18,56,82,434 രൂപ ഫീസിനത്തിൽ സ്വാശ്രയ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. |
| (ബി) | അതിന്റെ വിശദാംശം കോളേജ് തിരിച്ചും കോഴ്സ് തിരിച്ചും വ്യക്തമാക്കാമോ; | (ബി) | ഇത് സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | സ്വാശ്രയ സ്ഥാപനങ്ങളിൽ വിവിധ സെമസ്റ്ററുകളിലായി പഠിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി കഴിഞ്ഞ അഞ്ചുവർഷം അനുവദിച്ച തുകയുടെ വിവരങ്ങൾ കോഴ്സ് തിരിച്ചും കോളേജ് തിരിച്ചും ലഭ്യമാക്കാമോ? | (സി) | വിവരം ശേഖരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7050 2/11/2011 ൽ മറുപടിയ്ക്ക്

## പട്ടികജാതി വിഭാഗങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ടി.എൻ. പ്രതാപൻ<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

(എ) പട്ടികജാതി വിഭാഗങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനു വേണ്ടി "സ്വയം തൊഴിൽ പദ്ധതി" നിലവിലുണ്ട്. കൂടാതെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സ്വന്തമായി ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ വിപുലപ്പെടുത്തുന്നതിനും പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യവസായ സംരംഭകർക്ക് പ്രോജക്ടിന്റെ 20 ശതമാനമോ പരമാവധി 25000/- രൂപ വരെയോ പലിശരഹിത വായ്പയായി അനുവദിക്കുന്നുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് സാമൂഹിക - സാമ്പത്തിക ഉന്നമനത്തിനും വരുമാന വർദ്ധനവിനും ഉതകുന്നതരത്തിലുള്ള അനുയോജ്യമായ പ്രോജക്ടുകൾ കണ്ടെത്തി നടപ്പിലാക്കുന്നതിന് സർക്കാർ സബ്സിഡിയായി ധനസഹായം അനുവദിക്കുന്നുണ്ട്.

(ബി) പ്രസ്തുത സംരംഭങ്ങൾക്ക് എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) സ്വയം തൊഴിൽ കണ്ടെത്തി പദ്ധതി നടപ്പിലാക്കുന്നതിന് ഒരു വ്യക്തിക്ക് 3 ലക്ഷം രൂപ വരെ അടങ്കൽ

| | |
|---|---|
| | തുകയുള്ള പദ്ധതിയ്ക്ക് ഒരു ലക്ഷം രൂപ വരെ സർക്കാർ സബ്സിഡിയായും 7 പേരുള്ള ഗ്രൂപ്പിന് 10.5 ലക്ഷം രൂപ വരെ മുതൽമുടക്കുള്ള വ്യവസായ സംരംഭങ്ങൾക്ക് 3.5 ലക്ഷം രൂപ സബ്സിഡിയായും നൽകുന്നു. വ്യവസായ വായ്പയായി വ്യവസായ സംരംഭങ്ങൾക്ക് പ്രോജക്റ്റിന്റെ 20% (പരമാവധി 25000/-) രൂപവരെ പലിശയില്ലാത്ത വായ്പ അനുവദിക്കുന്നു. വനിത സ്വയംസഹായ സംരംഭങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്റ്റിന് 1.25 ലക്ഷം രൂപയോ അല്ലെങ്കിൽ ഗ്രൂപ്പിലെ ഓരോ വ്യക്തിക്കും 10000/- രൂപ നിരക്കിലോ ഇതിൽ ഏതാണോ കുറവ് എന്ന് കണക്കാക്കി പ്രസ്തുത തുക സർക്കാരിൽ നിന്നും സബ്സിഡിയായി നൽകുന്നുണ്ട്. |
| (സി) സ്വയം തൊഴിൽ സംരംഭങ്ങൾക്ക് നൽകുന്ന വായ്പയുടെ സബ്സിഡിയും ലോണും തമ്മിലുള്ള അനുപാതം എത്രയാണെന്നും വെളിപ്പെടുത്തുമോ? | (സി) സ്വയം തൊഴിൽ സംരംഭങ്ങൾക്ക് അനുവദിക്കുന്ന ലോണും സബ്സിഡിയും തമ്മിലുള്ള അനുപാതം 3:1 എന്ന നിരക്കിലാണ്. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 7052 02/11/2011 ൽ മറുപടിയ്ക്ക്

## മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ

ചോദ്യം

ശ്രീ. സി.പി. മുഹമ്മദ്
ശ്രീ. കെ. മുരളീധരൻ
ശ്രീ. വി.ഡി. സതീശൻ

മറുപടി

ശ്രീ. എ.പി. അനിൽകുമാർ
(പട്ടിക ജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്പോർട്ട്സ് -ഗെയിംസ് രംഗങ്ങളിൽ പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | സ്പോർട്ട്സ് -ഗെയിംസ് രംഗങ്ങളിൽ പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം ജില്ലയിലെ വെള്ളായണിയിൽ ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സ്കൂളിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് അത്‌ലറ്റിക്സ്, ഫുട്ബോൾ, ജൂഡോ, റസ്‌ലിംഗ്, തായ്ക്കോണ്ടോ മുതലായ കായിക ഇനങ്ങളിൽ സ്പോർട്സ് കൗൺസിലിൽ നിന്നുള്ള വിദഗ്ദർ പരിശീലനം നൽകി വരുന്നു. കൂടാതെ സ്പോർട്സ് രംഗങ്ങളിൽ മികവു പുലർത്തുന്ന കായിക താരങ്ങൾക്ക് മികവിന്റെ അടിസ്ഥാനത്തിൽ ധന സഹായവും നൽകി വരുന്നുണ്ട്. |
| (ബി) | എന്തെല്ലാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് അതിന്റെ പ്രയോജനം ലഭിക്കുന്നത്; | (ബി) | 5 മുതൽ 12 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്കാണ് പ്രസ്തുത സ്കൂൾ മുഖേനയുള്ള പ്രയോജനം ലഭിക്കുന്നത്. |
| (സി) | അതിനായി നടത്തിവരുന്ന മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | നടപടി സ്വീകരിച്ചിട്ടുണ്ട്. ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവണ്മെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കും നടത്തിപ്പിനും, പട്ടികജാതി വിദ്യാർത്ഥികളുടെ സ്പോർട്സ്- ഗെയിംസ് രംഗങ്ങളിലെ നിലവാരമുയർത്തുന്നതിനുമായി നടപ്പ് സാമ്പത്തിക വർഷം 175 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ സ്കൂളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും സ്മാർട്ട് ക്ലാസ്സ് റൂം, ഫിറ്റ്നസ് സെന്റർ, അനലൈസിംഗ് ലാബ് മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സ്പോർട്സ് സ്കൂളിന്റെ ഭരണപരമായ കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നതിനായി സീനിയർ സൂപ്രണ്ട് തസ്തികയിലുള്ള ഒരു ജീവനക്കാരനെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7053 1/11/2011-ൽ മറുപടിക്ക്

## പട്ടികജാതി വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ

ചോദ്യം | മറുപടി

ശ്രീ.കെ.ദാസൻ.

ശ്രീ.എ.പി അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | പട്ടികജാതി വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ ഏതെല്ലാമാണ്; ഓരോ പദ്ധതിയുടേയും വിശദാംശം വെളിപ്പെടുത്താമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പട്ടിക വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി വിവിധ സ്വയംതൊഴിൽ വായ്പാ പദ്ധതികളും ക്ഷേമപദ്ധതികളും തൊഴിലധിഷ്ഠിത പരിശീലന പരിപാടികളും നടപ്പാക്കുന്നു. വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) | ജീവനക്കാരുടെ അഭാവം മൂലം കൊയിലാണ്ടിയിലെ പട്ടികജാതി വികസന ഓഫീസിൻെറ പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (ബി) | കൊയിലാണ്ടി മുൻസിപ്പാലിറ്റിയിൽ പട്ടികജാതി വികസന ആഫീസ് ഇല്ല. കൊയിലാണ്ടി മുൻസിപ്പാലിറ്റിയുടെ ചാർജ് ചന്തലായനി ബ്ളോക്ക് പട്ടികജാതി വികസന ആഫീസർക്കാണ്. ജീവനക്കാരുടെ അഭാവം കാരണം ടി ആഫീസിൻെറ പ്രവർത്തനത്തിന് തടസ്സം വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## കോർപ്പറേഷൻ 2011-2012 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന പദ്ധതികളെ കുറിച്ചുള്ള ലഘുവിവരണം

| ക്രമ നമ്പർ | പദ്ധതി |
|---|---|
| | **എ. സ്വയം തൊഴിൽ പദ്ധതികൾ:- എൻ.എസ്.എഫ്.ഡി.സി.വിഹിതം ഉപയോഗിച്ച് വായ്പാ സഹായം നൽകുന്നവ.** |
| 1. | **കർഷക തൊഴിലാളികൾക്കുള്ള കൃഷിഭൂമി വായ്പാ പദ്ധതി**<br>21.10.2011-ലെ സ.ഉ.(കൈ) നം.104/11/പജ.പവ.വിവ നമ്പർ ഉത്തരവ് പ്രകാരം കൃഷിഭൂമി വായ്പാ പദ്ധതിയുടെ പദ്ധതി തുക 1.50 ലക്ഷം രൂപയിൽ നിന്ന് 2.00 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിൽ 1.50 രൂപ വായ്പയും 50,000/- രൂപ സബ്സിഡിയുമാണ്.പലിശ നിരക്ക് 6% ഉം തിരിച്ചടവ് കാലാവധി 8 വർഷവുമാണ്. |
| 2. | **മൈക്രോക്രെഡിറ്റ് ഫൈനാൻസ് പദ്ധതി**<br>പരാമവധി 30,000/-രൂപ വരെയാണ് ഈ പദ്ധതിയിൻ കീഴിൽ വായ്പ നൽകുന്നത്. വായ്പയുടെ പലിശ നിരക്ക് 5% വും തിരിച്ചടവ് കാലാവധി 3 വർഷവുമാണ്. |
| 3. | **3 വീലർ ഓട്ടോ പിക് അപ് വാൻ പദ്ധതി**<br>പരമാവധി പദ്ധതി തുക 1,50,000 രൂപയാണ്. വായ്പയുടെ പലിശ നിരക്ക് 6% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്. |
| 4. | **മിനി വെഞ്ച്വർ പദ്ധതികൾ**<br>1ലക്ഷം രൂപ മുതൽ പരമാവധി 2.00 ലക്ഷം രൂപ വരെയാണ്. ഈ പദ്ധതിയിൻ കീഴിൽ വായ്പ നൽകുന്നത്. വായ്പയുടെ പലിശ നിരക്ക് 6% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്. |
| 5 | **മഹിളാ സമൃദ്ധി യോജന പദ്ധതി**<br>പരമാവധി 30,000 രൂപ വരെയാണ് ഈ പദ്ധതിയിൻ കീഴിൽ വായ്പ നൽകുന്നത്. വായ്പയുടെ പലിശ നിരക്ക് 4% വും തിരിച്ചടവ് കാലാവധി 3 വർഷവുമാണ്. |
| 6. | **മഹിളാ കിസാൻ യോജന പദ്ധതി**<br>പരമാവധി 50,000/- രൂപ വരെയാണ് ഈ പദ്ധതിയിൻ കീഴിൽ വായ്പ നൽകുന്നത്. വായ്പയുടെ പലിശ നിരക്ക് 5% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്. |
| 7. | **ശിൽപ്പി സമൃദ്ധി യോജന**<br>പട്ടികജാതിയിൽപ്പെട്ട കര കൗശല വിദഗ്ദ്ധർ, ശിൽപികൾ എന്നിവർക്ക് അവർ പ്രാവീണ്യം നേടിയ അഥവാ വ്യക്തിമുദ്ര പതിപ്പിച്ച മേഖലയിൽ അനുയോജ്യമായ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ടി പരമാവധി 50,000/-രൂപ വരെ വായ്പ നൽകുന്ന പദ്ധതിയാണിത്. വായ്പയുടെ പലിശ നിരക്ക് 5% ഉം തിരിച്ചടവ് കാലാവധി 5 വർഷവുമാണ്. |

| | |
|---|---|
| 8. | **<u>എൻ.എസ്.എഫ്.ഡി.സി.യുടെ സഹായമുപയോഗിച്ചുള്ള വിദ്യാഭ്യാസ വായ്പാ പദ്ധതി</u>**<br>പട്ടികജാതിയിലെ വളരെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ/സാങ്കേതിക വിദ്യാഭ്യാസം ചെയ്യുന്നതിനും MPhil/Ph.D പഠനം നടത്തുന്നതിനും വേണ്ടി പരമാവധി 10.00 ലക്ഷം രൂപ വരെ വായ്പ നൽകുന്ന പദ്ധതിയാണിത്. വായ്പയുടെ പലിശ നിരക്ക് വിദ്യാർത്ഥികൾക്ക് 4% ഉം വിദ്യാർത്ഥിനികൾക്ക് 3.5% ഉം ആണ്. തിരിച്ചടവ് കാലാവധി 5 വർഷമാണ്. |
| **<u>ബി. സ്വയം തൊഴിൽ പദ്ധതികൾ എൻ.എസ്.ടി.എഫ്.ഡി.സി. വിഹിതം ഉപയോഗിച്ച് വായ്പാ സഹായം നൽകുന്നവ.</u>** | |
| 9. | **<u>സ്മോൾ എൻറർപ്രൈസസ് പദ്ധതി</u>**<br>50,000/-രൂപ വരെയാണ് ഈ പദ്ധതിയിൻ കീഴിൽ വായ്പ നൽകുന്നത്. വായ്പയുടെ പലിശ നിരക്ക് 6% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്. |
| 10. | **<u>ഓട്ടോറിക്ഷാ വായ്പാ പദ്ധതി</u>**<br>ഈ പദ്ധതി പ്രകാരം പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ഡീസൽ ഓട്ടോറിക്ഷ നൽകുന്നു. പലിശ നിരക്ക് 6%വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്. |
| 11. | **<u>ആദിവാസി മഹിളാ സശക്തികരൻ യോജന</u>**<br>ഈ പദ്ധതി പ്രകാരം വ്യക്തഗത യൂണിറ്റൊന്നിന് പരമാവധി 50,000/-രൂപ വരെ വായ്പാ സഹായം അനുവദിക്കുന്നതാണ്. വായ്പയുടെ പലിശ നിരക്ക് 4% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്. |
| 12. | **<u>പട്ടികവർഗ്ഗ സംരംഭകർക്കുള്ള വായ്പാ പദ്ധതി</u>**<br>സംരംഭകത്വ ഗുണവും ഉത്സാഹ ശീലവുമുള്ള പട്ടിക വർഗ്ഗത്തിൽപ്പെട്ട യുവതി യുവാക്കൾക്ക് കാർഷിക വ്യവസായിക സേവന മേഖലകളിൽ മുതൽ മുടക്കാനായി വേണ്ട ധനസഹായം നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. വായ്പയുടെ പലിശ നിരക്ക് 6% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്. |
| **<u>സി. സ്വയം തൊഴിൽ പദ്ധതികൾ-കോർപ്പറേഷൻ മാത്രമായി വായ്പാ സഹായം നൽകുന്നവ</u>** | |
| 13. | **<u>കർഷക തൊഴിലാളികൾക്കുള്ള കൃഷിഭൂമി വായ്പാ പദ്ധതി</u>**<br>ഭൂരഹിതരായ കർഷക തൊഴിലാളി കുടുംബങ്ങൾക്ക് കൃഷിക്കനുയോജ്യമായ ഭൂമി വാങ്ങുന്നതിനും കാർഷിക വൃത്തിയിൽ ഏർപ്പെട്ട ഭൂമിയിൽ നിന്നുള്ള വരുമാനം വഴി ഉപജീവനം നടത്തുന്നതിനുള്ള പദ്ധതിയാണിത്. പദ്ധതി തുകയായി 2 ലക്ഷം രൂപയിൽ പരമാവധി 1.50 ലക്ഷം രൂപ വരെ കോർപ്പറേഷന്റെ സ്വന്തം ഫണ്ട് മാത്രം ഉപയോഗിച്ചുള്ള വായ്പയും 50,000/- രൂപ വരെ സബ്സിഡിയുമാകുന്നു. പലിശ നിരക്ക് 6% വും തിരിച്ചടവ് കാലാവധി 8 വർഷവുമാണ്. |
| 14. | **<u>ബെനിഫിഷ്യറി ഓറിയൻറഡ് പദ്ധതി</u>**<br>ഈ പദ്ധതിയിൻ കീഴിൽ 1,00,000/- രൂപ വരെ സ്വയം തൊഴിൽ വായ്പ അനുവദിക്കുന്നതാണ്. പലിശ നിരക്ക് 6% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്. |

| | |
|---|---|
| 15. | **<u>പ്രൊഫഷണൽ സർവ്വീസ് പദ്ധതി</u>**<br>പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് സ്വയം തൊഴിൽ വായ്പയായി പരാമവധി 1 ലക്ഷം രൂപ വരെ അനുവദിക്കുന്നതാണ്. വായ്പയുടെ പലിശ നിരക്ക് 6% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്. |
| 16. | **<u>വിദേശ തൊഴിൽ വായ്പാ പദ്ധതി</u>**<br>പരമാവധി വായ്പാ തുക 50,000/- രൂപയാണ്. |
| 17. | **<u>ഓട്ടോറിക്ഷാ വായ്പാ പദ്ധതി</u>**<br>പട്ടികജാതിയിൽപ്പെട്ടവർക്ക് ഉപജീവന മാർഗ്ഗമായി കോർപ്പറേഷൻ സ്വന്തം ഫണ്ട് മാത്രം ഉപയോഗിച്ച് ഓട്ടോറിക്ഷ വായ്പ നൽകുന്നു. പലിശ നിരക്ക് 6% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്. |
| **<u>ഡി. മറ്റു സാമൂഹ്യക്ഷേമ പദ്ധതികൾ (കോർപ്പറേഷൻ മാത്രമായി വായ്പാ സഹായം നൽകുന്നവ)</u>** | |
| 18. | **<u>വിദ്യാഭ്യാസ വായ്പകൾ</u>**<br>സംസ്ഥാനത്തിനകത്തുവെച്ചുള്ള പ്രൊഫഷണൽ ബിരുദ/പ്രൊഫഷണൽ ബിരുദാന്തര പഠനത്തിന് പരമാവധി 1,00,000/- രൂപയും സംസ്ഥാനത്തിന് പുറത്തുള്ള പഠനത്തിന് പരമാവധി 2,50,0000/-രൂപയും വായ്പ നൽകുന്നു. വായ്പയുടെ പലിശ നിരക്ക് 6% വും തിരിച്ചടവ് കാലാവധി പഠനം കഴിഞ്ഞുള്ള 5 വർഷവുമാണ്. |
| 19. | **<u>വിദേശ വിദ്യാഭ്യാസ വായ്പ</u>**<br>പരമാവധി 10 ലക്ഷം രൂപ വരെ നിബന്ധനകൾക്ക് വിധേയമായി വായ്പ നൽകുന്നതാണ്. വായ്പയുടെ പലിശ നിരക്ക് 5 ലക്ഷം രൂപ വരെ 6% വും അതിനു മുകളിൽ 10 ലക്ഷം രൂപ വരെ 8.5% വു മാണ്. തിരിച്ചടവ് കാലാവധി പഠനം കഴിഞ്ഞുള്ള 5 വർഷവുമാണ്. |
| 20. | **<u>വിവാഹ വായ്പാ പദ്ധതി</u>**<br>പാവപ്പെട്ട കുടുംബങ്ങളിലെ രക്ഷിതാക്കൾക്ക് പെൺമക്കളുടെ വിവാഹം നടത്തുന്നതിനായി 1,00,000/- രൂപ വരെ വായ്പ നൽകുന്ന പദ്ധതിയാണിത്. വായ്പയുടെ പലിശ നിരക്ക് 6% വും തിരിച്ചടവ് കാലാവധി 5 വർഷവുമാണ്. |
| 21. | **<u>പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള കമ്പ്യൂട്ടർ വായ്പാ പദ്ധതി</u>**<br>കോർപ്പറേഷൻ പട്ടികജാതി വിദ്യാർത്ഥികൾക്കായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥിനി, വിദ്യാത്ഥികൾക്ക് കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനായി ഒരാൾക്ക് പരമാവധി 40,000/- രൂപ വീതം വായ്പ അനുവദിക്കുന്നു. |

(signature)

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7056 02.11.2011-ൽ മറുപടിയ്ക്ക്

## കർഷകശ്രീ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എ. അസീസ് | ശ്രീ. എ. പി. അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പിന്നോക്ക വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന കർഷകശ്രീ പദ്ധതിയിൽ വായ്പ ലഭ്യമാക്കുന്നതിന് വേണ്ട യോഗ്യതാ മാനദണ്ഡം എന്താണ്; | (എ) | കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ 'കർഷകശ്രീ' എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കുന്നില്ല. എന്നാൽ കേന്ദ്ര ഏജൻസികളുടെ സഹായത്തോടെ (NBCFDC, NMDFC) "കാർഷിക വായ്പ " പദ്ധതി നടപ്പിലാക്കി വരുന്നു. യോഗ്യതാ മാനദണ്ഡം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | കഴിഞ്ഞ 2 വർഷമായി സംസ്ഥാനത്ത് ഈ പദ്ധതിവഴി എത്ര തുക വായ്പയായി നൽകി എന്ന് വ്യക്തമാക്കുമോ? | (ബി) | ഈ പദ്ധതി പ്രകാരം 13,55,000/-രൂപ കഴിഞ്ഞ രണ്ടു വർഷത്തിൽ (2009-10, 2010-11) കോർപ്പറേഷൻ വായ്പയായി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം

## കാർഷിക വായ്പ പദ്ധതി

25 സെന്റ് കൃഷി ഭൂമി സ്വന്തമായുള്ളവർക്ക് 50,000/- രൂപ വരെയും, 25 സെന്റിൽ കൂടുതൽ കൃഷി ഭൂമി സ്വന്തമായുള്ളവർക്ക് 1 ലക്ഷം രൂപ വരെയും കാർഷികാവശ്യങ്ങൾക്കായി വായ്പ നൽകുന്നു.

### യോഗ്യത മാനദണ്ഡങ്ങൾ

1. അപേക്ഷകൻ മറ്റു പിന്നോക്ക / മത ന്യൂനപക്ഷ സമുദായങ്ങളിലേതിലെങ്കിലും ഉൾപ്പെട്ട ആളായിരിക്കണം.
2. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാന പരിധി പട്ടണപ്രദേശങ്ങളിൽ 55,000/- രൂപയിലും ഗ്രാമപ്രദേശങ്ങളിൽ 40,000/- രൂപയിലും താഴെയായിരിക്കണം.
3. അപേക്ഷകന്റെ പ്രായം 18 നും 55 നുമിടയിലായിരിക്കണം.
4. മറ്റേതെങ്കിലും സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന സ്വയം തൊഴിൽ പദ്ധതിയുടെ ഗുണഭോക്താവ് അപേക്ഷിക്കേണ്ടതില്ല.

Nilanjith

# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7057 02.11.2011-ൽ മറുപടിയ്ക്ക്

## സ്വാശ്രയ കോളേജ് കോഴ്സുകൾക്കുള്ള ഫീസിളവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്.ശർമ്മ | ശ്രീ. എ. പി. അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| പിന്നോക്ക സമുദായ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക്, സ്വാശ്രയ കോളേജുകളിലെ അഡ്മിഷൻ സമയത്ത് ഫീസ് നൽകേണ്ടി വരുന്നതുകൊണ്ടുള്ള സാമ്പത്തിക ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് ഒഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | പരിശോധിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ.

# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7058 — 02.11.2011-ൽ മറുപടിയ്ക്ക്

### കുടുംബി സമുദായത്തിലെ വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എസ് . ശർമ്മ | | ശ്രീ. എ. പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സ്വാശ്രയ കോളേജിൽ പഠിക്കുന്ന കുടുംബി സമുദായത്തിലെ വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യം നൽകുന്നതിന് ഉത്തരവ് നിലവിലുണ്ടോ; | (എ) & ബി) | 13.3.1984-ലെ ജി.ഒ. (എം.എസ്) നം. 21/84/HWD പ്രകാരം കുടുംബി സമുദായത്തെ ഒ.ഇ.സി വിഭാഗത്തിൽ ഉൾപ്പെടുത്തുകയും പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകി വരുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിച്ച് നൽകുകയും ചെയ്യുന്നു. സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ മെറിറ്റിലും റിസർവ്വേഷനിലുമുള്ള സീറ്റുകളിൽ ഗവൺമെൻറ് അംഗീകരിച്ച പ്രവേശന പരീക്ഷകളുടെ അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്നവർക്ക് മാത്രമേ ആനുകൂല്യത്തിന് അർഹതയുള്ളൂ. |
| (ബി) പ്രസ്തുത ഉത്തരവ് എന്നുമുതലാണ് പ്രാബല്യത്തിലായതെന്ന് വ്യക്തമാക്കാമോ; | | |

(സി) ഫീസാനുകൂല്യം ലഭിക്കുവാൻ അർഹരാണെങ്കിൽ ഇതുവരെ ഒടുക്കിയ ഫീസ് തിരിച്ചു നൽകുവാൻ നടപടിയെടുക്കുമോ;

(സി) വിദ്യാഭ്യാസാനുകൂല്യത്തിന് യഥാസമയം അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് നിലവിലുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അർഹത പരിശോധിച്ച് ആനുകൂല്യം അനുവദിച്ച് നൽകുന്നതാണ്.

(ഡി) അതുസംബന്ധിച്ച് ഏതെങ്കിലും വിദ്യാർത്ഥികൾ പരാതി നൽകിയിട്ടുണ്ടോ?

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7059 2/11/2011 ൽ മറുപടിക്ക്

## ബാലുശ്ശേരിയിൽ ഉന്നതവിദ്യാഭ്യാസ കേന്ദ്രം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | കോഴിക്കോട് ബാലുശ്ശേരിയിൽ പട്ടിക ജാതിക്കാർക്കായി ഉന്നത വിദ്യാഭ്യാസ കേന്ദ്രം ആരംഭിക്കുന്നതിന് നടപടി കൈക്കൊള്ളാമോ ? | (എ) | തൽക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7060 | 2/11/2011-ൽ മറുപടിക്ക്

**വിജ്ഞാൻവാടി കേന്ദ്രം**

ചോദ്യം | മറുപടി

ശ്രീ. കെ.കെ.ജയചന്ദ്രൻ

ശ്രീ.എ.പി.അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | വിജ്ഞാൻവാടി കേന്ദ്രം അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ? | (എ) | എം.എൽ.എമാർ ശുപാർശ ചെയ്യുന്നതനുസരിച്ച് വൈദ്യുതീകരിച്ചതും കുറഞ്ഞത് 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കമ്മ്യൂണിറ്റിഹാൾ ഉള്ളതുമായ 70 കോളനികളാണ് പദ്ധതിയുടെ ആദ്യഘട്ട നടത്തിപ്പിനായി തെരഞ്ഞെടുത്തത്. രണ്ടാം ഘട്ടമായി 140 നിയോജക മണ്ഡലങ്ങളിലുൾപ്പെട്ടതും കമ്മ്യൂണിറ്റിഹാൾ പണിയുവാൻ സ്ഥലം ലഭ്യമാകുന്നതുമായ കോളനികളിൽ പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാംകേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7061 2/11/2011 ൽ മറുപടിയ്ക്ക്

## 'സൈബർ ശ്രീ' പദ്ധതി പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.റ്റി. ജോർജ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ. ബെന്നിബഹനാൻ | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | 'സൈബർ ശ്രീ' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (എ) | സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന് വേണ്ടി സി-ഡിറ്റ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സൈബർ ശ്രീ. സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്നോളജി (ഐ.സി.റ്റി) രംഗത്ത് ആധുനിക സാങ്കേതികവിദ്യാ പരിശീലനം നൽകി പ്രസ്തുത മേഖലയിൽ ഉന്നത തൊഴിൽ ലഭ്യമാക്കുന്നതിന് അവരെ സജ്ജമാക്കുക എന്നതാണ് സൈബർ ശ്രീ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. സോഫ്റ്റ് വെയർ വികസനം, ത്രീഡി ആനിമേഷൻ, എംബഡഡ് സിസ്റ്റം, മാറ്റ് ലാബ് തുടങ്ങിയവയിലാണ് ഇപ്പോൾ പരിശീലനം നൽകിവരുന്നത്. സാങ്കേതിക പരിശീലനം നൽകുന്നതോടൊപ്പം സോഫ്റ്റ്സ്കിൽ പരിശീലനവും നൽകി തൊഴിൽ നേടുവാനുള്ള മത്സരത്തിൽ അവരെ പ്രാപ്തരാക്കുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | സൈബർ ശ്രീയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് സംസ്ഥാന ബഡ്ജറ്റിൽ പദ്ധതി വിഹിതമായി 10 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള പരിശീലന പദ്ധതികൾ തുടരുന്നതിനു വേണ്ട സാമ്പത്തിക സഹായത്തിനായി സൈബർശ്രീ ഓരോ വർഷവും പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് ഫണ്ട് അനുവദിച്ചു വരുന്നു. കൂടാതെ ഓരോ വർഷവും പ്രസ്തുത രംഗത്ത് നൂതനമായ പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ട സാമ്പത്തിക സഹായവും ചെയ്തു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതി വഴി നടപ്പാക്കുന്ന വിവര സാങ്കേതിക വിദ്യാ പരിശീലന പരിപാടി ഊർജ്ജിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (സി) | ഐ.ടി. രംഗത്തും അനുബന്ധ ശാഖയായ കമ്മ്യൂണിക്കേഷൻ ടെക്നോളജി മേഖലയിലും ഫിനിഷിംഗ് സ്കൂൾ മാതൃകയിലുള്ള High End പരിശീലനം സംസ്ഥാനത്തിന്റെ മറ്റ് പ്രധാന കേന്ദ്രങ്ങളിൽ കൂടി സൈബർശ്രീ റീജണൽ സെന്ററുകൾ തുടങ്ങി പദ്ധതി ഊർജ്ജിതപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 7062 2.11.2011 ലെ മറുപടിക്ക്

<u>മെസ്ഗേൾ തസ്തികയിലെ ഇന്റർവ്യൂ</u>

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി. സി. ജോർജ് | | ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ)28.11.2007-ലെ 28777/ജി.3/06/തൊഴിൽ നമ്പർ സർക്കുലറിലെ ഇന്റർവ്യൂ സംബന്ധമായ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെ, മുൻസർക്കാരിന്റെ കാലത്ത്, തിരുവനന്തപുരം, പൂച്ചെടി വിളയിലെ പെൺകുട്ടികളുടെ ഹോസ്റ്റലിൽ 'മെസ്ഗേൾ' തസ്തികയിലേക്ക് നടത്തിയ നിയമനം റദ്ദുചെയ്യാൻ നടപടി സ്വീകരിക്കുമോ; | എ) | പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ് |
| (ബി) പ്രസ്തുത സർക്കുലറിലെ, ഇന്റർവ്യൂ സംബന്ധിച്ച നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് പുറപ്പെടുവിച്ച അതേ ലിസ്റ്റിൽ നിന്ന് വീണ്ടും ഇന്റർവ്യൂ നടത്തി നിയമനം സുതാര്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | ബി) | പരിശോധിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാംകേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7065 2/11/2011 ൽ മറുപടിയ്ക്ക്

## <u>പഠനം മുടങ്ങുന്നത് തടയാൻ നടപടി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വടകര മോഡൽ പോളിടെക്നിക്കിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പെന്റ് ലഭിക്കാത്തതും ഫീസടയ്ക്കാൻ ആവശ്യപ്പെട്ടതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ദരിദ്ര വിദ്യാർത്ഥികളുടെ പഠനം മുടങ്ങുന്നത് തടയാൻ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ ? | (ബി) | വരുമാന പരിധി ഇല്ലാതെ നഴ്സറിതലം മുതൽ പി.ജി./പ്രൊഫഷണൽ തലം വരെയുള്ള എല്ലാ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കും എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 7066 2.11.2011 ലെ മറുപടിക്ക്

<u>പട്ടികജാതി വികസന വകുപ്പിൽ പുതിയ തസ്തികകൾ</u>

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ . റ്റി. എ. അഹമ്മദ് കബീർ | | ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി) |
| (എ)പട്ടികജാതി വികസന വകുപ്പിലെ ജില്ലാ ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | ഇതു സംബന്ധിച്ച ശുപാർശകളൊന്നും നിലവിലില്ല. |
| (ബി) ജോലി ഭാരം ഏറെയുള്ള പട്ടികജാതി വികസന വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ; ഒരേ സ്വഭാവമുള്ള ജോലി നിർവ്വഹിക്കുന്ന എസ്.സി.ഡി.ഒ. ഗ്രേഡ് I, എസ്.സി.ഡി.ഒ. ഗ്രേഡ് II എന്നിവരുടെ ശമ്പളം ഏകീകരണത്തിന് നടപടി സ്വീകരിക്കുമോ; | (ബി) | ഉദ്യോഗസ്ഥ- ഭരണ പരിഷ്കാര വകുപ്പിന്റെ വർക്ക് സ്റ്റഡിയുടെ അടിസ്ഥാനത്തിൽ പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II, എൽ.ഡി.സി, വാച്ച്മാൻ, വാർഡൻ തസ്തികകൾ സൃഷ്ടിക്കുന്നതിനായി പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് I, പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II എന്നിവരുടെ ശമ്പളം ഏകീകരിക്കുന്നത് സംബന്ധിച്ച് നിലവിൽ ശുപാർശകളൊന്നുമില്ല. |
| (സി) വയനാട്ടിലേക്ക് മാറ്റിയ എസ്.സി.ഡി.ഒ. തസ്തിക മലപ്പുറത്തേക്ക് കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന മുറക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7067 2/11/2011-ൽ മറുപടിക്ക്

## പട്ടികജാതി സങ്കേതങ്ങൾക്ക് സമീപമുള്ള വിദേശ മദ്യ ബാറുകൾ

ചോദ്യം

ശ്രീ. ജി.എസ്.ജയലാൽ

മറുപടി

ശ്രീ.എ.പി.അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ഏതെങ്കിലും പട്ടികജാതി സങ്കേതങ്ങൾക്ക് സമീപത്ത് വിദേശ മദ്യ ബാറുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ പഞ്ചായത്തിൽ ഇരുപത് കെട്ടിടം കോളനിയ്ക്ക് സമീപവും ആലപ്പുഴ ജില്ലയിലെ മുഹമ്മ പട്ടികജാതി കോളനിയിൽ നിന്നും ഏകദേശം 1/2 കി.മി ദൂരത്തിലും, തൃശ്ശൂർ കാക്കനാട് കോളനിക്ക് 200 മീറ്റർ അകലെയും, മനക്കപ്പാടം കോളനിക്ക് 500 മീറ്ററിനുള്ളിലും, കണ്ണംകുഴി കോളനിയ്ക്ക് 300 മീറ്റർ അകലെയും, മലപ്പുറം ജില്ലയിൽ തേൻചേരി പറമ്പ് കോളനിക്ക് സമീപവും വിദേശമദ്യ ഷാപ്പുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | എങ്കിൽ അതിന്മേൽ നടപടിയെടുക്കാൻ പട്ടികജാതി പിന്നോക്ക ക്ഷേമ വകുപ്പിന് അധികാരമുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഇല്ല. വിദേശ മദ്യ ഷാപ്പുകൾക്ക് അനുമതി നൽകുന്നതും റദ്ദാക്കുന്നതും എക്സൈസ് വകുപ്പാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :7068

2.11.2011-ൽ മറുപടിയ്ക്ക്

ഹെലികോപ്റ്റർ / സീ-പ്ലെയിൻ സർവ്വീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എ.അസീസ് | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| എ) വിനോദ സഞ്ചാര വകുപ്പിൻ കീഴിൽ സർക്കാരിന്റെ ആഭിമുഖ്യത്തിലോ, സ്വകാര്യ സംരംഭകരുടെ സഹകരണത്തിലോ ഹെലികോപ്റ്റർ സർവ്വീസ്, സീ-പ്ലെയിൻ സർവ്വീസ് എന്നിവ ആരംഭിക്കാൻ പദ്ധതിയുണ്ടോ; | എ) ഇല്ല |
| ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | ബി) ബാധകമല്ല |

സെക്ഷൻഓഫീസർ

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :7069

2.11.2011-ൽ മറുപടിയ്ക്ക്

ടൂറിസം പദ്ധതികളെക്കുറിച്ചുള്ള പഠനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പാലോട് രവി<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ. ലൂഡി ലൂയിസ് | | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). | |
| എ) | വിനോദ സഞ്ചാര സാധ്യതകളെക്കുറിച്ച് പഠനം നടത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | എ) | വിനോദ സഞ്ചാര സാധ്യതകളെക്കുറിച്ച് പഠനം നടത്തുന്നതിനായി ടൂറിസം കേന്ദ്രങ്ങളുടെ പ്രത്യേക വികസനം മുൻനിർത്തിയുള്ള മാസ്റ്റർപ്ലാനുകൾ തയ്യാറാക്കി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. |
| ബി) | പ്രസ്തുത സംവിധാനങ്ങൾ ശക്തമാക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; | ബി) | സംസ്ഥാനത്തെ ഒരോ ജില്ലയിലേയും ടൂറിസം കേന്ദ്രങ്ങളെയും അതാതിടത്തെ ടൂറിസം സാധ്യതകളെയും കുറിച്ച് പ്രത്യേകം സർവ്വേകളും പഠനങ്ങളും നടത്തുന്നുണ്ട്. കൂടാതെ നിലവിലുള്ള കേന്ദ്രങ്ങളിൽ എത്തുന്ന സഞ്ചാരികളിൽ നിന്നും കിട്ടുന്ന ഫീഡ്ബാക്ക് സർവ്വേകളും ഉപയോഗിച്ചു വരുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഗ്രാമങ്ങളിൽ ടൂറിസം സാധ്യതയുള്ള പ്രദേശങ്ങളെ കണ്ടെത്താനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. |
| സി) | അതു സംബന്ധിച്ചുള്ള സ്ഥിതിവിവരകണക്കുകൾ ശേഖരിച്ച് പ്രസിദ്ധീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | സി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻഓഫീസർ

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :7070

2.11.2011-ൽ മറുപടിക്ക്

വിനോദ സഞ്ചാര മേഖലയിലെ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| എ) ടൂറിസം മേഖലയിൽ പൈതൃകം, പരിസ്ഥിതി, സംസ്കാരം എന്നിവയുടെ സംരക്ഷണത്തിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;<br><br>ബി) ഇതിനായി പ്രത്യേക പ്രോജക്ടുകൾ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; | എ) & ബി) ടൂറിസം കേന്ദ്രങ്ങളുടെ പൈതൃകം, പരിസ്ഥിതി, സംസ്ക്കാരം എന്നിവയുടെ സംരക്ഷണത്തിനായി കേരള ടൂറിസം കൺസർവേഷൻ ആന്റ് പ്രിസർവേഷൻ ആക്ട് 2005ൽ നിലവിൽ വന്നിരുന്നു. ഇതിനുള്ള ചട്ടങ്ങളും തയ്യാറാക്കിയിരുന്നുവെങ്കിലും ഈ ആക്ട് നടപ്പിൽ വരുത്തിയിട്ടില്ല. എന്നിരുന്നാലും പൈതൃകം, പരിസ്ഥിതി, സംസ്ക്കാരം എന്നിവയുടെ സംരക്ഷണത്തിനായി മുസിരിസ്, തലശ്ശേരി, ഫോർട്ട് കൊച്ചി , ആലപ്പുഴ പൈതൃക പദ്ധതികളും ഉത്സവം പോലെയുള്ള സാംസ്ക്കാരിക പരിപാടികളും ഇക്കോ ടൂറിസം പദ്ധതികളും ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്നു. |
| സി) 2005-ലെ കേരള ടൂറിസം ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | സി) സ്വീകരിക്കുന്നതാണ്. |

സെക്ഷൻഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: T 7071** | **02.11.2011 ൽ മറുപടിയ്ക്ക്**

## ഇക്കോ ടൂറിസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇക്കോ ടൂറിസം ശക്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; | (എ) 2001 -ൽ തെന്മലയിൽ ഒരു ഇക്കോ ടൂറിസം പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി. കേരളത്തിൽ ഇത് വരെ 105 സ്ഥലങ്ങൾ ഇക്കോ ടൂറിസത്തിനു അനുയോജ്യമാണെന്നു കണ്ടെത്തുകയും അതിൽ 64 സ്ഥലങ്ങളിൽ പദ്ധതി പ്രവർത്തനം ആരംഭിക്കുകയും അതിൽ 44 കേന്ദ്രങ്ങൾ സഞ്ചാരികൾക്കായി തുറന്നുകൊടുക്കുകയും ചെയ്തു. വനപ്രദേശങ്ങളിൽ ഇക്കോടൂറിസം നടപ്പിലാക്കുന്നത് വനം വകുപ്പിന്റേയും ടൂറിസം വകുപ്പിന്റേയും കൂട്ടായ്മയിലൂടെയാണ്. |
| (ബി) ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ തദ്ദേശവാസികളുടെയും വന സംരക്ഷണ സമിതികളുടേയും പങ്കാളിത്തം ഉറപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ; | (ബി) ഇവരുടെ പങ്കാളിത്തം ഇപ്പോഴുമുണ്ട്. കൂടുതൽ ഫലവത്താക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (സി) ടൂറിസം വകുപ്പിന്റെയും സ്വകാര്യവ്യക്തികളുടെയും സഹായത്തോടുകൂടി ടൂറിസം പ്രോജക്ടുകൾ വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതികൾക്ക് രൂപം നൽകുമോ ? | (സി) ടൂറിസം വകുപ്പിന്റെയും സ്വകാര്യവ്യക്തികളുടെയും സഹായത്തോടുകൂടി ടൂറിസം പ്രോജക്റ്റുകൾ വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ടൂറിസ്റ്റ് റിസോർട്ട് (കേരള) ലിമിറ്റഡ്, ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :7072 — 2.11.2011-ൽ മറുപടിയ്ക്ക്

**എന്റെ ഗ്രാമം സൗഹൃദഗ്രാമം പദ്ധതി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.എ.വാഹിദ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| എ) "എന്റെ ഗ്രാമം സൗഹൃദഗ്രാമം" പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; | എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ടൂറിസം വികസനത്തിൽ പങ്കാളികളാക്കുന്ന പദ്ധതിയാണ് "എന്റെ ഗ്രാമം ടൂറിസം സൗഹൃദഗ്രാമം പദ്ധതി". ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാര പരിധിയിൽ വരുന്ന ടൂറിസം പ്രാധാന്യമുള്ള ചെറിയ ടൂറിസം കേന്ദ്രങ്ങളെ ടൂറിസ്റ്റുകൾക്കായി ഒരുക്കി കൊടുക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. |
| ബി) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പ്രസ്തുത പദ്ധതിവഴി എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കിവരുന്നത് എന്ന് വെളിപ്പെടുത്തുമോ; | ബി) പ്രകൃതി സൗന്ദര്യം ഉള്ള സ്ഥലങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഒരുക്കൽ, വില്ലേജ് സ്ക്വയറുകളുടെ വികസനം, അഡ്വഞ്ചർ ടൂറിസം പ്രവർത്തികളായ ട്രക്കിംഗ്, വാട്ടർ സ്പോർട് സ് എന്നിവ നടപ്പിലാക്കൽ പുതിയ ടൂറിസം ഉൽപ്പന്നങ്ങളുടെ വികസനം, ഗ്രാമങ്ങളിലെ പാരമ്പര്യ വ്യവസായങ്ങളുടെ വ്യാപനം, കൃഷി അടിസ്ഥാനമാക്കിയുള്ള ടൂറിസം പ്രോഡക്ടുകളുടെ വികസനം എന്നിവയാണ് പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്നത്. |
| സി) പ്രസ്തുത പദ്ധതി സംസ്ഥാനം മുഴുവനും വ്യാപകമാക്കുന്ന കാര്യം പരിഗണിക്കുമോ? | സി) സംസ്ഥാനത്തൊട്ടാകെ ഈ പദ്ധതി ഇപ്പോൾ തന്നെ പ്രാബല്യത്തിലുണ്ട്. |

സെക്ഷൻ ഓഫീസർ

ഫിക്കേഷൻ നൽകുന്നുണ്ട്. ഇതിന് പുറമെ 50 വർഷത്തിലധികം പഴക്കമുള്ള കെട്ടിടങ്ങൾ ടൂറിസ്റ്റു-കൾക്കായി ലഭ്യമാക്കുന്ന 'ഗ്രിഹസ്ഥലി' എന്ന പദ്ധതിയും 'സർവ്വീസ്ഡ് വില്ല' എന്ന പദ്ധതിക്കും അംഗീകാരം നൽ-കുന്നു.

(ബി) ടൂറിസം വ്യവസായം കാര്യക്ഷമമാക്കുന്നതിന് പുതിയ ടൂറിസം ഉല്പന്നങ്ങൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഈ വർഷം അതിനായുള്ള പുതിയ പദ്ധതികൾ വെളിപ്പെടുത്തുമോ;

(ബി) ടൂറിസം വ്യവസായം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പുതിയ ടൂറിസം ഉൽപന്നങ്ങൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനായി 2011 -12 സാമ്പത്തിക വർഷത്തിൽ വകുപ്പ് 247 ലക്ഷം രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നത്. ഇതിനായുള്ള പദ്ധതി നിർദ്ദേശ-ങ്ങൾ ആവിഷ്ക്കരിച്ചു വരുന്നു.

(സി) ടൂറിസ്റ്റുകളെ ചൂഷണത്തിൽ നിന്ന് സംരക്ഷിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

(സി) ടൂറിസ്റ്റുകളെ ചൂഷണത്തിൽ നിന്ന് സംരക്ഷിക്കുന്നതിന്റെ ഭാഗമായി, സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള ഉൽപ്പന്നങ്ങളുടെയും, സേവനങ്ങ-ളുടെയും വിവരങ്ങൾ ടൂറിസം വെബ്സൈറ്റ്, ബ്രോഷർ തുടങ്ങിയ മാധ്യമങ്ങളിലൂടെ ടൂറിസ്റ്റുകൾക്ക് ലഭ്യമാക്കുന്നുണ്ട്. കൂടാതെ പ്രധാന ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ ഇൻഫർമേഷൻ സെന്ററുകളും, ടോൾഫ്രീ നമ്പരും പ്രാവർത്തിക-മാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

| | | | |
|---|---|---|---|
| (ഡി) | നിശ്ചിത ഡെസ്റ്റിനേഷുകളിൽ മാത്രമേ ബാർ ലൈസൻസ് അനുവദിച്ചാൽ മതിയെന്ന് വകുപ്പു നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഡെസ്റ്റിനേഷനുകളിൽ; മാനദണ്ഡമെന്താണെന്നും വിശദമാക്കാമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7076 02.11.2011-ൽ മറുപടിയ്ക്ക്

## വിനോദസഞ്ചാര പദ്ധതികളുടെ ഏകോപനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | **ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| (എ) സമയബന്ധിതമായി ടൂറിസം പദ്ധതികളുടെ ഏകോപനത്തിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുന്നകാര്യം പരിഗണനയിലുണ്ടോ ; അല്ലെങ്കിൽ എന്നത്തേക്ക് രൂപീകരിക്കും എന്ന് വ്യക്തമാക്കാമോ ; | (എ) ഉണ്ട്. |
| (ബി) ഇതിനോടനുബന്ധിച്ച് ടൂറിസം സംരംഭകരെ ഉൾപ്പെടുത്തി സംസ്ഥാന തല ഉപദേശകസമിതി രൂപീകരിക്കുന്ന കാര്യവും പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നല്കുമോ ; | (ബി) കേരളത്തെ പ്രഥമമായ വിനോദ സഞ്ചാര മേഖലയായി ഉയർത്തിക്കൊണ്ടു വരുവാൻ വേണ്ടി സംസ്ഥാന വിനോദ സഞ്ചാര ഉപദേശക സമിതി രൂപീകരിക്കുമെന്ന നിർദ്ദേശം കരട് ടൂറിസം നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സമിതി വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ വികസനം, വിനോദ സഞ്ചാര ഉൽപന്നങ്ങളുടെ വികസനം, വിനോദ സഞ്ചാര വിപണന നയങ്ങൾ, വിനോദ സഞ്ചാര ഗവേഷണം എന്നീ മേഖലകളിൽ |

ടൂറിസം വകുപ്പിന് വേണ്ട നിർദ്ദേശങ്ങൾ നൽകും. ഈ സമിതിയിൽ നാമനിർദ്ദേശം ചെയ്യ-പ്പെടുന്ന ടൂറിസം വ്യവസായ ഓഹരി ഉടമകളും ടൂറിസത്തിലെ വിവിധ ടാസ്ക് ഫോർസിലേയും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ അംഗങ്ങൾ ആയിരിക്കും.

(സി) ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റ് ടാസ്ക് ഫോഴ്സിന് രൂപം നൽകുമോ ; എങ്കിൽ ആരെയൊക്കെ ഉൾപ്പെടുത്തിയാകും ഇതിന് രൂപം നൽകുക ?

(സി) പ്രസക്തവും പ്രാധാന്യവുമേറിയ പദ്ധതികൾ രൂപീകരിക്കുന്നതിനായി ടൂറിസം മന്ത്രി അധ്യക്ഷനായുള്ള ടാസ്ക് ഫോഴ്സ് ഓൺ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് രൂപീകരിക്കുമെന്ന് കരട് ടൂറിസം നയത്തിൽ വിവക്ഷിക്കുന്നുണ്ട്. ഇതിൽ ടൂറിസം വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവരും ബന്ധപ്പെട്ട വകുപ്പുകളിലെ പ്രതിനിധികളും അംഗങ്ങളായിരിക്കും.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :7077

2.11.2011-ൽ മറുപടിയ്ക്ക്

ടൂറിസം അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

ചോദ്യം
ശ്രീ. ജി.എസ്. ജയലാൽ

ഉത്തരം
ശ്രീ. എ.പി.അനിൽകുമാർ
(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി).

എ) ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര/സംസ്ഥാന ഗവൺമെന്റ് സഹായത്തോടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

എ) ഉണ്ട്. സംസ്ഥാന ബഡ്ജറ്റിൽ ടൂറിസം കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി ഈ വർഷം 24 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര ടൂറിസം വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള ടൂറിസം കേന്ദ്രങ്ങളുടെ വികസനം, ടൂറിസം സർക്യൂട്ടുകളുടെ വികസനം എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

ബി) ടൂറിസവുമായി ബന്ധപ്പെടുത്തി ചാത്തന്നൂർ എൻ.എച്ച്., പറവൂർ വഴി വർക്കല റോഡ് നവീകരിക്കുന്നതിലേക്കായി നിവേദനം ലഭിച്ചിരുന്നുവോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

ബി) ലഭിച്ചിട്ടുണ്ട്. സംസ്ഥാന-കേന്ദ്ര ടൂറിസം പദ്ധതികളിൽ ടൂറിസം കേന്ദ്രങ്ങളിലേയ്ക്കുള്ള പ്രധാന റോഡുകൾ വികസിപ്പിക്കുന്നതിന് ഇപ്പോൾ തുക അനുവദിക്കാറില്ല. അതുകൊണ്ട് തന്നെ ഇത്തരത്തിലുള്ള റോഡിന്റെ വികസനം ടൂറിസം വകുപ്പിന് നേരിട്ട് ഏറ്റെടുത്ത് നടത്തുന്നതിന് നിർവ്വാഹമില്ല.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :7078

2.11.2011-ൽ മറുപടിയ്ക്ക്

വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതികൾ

| ചോദ്യം<br>ശ്രീ.വി.ശിവൻകുട്ടി | | ഉത്തരം<br>ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പു മന്ത്രി). | |
|---|---|---|---|
| എ) | നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി വിനോദസഞ്ചാരവകുപ്പ് ഏതെല്ലാം പുതിയ പരിപാടികളാണ് നടപ്പിലാക്കിയത്; | എ) | 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ടൂറിസം വകുപ്പ് തുടങ്ങിയ പുതിയ പരിപാടികൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്. |
| ബി) | പ്രസ്തുത പരിപാടികൾ നടപ്പിലാക്കുന്നതിനായി എത്ര തുകയാണ് ചെലവഴിച്ചത്? | ബി) | പുതിയ പദ്ധതികൾക്കായി തുകയൊന്നും ഇതുവരെ ചെലവഴിച്ചിട്ടില്ല. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ച് ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ ചെലവ് ഉണ്ടാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

| നമ്പർ | പദ്ധതി |
|---|---|
| 1 | വർക്കലയിലെ വിവിധ ടൂറിസം പദ്ധതികളുടെ തുടക്കം |
| 2 | ആലപ്പുഴ കായൽ ടൂറിസം വികസന പദ്ധതി കേന്ദ്ര സർക്കാരിന് ധനസഹായത്തിനായി സമർപ്പിക്കൽ |
| 3 | പാലക്കാട് കോട്ടയും പരിസര പ്രദേശങ്ങളും സൗന്ദര്യവത്കരണ പദ്ധതിയുടെ തുടക്കം |
| 4 | അരുവിക്കുഴി വെള്ളച്ചാട്ടം ടൂറിസ്റ്റ് കേന്ദ്രമാക്കുന്നതിനുള്ള തുടക്കം |
| 5 | ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ കുടുംബശ്രീക്കായി സീറ്റ് മാറ്റി വയ്ക്കൽ |
| 6 | അരുവിക്കര, പേപ്പാറ ഡാം ടൂറിസം വികസന പദ്ധതികളുടെ തുടക്കം |
| 7 | കരട് ടൂറിസം നയം രൂപീകരണം |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7079 02.11.2011-ൽ മറുപടിയ്ക്ക്

# വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കാൻ പദ്ധതികൾ

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഇ.എസ്. ബിജിമോൾ<br>ശ്രീ. ജി.എസ്. ജയലാൽ<br>,, പി. തിലോത്തമൻ | **ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| (എ) സംസ്ഥാനത്ത് എത്തിച്ചേരുന്ന വിദേശ ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനിടയിൽ ഓരോ വർഷവും എത്തിയ വിദേശ ടൂറിസ്റ്റുകളുടെ എണ്ണം വ്യക്തമാക്കുമോ ; | (ബി) കഴിഞ്ഞ 5 വർഷകാലത്തിനിടയിൽ ഓരോ വർഷവും എത്തിയ വിദേശ ടൂറിസ്റ്റുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>2006 4,28,534<br>2007 5,15,808<br>2008 5,98,929<br>2009 5,57,258<br>2010 6,59,265 |
| (സി) വിദേശ ടൂറിസ്റ്റുകൾക്ക് ഏറ്റവും പ്രിയപ്പെട്ട ടൂറിസ്റ്റ് മേഖലകൾ ഏതെല്ലാം; കൂടുതൽപേരെ ആകർഷിക്കുന്നതിന് ഈ മേഖലകളിൽ എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് കൊണ്ടു വന്നിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ; | (സി) കേരളത്തിലെത്തുന്ന വിദേശ ടൂറിസ്റ്റുകൾക്ക് ഏറ്റവും പ്രിയപ്പെട്ട മേഖലകൾ ബീച്ച്, ബാക്ക് വാട്ടർ, ഹിൽ സ്റ്റേഷനുകൾ എന്നിവയാണ്. കോവളം, വർക്കല ബീച്ചുകൾ, ആലപ്പുഴ, കൊല്ലം, കുമരകം എന്നിവിടങ്ങളിലെ ബാക്ക് വാട്ടറുകൾ, മൂന്നാർ, തേക്കടി |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :7081

2.11.2011-ൽ മറുപടിയ്ക്ക്

## വഴിയോരം പദ്ധതി പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. എം.എ വാഹീദ്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| എ) വഴിയോരം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;<br><br>ബി) പ്രധാന വിനോദ സഞ്ചാരകേന്ദ്രങ്ങളിൽ പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത് എന്ന് വിശദമാക്കാമോ; | എ) & ബി) കേരളത്തിലെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ദേശീയ പാതകൾ, ജലമാർഗ്ഗങ്ങൾ, പ്രധാന റോഡുകൾ എന്നിവയ്ക്ക് സമീപം, യാത്രികർക്കും, ടൂറിസ്റ്റുകൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ മികച്ച ഭക്ഷണശാല, ചെറിയ ഷോപ്പിംഗ് സെന്റർ, വൃത്തിയുള്ള ടോയ്‌ലറ്റുകൾ എന്നീ സൗകര്യങ്ങൾ ഒരുമിച്ചുള്ള ഒരു കേന്ദ്രം എന്ന ഉദ്ദേശത്തോടെയാണ് സർക്കാർ വഴിയോരം പദ്ധതി നടപ്പിലാക്കിയത്. |
| സി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :7082

2.11.2011-ൽ മറുപടിയ്ക്ക്

മെഡിക്കൽ ടൂറിസം

| ചോദ്യം<br>ശ്രീ. ഇ.കെ.വിജയൻ | ഉത്തരം<br>ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
|---|---|
| എ) മെഡിക്കൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) വിദേശ ടൂറിസ്റ്റുകൾക്ക് കേരളത്തിലെ മികച്ച ഹോസ്പിറ്റലുകളിൽ ചികിത്സാ സൗകര്യങ്ങൾ നൽകുന്നതിനും ആയതു വഴി മെഡിക്കൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുമാണ് വകുപ്പ് ശ്രമിക്കുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ പ്രധാനപ്പെട്ട ഹോസ്പിറ്റലുകളുടെ പ്രതിനിധികളെകൊണ്ട് ഒരു കോൺഫറൻസ് നടത്തുകയുണ്ടായി. |
| ബി) ഇതിന്റെ ഭാഗമായി പ്രതിവർഷം എത്ര ടൂറിസ്റ്റുകൾ സംസ്ഥാനം സന്ദർശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ; | ബി) ഇതിന്റെ വിശദാംശങ്ങൾ ശേഖരിച്ചിട്ടില്ല |
| സി) മെഡിക്കൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് കെ.ടി.ഡി.സിയുടെ പങ്ക് എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | സി) കെ.ടി.ഡി.സിയുടെ എല്ലാ പ്രീമിയം ഹോട്ടലുകളിലും ആയുർവ്വേദ കേന്ദ്രങ്ങൾ നടത്തുകയും അവിടങ്ങളിൽ. വിവിധ തരത്തിലുള്ള ആയുർവ്വേദ പാക്കേജുകൾ രൂപപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അത്തരം പാക്കേജുകളെ കെ.ടി.ഡി.സിയുടെ വെബ്സൈറ്റ് വഴിയും, ട്രാവൽ മാർട്ടുകളിൽ പങ്കെടുത്തും മാർക്കറ്റ് ചെയ്യുകയും ചെയ്യുന്നുണ്ട്. എല്ലാ ആയുർവ്വേദ സെന്ററുകളും നടത്തുന്നത് അറിയപ്പെടുന്ന നിലവാരമുള്ള ഏജൻസികളാണ്. എല്ലായിടത്തും യോഗതയുള്ള ആയുർവ്വേദ ഡോക്ടർമാരും പിഴിച്ചിൽകാരുമാണ് സേവനം നൽകുന്നത്. |

സെക്ഷൻഓഫീസർ

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :7083 — 2.11.2011-ൽ മറുപടിയ്ക്ക്

ഉത്തരവാദിത്ത ടൂറിസം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |

എ) ഉത്തരവാദിത്ത വിനോദസഞ്ചാരം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

എ) കോവളം, കുമരകം, തേക്കടി, വയനാട് എന്നിവിടങ്ങളിൽ നടപ്പിലാക്കിയ പരീക്ഷണ പദ്ധതികളിൽ നിന്ന് പാഠമുൾക്കൊണ്ടുകൊണ്ട് ഉത്തരവാദിത്വ ടൂറിസം പരിപാടിയെ കേരളമെമ്പാടും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ആഗോള സുസ്ഥിര വിനോദ സഞ്ചാര മാനദണ്ഡമനുസരിച്ച് ടൂറിസം സേവന ദാതാക്കളെ തരംതിരിക്കുന്നതിനായി റെസ്പോൺസിബിൾ ടൂറിസം ക്ലാസിഫിക്കേഷൻ പരിപാടിയും ആവിഷ്ക്കരിച്ചിട്ടുണ്ട്. ടൂറിസം വകുപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾ, സ്വയം സഹായ സംഘങ്ങൾ, എൻ.ജി.ഒ കൾ, കാർഷിക മൃഗസംരക്ഷണ മത്സ്യബന്ധന വകുപ്പ്, ടൂറിസം,വ്യവസായം എന്നിവയുടെ പ്രതിനിധികളെ ഉൾപ്പെടുത്തി സംസ്ഥാന തലത്തിൽ ഉത്തരവാദിത്ത ടൂറിസം കർമ്മ സേന രൂപീകരിക്കുന്നതാണ്.

ബി) അത് പ്രാദേശിക മേഖലയിലും സംസ്ഥാനത്തിനാകെയും പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

ബി) സ്വീകരിച്ചു വരുന്നു.

സി) ഡെസ്റ്റിനേഷൻ, എന്റർപ്രൈസ് എന്നീതലങ്ങളിൽ അത് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

സി) ഡെസ്റ്റിനേഷൻ അടിസ്ഥാനത്തിൽ ഇപ്പോൾ നടത്തിവരുന്ന ഉത്തരവാദിത്ത ടൂറിസത്തിന്റെ റോൾ ഔട്ടും , എന്റർപ്രൈസ് ലെവലിൽ ഇത്തരത്തിൽ ഉത്തരവാദിത്ത ടൂറിസം പ്രാക്ടീസ് ചെയ്യുന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി ഒരുപുതിയ ക്ലാസിഫിക്കേഷൻ നടപ്പിലാക്കുന്നതാണ്.

സെക്ഷൻഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7084**

**02.11.2011 ൽ മറുപടിയ്ക്ക്**

**അതിരപ്പിള്ളി, വാഴച്ചാൽ, തുമ്പൂർമൂഴി വിനോദസഞ്ചാരകേന്ദ്രം**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| **ശ്രീ.ബി.ഡി.ദേവസ്സി** | **ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| (എ) അന്തർദേശീയ പ്രാധാന്യം നേടിയ അതിരപ്പിള്ളി, വാഴച്ചാൽ, തുമ്പൂർമൂഴി ടൂറിസ്റ്റു കേന്ദ്രങ്ങളിലെ വികസനത്തിനായി എന്തൊക്കെ നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത് ; | (എ) യും (ബി) യും<br><br>അതിരപ്പിള്ളിയിൽ പാർക്കിംഗ് ഏരിയ, ഗേറ്റ് ഹൗസ്, നടപ്പാത, ടോയിലറ്റ് ബ്ലോക്ക് എന്നിവ നിർമ്മിച്ചു. വാഴച്ചാലിൽ ട്രക്കിംഗ് പാത്ത്, ഗേറ്റ്, ഫുഡ് കോർട്ട്, ഫെൻസിംഗ് തുടങ്ങിയവയും ഏർപ്പെടുത്തി. തുമ്പൂർമൂഴിയുടെ ഒന്നാംഘട്ട വികസനം നടപ്പിലാക്കി. രണ്ടാംഘട്ട വികസനത്തിനായുള്ള പ്രോജക്ട് തയ്യാറാക്കി കേന്ദ്രസഹായത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. |
| (ബി) വികസന പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ? | |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7085   02.11.2011-ൽ മറുപടിയ്ക്ക്

## മൂന്നാർ ടൂറിസം വികസനം

| *ചോദ്യം* | | *ഉത്തരം* | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>,, എസ് രാജേന്ദ്രൻ<br>,, കെ. കെ. ജയചന്ദ്രൻ<br>,, കെ. സുരേഷ് കുറുപ്പ് | | **ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** | |
| (എ) | മൂന്നാർ ടൂറിസം മാസ്റ്റർ പ്ലാനിന്റെ ഭാഗമായുള്ള മുഖ്യ നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; ഇവ ഓരോന്നും എന്നത്തേക്ക് നിലവിൽ വരുമെന്ന് വെളിപ്പെടുത്തുമോ; | (എ) | മൂന്നാർ ടൂറിസം മേഖലയിലെ മൂന്നാർ, ചിന്നക്കനാൽ, പള്ളിവാസൽ, വട്ടവട, കാന്തല്ലൂർ, ദേവികുളം എന്നീ പഞ്ചായത്തുകളിലെ ടൂറിസം കേന്ദ്രങ്ങളുടെ വികസനവും പരിപാലനവുമാണ് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്ന ടൂറിസം കേന്ദ്രങ്ങളുടെ ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു. മാസ്റ്റർ പ്ലാൻ അംഗീകരിക്കുന്നതു സംബന്ധിച്ച നടപടികൾ പൂർത്തിയാകാത്തതിനാൽ ഈ നിർദ്ദേശങ്ങൾ എന്ന് നിലവിൽ വരുമെന്ന് പറയാനാകില്ല. |
| (ബി) | മുൻ സർക്കാർ ഇതിനായി രൂപീകരിച്ച സംവിധാനം എന്താണ്; അതിലെ അംഗങ്ങൾ ആരൊക്കെയാണ്? | (ബി) | മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന് പ്രത്യേക സംവിധാനമൊന്നും മുൻ സർക്കാർ രൂപീകരിച്ചിരുന്നില്ല. |

സെക്ഷൻ ഓഫീസർ

ആന്റ് സറൗണ്ടിംഗ്സ് പദ്ധതി, പത്തനംതിട്ട, കോട്ടയം, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ സപര്യ പദ്ധതി മുതലായ വിവിധ ടൂറിസം പദ്ധതികളുടെ നിർവ്വഹണ ഏജൻസിയായും ടി.ആർ.കെ. എൽ പ്രവർത്തിച്ചു വരുന്നു.

(ബി) ഈ കമ്പനിയുടെ ആദ്യ രൂപമായ ടൂറിസ്റ്റ് റിസോർട്ട് കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് പുതിയ കമ്പനി രൂപീകരിച്ചതുകൊണ്ടുള്ള നേട്ടം വിശദമാക്കുമോ?

(ബി) ടൂറിസം രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിനും നിക്ഷേപ സമാഹരണത്തിനുമായി രൂപീകരിച്ചിട്ടുള്ള പൊതുമേഖലാ സ്ഥാപനമായ ടി.ആർ.കെ.എൽ-നെ കെ.ടി.ഡി..സി.യിൽ നിന്നും സ്വതന്ത്രമാക്കി വർദ്ധിപ്പിച്ച പ്രവർത്തന മേഖലയോടു കൂടിയ സ്ഥാപനമാക്കുന്നതിന്റെ ഭാഗമായാണ് ഇതിനെ കേരള ടൂറിസം ഇൻഫ്രാക്സ്ട്രക്ചർ ആന്റ് ഇൻവെസ്റ്റ്മെന്റ് കമ്പനി ലിമിറ്റഡ് ആയി പുന:സംഘടിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :7087

2.11.2011-ൽ മറുപടിയ്ക്ക്

വിദേശ വനിതകൾക്കു നേരെയുള്ള ആക്രമണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.കെ.വിജയൻ | ശ്രീ. എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |

| | | | |
|---|---|---|---|
| എ) | വിനോദസഞ്ചാരത്തിനായി സംസ്ഥാന ത്തെത്തുന്ന വിദേശ വനിതകൾക്ക് നേരെ അക്രമങ്ങൾ ഉണ്ടാവുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ അതിനെതിരെ എന്തൊക്കെ നടപടികളാണ് ടൂറിസം വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാ ക്കാമോ? | ബി) | ടൂറിസം പോലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. കൂടാതെ ടൂറിസം കേന്ദ്രങ്ങളിൽ വനിതാ ടൂറിസം വാർഡർമാരുടെ സേവനം ഉറപ്പുവരുത്തു വാനും ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 7088**

**02.11.2011 ൽ മറുപടിയ്ക്ക്**

## പുതുവൈപ്പ് ബീച്ച്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.ശർമ്മ | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സഞ്ചാരികൾ എത്തുന്ന പുതുവൈപ്പ് ബീച്ചിനെ ഒരു ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ ആക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) സ്വീകരിച്ചു വരുന്നു. |
| (ബി) പ്രസ്തുത ബീച്ചിനെ മാർക്കറ്റ് ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ? | (ബി) ഫോർട്ടു കൊച്ചിയുടെ ഭാഗമായി ഈ കേന്ദ്രവും വികസിപ്പിക്കുന്നതിനും മാർക്കറ്റ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7089**

**02.11.2011 ൽ മറുപടിയ്ക്ക്**

**വൈപ്പിൻ ബീച്ച്-കായൽ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എസ്.ശർമ്മ** | | **ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** | |
| (എ) | വൈപ്പിൻ പ്രദേശത്ത് സഞ്ചാരികൾ എത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അവർക്ക് ആവശ്യമായ അടിസ്ഥാനസൗകര്യം ഒരുക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; | (ബി) | ആവിഷ്ക്കരിച്ചു വരുന്നു. |
| (സി) | ഭൂപ്രകൃതി ഫലപ്രദമായി വിനിയോഗിച്ചുകൊണ്ട് ഒരു സമഗ്ര ബീച്ച്-കായൽ ടൂറിസം പദ്ധതി ഇവിടെ ആവിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 7090**

**02.11.2011 ൽ മറുപടിയ്ക്ക്**

## കണ്ണൂർ ജില്ലയിൽ വിനോദസഞ്ചാരവകുപ്പിന്റെ പ്രവൃത്തികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.കെ.നാരായണൻ | | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) | കണ്ണൂർ ജില്ലയിൽ വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ ഭരണാനുമതി നൽകിയിട്ടുള്ള ഏതെല്ലാം പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കാനുള്ളത് എന്ന് വെളിപ്പെടുത്തുമോ ; | (എ) (എ) യും (ബി) യും<br>കണ്ണൂർ ജില്ലയിൽ വിനോദ സഞ്ചാര വകുപ്പിന്റെ കീഴിൽ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളും അവയുടെ ഇപ്പോഴുള്ള അവസ്ഥയും സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഇവ ഏതെല്ലാം ഘട്ടത്തിലാണെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ? | (ബി) |

സെക്ഷൻ ഓഫീസർ

1

അനുബന്ധം – A

| Sl. No. | Name of Project | Executive Agency | Remarks |
|---|---|---|---|
| 1 | Heritage Circuit - Development of Thalasserry and surroundings | TRKL | Not started |
| 2 | Improvement of Padiyoor-pazhassi irrigation road | DTPC Kannur | In progress |
| 3 | Improvements to 19th Mile Pazhassi Dam Garden Road km:0.000 to 6.270 | PWD Roads Kannur | In progress |
| 4 | Payyambalam Beach Modification - Kannur | Harbour Engineering Department | In progress |
| 5 | Beautification of Kizhunna Beach at Kannur | DTPC Kannur | Not started |
| 6 | Construction of Additional Block at Kannur Guest House, Payyambalam | KPHCC | Revised Administration Sanction awaited. |
| 7 | Development of Muzhupilangad as a major tourism destination | KTDC | New project. Work to start |
| 8 | Development of Pazhassi garden, Mattannur, Phase II | KPHCC | Not started |
| 9 | Improvements to Dharmasala Parassinikadavu Road, stregthening and providing BN & BC | PWD Roads Kannur | In progress |
| 10 | improvements to Kappilmala-Manjapullu-Paithalmala road | PWD Roads Kannur | In progress |
| 11 | Improvements to Maloor Koovakkara Chirhravattom Purlimala Road Km: 2.630 to 4.680 | PWD Roads Kannur | Not started |
| 12 | Improvements to the road leading to Meenkunnuchal Beach, Baliyappattam Highway Junction | PWD Roads Kannur | In progress |
| 13 | Kanayikanam Conservation project, Kannur | DTPC Kannur | Not started |
| 14 | Kottiyur Pilgrim Tourism Project, Kannur | DTPC Kannur | In progress |
| 15 | Meenkunnu Beach (TRP) | Harbour Engineering Department | In progress |
| 16 | Providing facilities at Dharmadom Island | KITCO | Not started |
| 17 | Thalassery Heritage Circuit - a special implementation team and office | KITCO | To be tendered after getting architectural drawings |
| 18 | Thalassery Heritage Circuit - Conservation works of Arakkal Kettu (Arakkal Museum) | KITCO | To be tendered |
| 19 | Thalassery Heritage Circuit - Construction of Museum cakes at Thalassery | KITCO | To be tendered |
| 20 | Thalassery Heritage Circuit - Construction of new building for KITTS training centre at Thalassery | KITCO | Tendered, submitted for tender committee approval |
| 21 | Thalassery Heritage Circuit - Interpretation Centre on folklore arts at Chirakkal | KITCO | To be tendered |
| 22 | Thalassery Heritage Circuit - Museum on history of British Settlement in Kannur (CSI church) | KITCO | To be tendered |
| 23 | Thalassery Heritage Circuit - Renovation of Gundert Bunglow - Proposed museum on Basel Mission | KITCO | To be tendered |
| 24 | Thalassery Heritage Circuit - Signages and pavements | KITCO | To be tendered |
| 25 | Thalassery Heritage Circuit - Theyyam perfomence centre | KITCO | To be tendered |
| 26 | Thalassery Heritage Circuit - Traditional folk arts performance centre at Kannapuram | KITCO | To be tendered |

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7091**

**02.11.2011 ൽ മറുപടിയ്ക്ക്**

**കോഴിക്കോട് മാമ്പുഴയിൽ ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ സെന്റർ**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.പി.റ്റി.എ.റഹീം** | **ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| (എ) കോഴിക്കോട് ജില്ലയിലെ മാമ്പുഴ സംരക്ഷിച്ച് ജലപാതയൊരുക്കാനും, ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ ആക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ ; | (എ) യും (ബി) യും (സി) യും പരിശോധിയ്ക്കുന്നതാണ്. |
| (ബി) എങ്കിൽ അത് സംബന്ധിച്ച് പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | |
| (സി) പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7092** — **02.11.2011 ൽ മറുപടിയ്ക്ക്**

**പൊന്നാനി ബിയ്യം കായൽ ടൂറിസം**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| **ശ്രീ.പി.ശ്രീരാമകൃഷ്ണൻ** | **ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| (എ) പൊന്നാനി മണ്ഡലത്തിലെ ബിയ്യം കായൽ പ്രദേശം ടൂറിസം ഡെസ്റ്റിനേഷനായി വികസിപ്പിക്കാൻ നടപടി സ്വീകരിയ്ക്കുമോ ; | (എ) സ്വീകരിക്കുന്നതാണ്. |
| (ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പൊന്നാനിയിലെ ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കാൻ പദ്ധതിയുണ്ടോ ; | (ബി) ഇപ്പോൾ ഇല്ല. |
| (സി) പൊന്നാനി അഴിമുഖം മുതൽ ചമ്രവട്ടം റഗുലേറ്റർ ബ്രിഡ്ജ് വരെയുളള കർമ്മറോഡ്, ടൂറിസം പദ്ധതിയുമായി ബന്ധപ്പെടുത്തി വികസിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) യും (ഡി) യും<br>റോഡിന്റെ വികസനം ടൂറിസം വകുപ്പ് ഏറ്റെടുത്ത് നടത്താറില്ല. എന്നാൽ നിളയുടെ വികസനത്തിനായി ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് പദ്ധതിയുണ്ട്. ഇതിൽ ഉൾപ്പെട്ടാൽ ഇക്കാര്യവും പരിഗണിക്കുന്നതാണ്. |
| (ഡി) എങ്കിൽ അതിന്റെ പ്രോജക്ട് ഉടൻ തയ്യാറാക്കുമോയെന്ന് വിശദമാക്കാമോ ? | |

സെക്ഷൻ ഓഫീസർ

വിനോദസഞ്ചാരവും വകുപ്പു മന്ത്രി).

| | | | |
|---|---|---|---|
| എ) | ആലത്തൂർ മണ്ഡലത്തിലെ മംഗലം ഡാം ടൂറിസം ഡെസ്റ്റിനേഷൻ മാനേജ് മെൻറ് കൗൺസിൽ ഇതുവരെ യോഗം കൂടിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) | ആലത്തൂർ മണ്ഡലത്തിലെ മംഗലം ഡാം ടൂറിസം ഡെസ്റ്റിനേഷൻ മാനേജ് മെൻറ് കൗൺസിലിൻെറ ഒരു യോഗം 2011 ജനുവരി 4-ാം തീയതി കൂടിയിട്ടുണ്ട്. |
| ബി) | പ്രസ്തുത കൗൺസിൽ യോഗം കൂടാ ത്തതിനാൽ നടന്നു വന്നിരുന്ന പ്രവർ ത്തനങ്ങളാകെ നിർത്തിവെച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ബാധകമല്ല |
| സി) | പ്രസ്തുത കൗൺസിൽ അടിയന്തിര മായി യോഗം ചേരുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | അടുത്ത യോഗം 2011 നവംബർ 4-ാം തീയതി നടത്തുന്നതിലേക്കായി തീരുമാനിച്ചി ട്ടുണ്ടെന്ന് പാലക്കാട് ഡി.റ്റി.പിസി. യിൽ നിന്നും അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 7094**

**02.11.2011 ൽ മറുപടിയ്ക്ക്**

**തോട്ടപ്പള്ളി - കടപ്പുറം ടൂറിസം പദ്ധതി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ.ജി.സുധാകരൻ** | | **ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** | |
| (എ) | തോട്ടപ്പള്ളി-സ്പിൽവേ-കടപ്പുറം എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | അമ്പലപ്പുഴ എം.എൽ.എ ഇതു സംബന്ധിച്ച് നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | പുറക്കാട് ഗ്രാമപഞ്ചായത്തിന്റെ ഇതു സംബന്ധിച്ച പ്രമേയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ഇല്ല. |
| (ഡി) | ഇതിന്മേൽ എന്ത് തുടർനടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; | (ഡി) | ആലപ്പുഴ മാസ്റ്റർ പ്ലാനിലും, കേന്ദ്രധനസഹായത്തിനായി സമർപ്പിച്ചിട്ടുള്ള സർക്യൂട്ട് പദ്ധതിയിലും ഈ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അനുവാദം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (ഇ) | ഈ പദ്ധതിയെക്കുറിച്ച് ചർച്ച ചെയ്യുവാൻ ഒരു ഉന്നതതല യോഗം വിളിക്കുന്നകാര്യം പരിഗണിക്കുമോ ? | (ഇ) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

-൨-

(ബി)

| നം | പേര് | തസ്തിക | ജോലിയിൽ പ്രവേശിച്ച വർഷം |
|---|---|---|---|
| 1 | എം.രാജേന്ദ്രൻ | ചീഫ് കോച്ച് | 1994 |
| 2 | സി.ഗോപാലകൃഷ്ണൻ | അസിസ്റ്റന്റ് മാനേജർ | 1994 |
| 3 | ആർ.കുഞ്ഞുമോൻ | ഹെൽപ്പർ | 1989 |
| 4 | എസ്.സതീശൻ | കൗണ്ടർസ്റ്റാഫ് | 1989 |
| 5 | ഡി.മോഹനൻ | ടോൾ കളക്ടർ | 1995 |
| 6 | പി.വിജയൻ | സെക്യൂരിറ്റി | 1996 |
| 7 | ശശി.കെ | ബോട്ട് ഡ്രൈവർ | 1989 |
| 8 | അനിൽകുമാർ.ബി | ഗാർഡനർ | 1989 |
| 9 | ജോൺസൺ.ഡി | കുക്ക് | 1994 |
| 10 | ജയചന്ദ്രൻ.വി.ആർ | സൂപ്പർവൈസർ | 1989 |
| 11 | വർഗ്ഗീസ്.എം | ടോൾ കളക്ടർ | 1994 |
| 12 | ഗിരീഷ്ബാബു | ടോൾ കളക്ടർ | 1991 |
| 13 | കെ.സുരേഷ്കുമാർ | അസി.മാനേജർ | 1994 |
| 14 | കെ.ശ്രീകുമാർ | ഹെൽപ്പർ | 1992 |
| 15 | ആർ.സുദർശനൻ | ടോൾ കളക്ടർ | 1992 |
| 16 | മോഹനദാസ്.പി | ടോൾ കളക്ടർ | 1994 |

| | | | |
|---|---|---|---|
| 17 | ബി.സതി | ടോൾ കളക്ടർ | 1993 |
| 18 | കൃഷ്ണകുമാർ.വി | ഹെൽപ്പർ | 1992 |
| 19 | വിനോദ്കുമാർ.ജി | ഹെൽപ്പർ | 1996 |
| 20 | എസ്.ആർ.ഹരിഹരൻ | അസിസ്റ്റന്റ് മാനേജർ | 1994 |
| 21 | സ്റ്റീഫൻ.ജെ | ടോൾ കളക്ടർ | 1992 |
| 22. | മുരളി.എം. | ടോൾ കളക്ടർ | 1995 |
| 23 | എൽ.കുഞ്ഞുമോൻ | ടോൾ കളക്ടർ | 1991 |
| 24 | പ്രദീപ്.എം | സൂപ്പർവൈസർ | 1993 |
| 25 | എസ്.ജയകുമാർ | അസിസ്റ്റന്റ് മാനേജർ | 1994 |
| 26 | സോമശേഖരൻ നായർ. S | മാനേജർ | 1994 |
| 27 | ബാബു. എ | സെക്യൂരിറ്റി | 1990 |
| 28 | എം.രാധാകൃഷ്ണൻ | കൗണ്ടർസ്റ്റാഫ് | 1993 |
| 29 | കെ.ദാനശീലൻ | മാനേജർ | 2006 |
| 30 | രതീഷ്.എസ് | ബോട്ട് ഡ്രൈവർ | 2007 |
| 31 | അനൂപ്.എ.ജി | ബോട്ട് ഡ്രൈവർ | 2007 |
| 32 | ഗീത.എൽ | ഹെൽപ്പർ | 1991 |
| 33 | ജയകുമാരി.ബി | ബോട്ട് ഡ്രൈവർ | 1989 |
| 34 | ഗിരിജ.റ്റി | അസിസ്റ്റന്റ് മാനേജർ | 1989 |

| | | | |
|---|---|---|---|
| 35 | ജയ.റ്റി | അസിസ്റ്റന്റ് മാനേജർ | 1989 |
| 36 | രാധാമണി.പി | ഗാർഡനർ | 1996 |
| 37 | സത്യഭാമ.എസ് | ഗാർഡനർ | 1989 |
| 38 | രേണുക.എം | ബോട്ട് ഡ്രൈവർ | 1989 |
| 39 | രമണി.എസ് | ടോൾ കളക്ടർ | 1989 |
| 40 | ലൈല.എ | ടോൾ കളക്ടർ | 1989 |
| 41 | അജിതകുമാരി.എസ് | കൗണ്ടർ സ്റ്റാഫ് | 1995 |
| 42 | മോളി.എ | കൗണ്ടർ സ്റ്റാഫ് | 1994 |
| 43 | അനിത.വി | കൗണ്ടർ സ്റ്റാഫ് | 1989 |
| 44 | ശാന്താശങ്കർ | കൗണ്ടർ സ്റ്റാഫ് | 1989 |
| 45 | ശ്രീലത.ആർ | ഗാർഡനർ | 1989 |
| 46 | സ്മിത.വി.എസ് | കൗണ്ടർ സ്റ്റാഫ് | 1989 |
| 47 | രമ.എ | അസിസ്റ്റന്റ് മാനേജർ | 1989 |
| 48 | എൻ.രമ | കൗണ്ടർ സ്റ്റാഫ് | 1989 |
| 49 | മിനിമോൾ.എസ് | കൗണ്ടർ സ്റ്റാഫ് | 1994 |
| 50 | ജാക്വിലിൻ.എഫ് | ഹെൽപ്പർ | 2001 |
| 51 | കുമാരി തങ്കം.റ്റി | ബോട്ട് ഡ്രൈവർ | 1994 |
| 52 | ഷീല.വി | ബോട്ട് ഡ്രൈവർ | 1993 |

| | | | |
|---|---|---|---|
| 53 | ബേബി.ആർ | ബോട്ട് ഡ്രൈവർ | 1994 |
| 54 | നിർമ്മല.സി | ബോട്ട് ഡ്രൈവർ | 1993 |
| 55 | സുകുമാരി.എസ് | ബോട്ട് ഡ്രൈവർ | 1989 |
| 56 | ബി.സരസ്വതി | അസിസ്റ്റന്റ് മാനേജർ | 1993 |
| 57 | എൻ.ബീനാഷീല | ഹെൽപ്പർ | 1993 |
| 58 | പി.എസ്.അംബിക | മാനേജർ | 2001 |
| 59 | എസ്.ആർ.കൃഷ്ണൻ | സീനിയർ മാനേജർ (അക്കൗണ്ട്സ്) | 1991 |
| 60 | ബി.സുരേഷ്കുമാർ | സീനിയർ മാനേജർ (പ്രോജക്ട് ) | 1991 |
| 61 | ബി.വിജയൻ നായർ | ഡ്രൈവർ | 1991 |
| 62 | ജി.അംബുജകുമാർ | ഓഫീസ് മാനേജർ | 1991 |
| 63 | ഡി.നെൽസൺ | പ്യൂൺ കം മെസഞ്ചർ | 1991 |
| 64 | ദർശന.എം.ആർ | ഓഫീസ് അസിസ്റ്റന്റ് | 2004 |
| 65 | മാധുരി.ബി | ഓഫീസ് അസിസ്റ്റന്റ് | 2008 |
| 66 | ശോഭനകുമാരി.വി | സ്വീപ്പർ | 2007 |
| 67 | ശശിധരൻ നായർ.ബി | സെക്യൂരിറ്റി | 2003 |
| 68 | സുജാത | സ്വീപ്പർ | 2006 |
| 69 | ജയകുമാർ | ബോട്ട് ഡ്രൈവർ | 2011 |
| 70 | അഭിലാഷ് | ഇൻഫർമേഷൻ അസിസ്റ്റന്റ് | 2011 |

സ്ത്രീകൾ 30 പേർ, ~~അതിൽ~~ പട്ടികജാതിക്കാരായവർ 2[illegible] പേർ.

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 7096**

**02.11.2011 ൽ മറുപടിയ്ക്ക്**

**ചടയമംഗലം ജഡായു ഫെസ്റ്റ് 2012**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ** | | **ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** | |
| (എ) | ചടയമംഗലം ജഡായുപാറ ടൂറിസം പദ്ധതിയുടെ ഭാഗമായി 2011-2012 വർഷം എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; | (എ) | പദ്ധതി പ്രദേശത്തിനു ചുറ്റും വേലി കെട്ടുക, ഇൻഫർമേഷൻ കൗണ്ടർ സജ്ജമാക്കുക, കാർ പാർക്കിംഗ്, റോഡ്, വിശ്രമസങ്കേതം, റോപ്പ് വേ, മഴവെള്ളസംഭരണി എന്നിവ നിർമ്മിക്കുക, ജഡായു ശിൽപം പൂർത്തീകരിക്കുക തുടങ്ങിയവയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ബി) | 2012 -ൽ ജഡായു ഫെസ്റ്റ് സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 7097

02.11.2011 ൽ മറുപടിയ്ക്ക്

## ടൂറിസം ലൈഫ് ഗാർഡുകളെ സ്ഥിരപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എളമരം കരീം | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതിപിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) 1986 മുതൽ ടൂറിസം ലൈഫ് ഗാർഡുകളായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന തൊഴിലാളികളെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ; | (എ) യും (ബി) യും<br>ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) ഇതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാൻ നടപടി കൈക്കൊള്ളുമോ ; | |
| (സി) അപകടകരമായ ജോലി ചെയ്യുന്ന ലൈഫ് ഗാർഡുകൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) ഇക്കാര്യം പരിശോധിച്ചു നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7098

02.11.2011 ൽ മറുപടിയ്ക്ക്

## അതിഥിമന്ദിരത്തിലെ ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ് തസ്തിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ആർ.സെൽവരാജ് | | ശ്രീ.എ.പി.അനിൽകുമാർ<br>പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| (എ) | ഗസ്റ്റ് ഹൗസുകളിൽ ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ് തസ്തികകൾ നിലവിലുണ്ടോ ; എങ്കിൽ പ്രസ്തുത തസ്തികയിലേക്കുള്ള നിയമനരീതി വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. കേരള ടൂറിസം സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റ് തസ്തികയുടെ 50% പി.എസ്.സി വഴി നേരിട്ടുള്ള നിയമനത്തിനും 50% ടൂറിസം വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴി നിയമിക്കുന്നതിനുമാണ് വ്യവസ്ഥയുള്ളത്. ആയതുപ്രകാരം നിയമനങ്ങൾ നടന്നുവരുന്നു. |
| (ബി) | പ്രസ്തുത തസ്തികയ്ക്കുള്ള യോഗ്യത എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (ബി) | പ്രസ്തുത തസ്തികയ്ക്കുള്ള യോഗ്യത ചുവടെ ചേർക്കുന്നു<br>1. എസ്.എസ്.എൽ.സി പാസോ തത്തുല്യ യോഗ്യതയോ<br>2.ഗവൺമെന്റ് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള ഫുഡ് & ബിവറേജ് സർവ്വീസിലെ ക്രാഫ്റ്റ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ അതിന് തത്തുല്യമായി സർക്കാർ അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും യോഗ്യത |
| (സി) | തിരുവനന്തപുരം ജില്ലയിൽ എത്ര ഒഴിവുകളാണ് പ്രസ്തുത തസ്തികയിൽ നിലവിലുള്ളതെന്നും അവ പി.എസ്.സി -യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ ; | (സി) | തിരുവനന്തപുരം ജില്ലയിൽ ഹോസ്പിറ്റാലിറ്റി അസിസ്റ്റന്റിന്റെ 6 ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത തസ്തികയുടെ 50% ഒഴിവുകളിൽ പി.എസ്.സി മുഖേന നേരിട്ടുള്ള നിയമനം നടത്തിയിട്ടുണ്ട്. ബാക്കി ഒഴിവുകൾ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്നും തസ്തികമാറ്റം നൽകി നിയമനം നടത്താനുള്ളതാണ്. |
| (ഡി) | പ്രസ്തുത തസ്തികയിൽ ഡെപ്യൂട്ടേഷനിലോ ദിവസവേതനാടിസ്ഥാനത്തിലോ ജോലി നോക്കുന്നവരുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (ഡി) | പ്രസ്തുത തസ്തികയിൽ സംസ്ഥാനത്തെ വിവിധ ഗസ്റ്റ് ഹൗസുകളിലായി ആകെ 24 പേർ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്. ഈ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ആരും ജോലി ചെയ്യുന്നില്ല. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** **03/11/2011- ലെ മറുപടിക്ക്**
**ചോദ്യം നം : 7140**

## വിവിധോദ്ദേശ തൊഴിൽ ക്ലബ്ബുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. ഹംസ** | **ശ്രീ. ഷിബു ബേബി ജോൺ**<br>**(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)** |
| (എ) വിവിധോദ്ദേശ തൊഴിൽ ക്ലബ്ബുകളുടെ പ്രവർത്തനം കാര്യക്ഷമമാകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിലുണ്ടോ; | (എ) ഇല്ല |
| (ബി) വിവിധോദ്ദേശ തൊഴിൽ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിൽ എത്ര ഗ്രൂപ്പുകൾക്ക് സംരംഭകത്വപരിശീലനം നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (ബി) വിവിധോദ്ദേശ തൊഴിൽ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിൽ സംരംഭകത്വപരിശീലനം നൽകിയിട്ടില്ല. |
| (സി) പ്രസ്തുത പദ്ധതി പ്രകാരം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എത്ര വിവിധോദ്ദേശ തൊഴിൽ ക്ലബ്ബുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | പ്രസ്തുത പദ്ധതി പ്രകാരം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ പൂക്കോട് ഡയറിഫാം എന്ന പേരിൽ 5 അംഗങ്ങൾ ഉൾപ്പെട്ട ഒരു ജോബ് ക്ലബ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ആയതിന് 8,00,000/- രൂപ വായ്പയായും 2,00,000/- രൂപ സബ്സിഡിയായും നൽകിയിട്ടുണ്ട്. |
| (ഡി) പ്രസ്തുത പദ്ധതി പ്രകാരം തൊഴിൽ രഹിതരെ സംഘടിപ്പിക്കാനും, ക്ലബ്ബ് രൂപീകരിക്കുവാനും പാലക്കാട് ജില്ലയിൽ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ; | (ഡി) പാലക്കാട് ജില്ലയിൽ തൊഴിൽ രഹിതരെ സംഘടിപ്പിക്കുന്നതിനും ക്ലബുകൾ രൂപീകരിക്കുന്നതിനും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ജോബ് ക്ലബ് പദ്ധതി അപേക്ഷ |

പാസാക്കുന്നതിനും വായ്പയ്ക്ക് ശുപാർശ ചെയ്യുന്നതിനുമായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ കൺവീനറും, ലീഡ് ബാങ്ക് മാനേജർ, വ്യവസായ പരിശീലന വകുപ്പിന്റെ പ്രതിനിധി, ജനശിക്ഷൺ സൻസ്ഥാൻ, റൂഡ്സെറ്റ് ഡയറക്ടർ തുടങ്ങിയവർ അംഗങ്ങളായ ജില്ലാ കമ്മിറ്റിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ഇ) പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ അടിയന്തിരമായി സംഘടിപ്പിക്കുവാൻ നിർദ്ദേശം നൽകാമോ; വിശദാംശം ലഭ്യമാക്കാമോ?

ഇത് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ നടത്തി വരുന്ന തുടർ പദ്ധതിയാണ്. നടപ്പ് സാമ്പത്തിക വർഷം പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള ഒരു കോടി രൂപയിൽ നിന്നും 33 ലക്ഷം രൂപ ഗുണഭോക്താക്കൾക്ക് വിതരണം നടത്തിക്കഴിഞ്ഞു. ധനകാര്യ സ്ഥാപനങ്ങൾ വായ്പ അനുവദിക്കുന്ന മുറയ്ക്ക് ക്ലബുകൾക്ക് സബ്സിഡി വിതരണം നടത്തുന്നതിനും, അവ മോണിറ്റർ ചെയ്യുന്നതിനുമുള്ള തുടർ പ്രവർത്തനങ്ങൾ എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് തലത്തിൽ നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 7141**

**03.11.2011-ൽ മറുപടിയ്ക്ക്**

## സ്വകാര്യമേഖലയിലെ തൊഴിലാളികളുടെ വേതന വിതരണം

**ചോദ്യം**

ശ്രീ.എ.റ്റി.ജോർജ്:
ശ്രീ;അൻവർ സാദത്ത്:
ശ്രീ.പി.എ.മാധവൻ:
ശ്രീ.ബെന്നി ബെഹനാൻ:

(എ) സംസ്ഥാനത്തെ സ്വകാര്യമേഖലയിലുള്ള തൊഴിലാളികൾക്ക് വേതനം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

**ഉത്തരം**

ശ്രീ. ഷിബു ബേബിജോൺ
(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)

(എ) നിലവിൽ 72 മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് വേതനം നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ടി മിനിമം വേജസ് നടപ്പാക്കുന്നതിനായി തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം വ്യക്തിഗത പരിശോധനകളും സ്ക്വാഡ് ഇൻസ്പെക്ഷനുകളും നടത്തി തൊഴിലാളികൾക്ക് മിനിമം വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്. നിശ്ചയിച്ചിട്ടുള്ള കൂലി നൽകുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടാൽ ക്ളെയിം പെറ്റീഷനുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. ഇതു കൂടാതെ 7 മേഖലകളിലെ തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിലൂടെ മിനിമം കൂലി തൊഴിലാളിക്ക് ലഭിക്കുന്നു എന്നത് ബന്ധപ്പെട്ട ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ച് ഉറപ്പാക്കാൻ കഴിയുന്നതാണ്.

(ബി) ഏതെല്ലാം മേഖലയിലെ തൊഴിലാളികൾക്കാണ് പ്രസ്തുത സൗകര്യം ലഭിക്കുക;

(ബി) തുടക്കത്തിൽ 7 മേഖലകളിലാണ് വേതന സുരക്ഷ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഇവ താഴെ പറയും പ്രകാരമാണ്.

1) സ്വകാര്യ പണിമിടപാട് സ്ഥാപനങ്ങൾ.
2) ടെക്സ്റ്റയിൽസ്.
3) ജൂവല്ലറി
4) സ്വകാര്യ ആശുപത്രികൾ.
5) ഐ.ടി.മേഖല
6)സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ.
7) കെട്ടിട നിർമ്മാണ മേഖല എന്നിവയാണ്.

(സി) ഇതിനായി വേതനം ബാങ്ക് അക്കൗണ്ടുകൾ വഴി വിതരണം ചെയ്യണം എന്ന നിബന്ധന പരിഗണിക്കുമോ;

(സി) അപ്രകാരം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) പ്രസ്തുത സംവിധാനം മോണിറ്റർ ചെയ്യാൻ ജില്ലാ ആഫീസർക്ക് അധികാരം നൽകുമോ?

(ഡി) ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)-ന് ഇതു സംബന്ധിച്ച അധികാരം നൽകാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **03.11.2011-ൽ മറുപടിയ്ക്ക്**

**ചോദ്യം നമ്പർ. 7142**

**പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്ക് സഹായങ്ങൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.അച്ചുതൻ:<br>ശ്രീ. സി.പി.മുഹമ്മദ്:<br>ശ്രീ.പി.എ.മാധവൻ:<br>ശ്രീ.ജോസഫ് വാഴക്കൻ: | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) പരമ്പരാഗത മേഖലയിലെ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്; | (എ) തൊഴിൽ വകുപ്പ് പരമ്പരാഗത തൊഴിൽ മേഖലയിലെ തൊഴിലാളികളിൽ 25,000/- രൂപയിൽ കുറഞ്ഞ വാർഷിക വരുമാനമുള്ളവർക്ക് ഒരു വർഷം ഏറ്റവും കുറഞ്ഞത് 1250/- രൂപ ലഭ്യമാകുന്ന ഇൻകം സപ്പോർട്ട് സ്കീം 1/11/2010 മുതൽ നടപ്പിലാക്കിവരുന്നുണ്ട്. |
| (ബി) ഈ വിഭാഗത്തിൽപ്പെടുന്ന തൊഴിലാളികൾ ഏതെല്ലാം; | (ബി) ഈ വിഭാഗത്തിൽ ബീഡി, ഖാദി, മത്സ്യ സംസ്കരണം, കയർ, കുട്ട, പായ്നെയ്ത്ത് എന്നീ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ ഉൾപ്പെടുന്നു. |
| (സി) ഈ പദ്ധതി നടത്തിപ്പിനുള്ള നടപടി ക്രമങ്ങൾ തീരുമാനിക്കുന്നത് എതൊക്കെ വകുപ്പുകളാണ്? | (സി) തൊഴിൽ വകുപ്പു മുഖേന നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ കൃത്യമായ നടപടിക്രമങ്ങൾ പ്ളാനിംഗ് ബോർഡും തൊഴിൽ വകുപ്പും മറ്റ് ബന്ധപ്പെപ്പെട്ട വകുപ്പുകളായ, വ്യവസായ വാണിജ്യ വകുപ്പ്, ഫിഷറീസ്, കയർ വികസന വകുപ്പ്, ഖാദി ബോർഡ്, കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്, ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ വകുപ്പുകൾ ചേർന്ന് സംയുക്തമായി തീരുമാനിക്കുന്നു. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 7143. 03.11.2011-ൽ മറുപടിക്ക്

### സ്വകാര്യ ദേവസ്വം ജീവനക്കാർക്ക് മിനിമം വേജ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വർക്കല കഹാർ | | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സ്വകാര്യ ദേവസ്വം ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് മിനിമം വേജ് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;<br>(ബി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ; | (എ) & (ബി) | 09.08.2011ലെ ജി.ഒ(എം.എസ്) നമ്പർ.109/2011/ തൊഴിൽ നമ്പർ വിജ്ഞാപന പ്രകാരം കേരളത്തിലെ സ്വകാര്യ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് കുറഞ്ഞ കൂലി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) ഇവർക്ക് ക്ഷേമനിധി ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | (സി) | കേരളത്തിലെ തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ ദേവസ്വം ബോർഡുകളുടെ പരിധിയിൽ വരാത്ത ക്ഷേത്രങ്ങളിലെ പൂജാരിമാർ ഒഴികെയുള്ള ജീവനക്കാർ/വർക്കർ എന്നിവർക്ക് വേണ്ടി കേരള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധി പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിന്റെ പ്രവർത്തനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7144 — 03. 11. 2011 ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ. പി.എ.മാധവൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ് മെന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാം; | (എ) കേരള സർക്കാരിന്റെ തൊഴിൽവകുപ്പിനു കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ് (കിലെ) · തൊഴിൽ അനുബന്ധ വിഷയങ്ങളിൽ പരിശീലനം, ശിൽപശാല, ഗവേഷണം, പഠനം, പ്രസിദ്ധീകരണം എന്നിവ നടപ്പിലാക്കി വരുന്നു. തൊഴിൽ/എംപ്ലോയ്മെന്റ് വകുപ്പുകളിലെ ജീവനക്കാരുടെ പരിശീലനത്തിന് പുറമെ ട്രേഡ് യൂണിയൻ പ്രതിനിധികൾക്കും അസംഘടിത മേഖല, പരമ്പരാഗത തൊഴിൽ മേഖല, തോട്ടം തൊഴിലാളികൾ, വനിത ട്രേഡ് യൂണിയൻ എന്നീ വിഭാഗത്തിലുള്ളവർക്കും 'കിലെ' പരിശീലന പരിപാടികളും അനുബന്ധ സെമിനാറുകളും പഠനങ്ങളും നടത്തി വരുന്നു. തൊഴിലുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കേന്ദ്ര സർക്കാർ തൊഴിൽ പരിശീലന ഗവേഷണ സ്ഥാപനമായ വി.വി.ഗിരി നാഷണൽ ലേബർ ഇൻസ്റ്റിറ്റ്യൂട്ട്, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ആന്റ് ട്രെയിനിംഗ് ഇൻ എംപ്ലോയ്മെന്റ് സർവ്വീസ് തുടങ്ങിയ സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ പരിശീലന പരിപാടികൾ പുതിയതായി ആരംഭിച്ചിട്ടുള്ളതും, തൊഴിൽ അനുബന്ധ വിഷയങ്ങളിൽ ഗവേഷണവും ഹ്രസ്വകാല സർട്ടിഫിക്കറ്റ് കോഴ്സുകൾ എന്നിവ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണിച്ചു വരുന്നതുമാണ്.<br><br>കോഴിക്കോടുള്ള ഐ.ഐ.റ്റി.എമ്മുമായി ചേർന്ന് സർക്കാർ അംഗീകൃത ഹോട്ടൽ മാനേജ്മെന്റ്, ഫാഷൻ ഡിസൈനിംഗ് തുടങ്ങിയ വിഷയങ്ങളിൽ പി.ജി.ഡിപ്ലോമ, ഡിപ്ലോമ, സർട്ടിഫിക്കറ്റ് കോഴ്സുകൾ എന്നിവ വിജയകരമായി നടപ്പിലാക്കി വരുന്നു. പോർട്ട് ഫോളിയോ മാനേജ്മെന്റ്, ലോജിസ്റ്റിക് മാനേജ്മെന്റ് തുടങ്ങി തൊഴിൽ സാധ്യതയേറെയുള്ള കോഴ്സുകൾ ആരംഭിക്കുവാനും 'കിലെ 'പദ്ധതിയിട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സെമിനാറുകൾ, ശില്പശാലകൾ പരിശീലന പരിപാടികൾ എന്നിവ ഊർജ്ജിതമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | നടപടികൾ സ്വീകരിച്ചു വരുന്നു |
| (സി) | ഗവേഷണ പദ്ധതികൾ നടപ്പാക്കാനും അവ യഥാസമയം പ്രസിദ്ധീ കരിക്കാനും നടപടികൾ സ്വീകരിക്കുമോ? | (സി) | നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7145 03/11/2011-ൽ മറുപടിക്ക്.

ക്ഷേമനിധി ബോർഡുകളിലെ പെൻഷനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ<br>,, ജി. എസ്. ജയലാൽ<br>ശ്രീമതി ഇ. എസ്. ബിജിമോൾ<br>ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട ക്ഷേമനിധി ബോർഡുകളിലെ പെൻഷനുകളുടെ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ ;<br><br>(ബി) ഉണ്ടെങ്കിൽ എത്ര രൂപയാണ് വർദ്ധിപ്പിച്ചിട്ടുള്ളത് ;<br><br>(സി) ഇതുപ്രകാരം ഏതൊക്കെ, ക്ഷേമ പെൻഷനുകൾക്കാണ് വർദ്ധനവ് ബാധകമാകുന്നത് ;<br><br>(ഡി) വർദ്ധിപ്പിച്ച പെൻഷൻ ഏത് മാസം മുതൽ ബാധകമാക്കിയാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് ;<br><br>(ഇ) മുൻ സർക്കാരിന്റെ തീരുമാനപ്രകാരമുള്ള വർദ്ധനവാണോ ഇതെന്ന് വെളിപ്പെടുത്തുമോ ? | (എ,ബി,സി,ഡി&ഇ) തൊഴിൽ വകുപ്പിനുകീഴിൽ വരുന്ന എല്ലാ ക്ഷേമനിധി ബോർഡുകളുടെയും മിനിമം പെൻഷൻ തുക 01/04/2011 മുതൽ ഈ സർക്കാർ 400/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

(ബി) എന്തെല്ലാം പുതിയ ക്ഷേമ പദ്ധതികളാണ് ക്ഷേമനിധി ഫണ്ട് ഉപയോഗിച്ച് തൊഴിലാളികൾക്കായി നടപ്പിലാക്കാൻ ഉദ്ദേശിയ്ക്കുന്നതെന്ന വിശദമാക്കുമോ;

(ബി) പെൻഷൻ, അവശതാപെൻഷൻ, കുടുംബപെൻഷൻ, പ്രസവാനുകൂല്യം, വിവാഹാനുകൂല്യം, ചികിത്സാസഹായം, വിദ്യാഭ്യാസാനുകൂല്യം, മരണാനന്തരസഹായം എന്ന് തുടങ്ങി വിവിധ തരത്തിലുള്ള ക്ഷേമ പദ്ധതികളാണ് ക്ഷേമനിധി ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിവരുന്നത്.

(സി) ഈ സർക്കാർ ഏതെങ്കിലും സാഹചര്യത്തിൽ പ്രസ്തുത ഫണ്ട് വക മാറ്റി ചെലവഴിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

(സി) ഇല്ല.

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 7147

03/11/2011- ലെ മറുപടിക്ക്

**നോക്കുകൂലി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി. ജോർജ്<br>ശ്രീ. എൻ. ജയരാജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) നോക്കുകൂലി സംബന്ധിച്ച് ആക്ഷേപം ഉണ്ടാകുമ്പോൾ പോലീസിന്റെ സഹായം അടിയന്തിരമായി നൽകുന്നതിന് എന്തൊക്കെ നടപടികൾ വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ? | (എ) നോക്കുകൂലി സംബന്ധിച്ച ആക്ഷേപം ഉണ്ടാകുമ്പോൾ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിക്കാറുണ്ട്. ഇക്കാര്യത്തിൽ പോലീസിനെ ഇടപെടുത്തി എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രത്യേകമായി നിയമങ്ങളൊന്നും ഇപ്പോൾ ഇല്ലാത്തതാകുന്നു. എന്നാൽ ചുമട്ടു തൊഴിലാളികൾ നോക്കുകൂലി വാങ്ങിയതായി കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടാൽ 1983-ലെ കേരള ചുമട്ടു തൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതിയിലെ 35-ാം ഖണ്ഡിക പ്രകാരം ശിക്ഷാ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

<u>പതിമൂന്നാം കേരള നിയമസഭ</u>

<u>രണ്ടാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 7148.</u> <u>03.11.2011-ൽ മറുപടിക്ക്</u>

<u>കുടിയേറ്റ തൊഴിലാളികൾക്കായി ആരോഗ്യ ബോധവൽക്കരണ പരിപാടി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമത്തിനും ആരോഗ്യശുചീകരണ സൗകര്യങ്ങൾക്കുമുള്ള ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമേ; | (എ) ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. |
| (ബി) ഇത്തരം ആളുകൾക്ക് വേണ്ടി മെഡിക്കൽ ക്യാമ്പുകൾ നടത്തുന്ന കാര്യം പരിഗണിക്കുമോ? | (ബി) സംസ്ഥാന ആരോഗ്യവകുപ്പിന്റെയും NRHM ന്റെയും സഹകരണത്തോടെ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 7149. 03.11.2011-ൽ മറുപടിക്ക്

### അന്യസംസ്ഥാന തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) കേരളത്തിൽ അന്യസംസ്ഥാനത്ത് നിന്നും വന്ന് തൊഴിലെടുക്കുന്ന തൊഴിലാളികളുടെ എണ്ണം സർക്കാർ നിജപ്പെടുത്തിയിട്ടുണ്ടോ; | (എ) ഇല്ല |
| (ബി) എങ്കിൽ ഇതിനകം അന്യസംസ്ഥാനത്തുനിന്നുള്ള എത്ര തൊഴിലാളികളെ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വിശദമാക്കാമോ? | (ബി) കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ 27/10/2011 വരെ 18288 അന്യസംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ വിവരം (ജില്ല തിരിച്ച്)

| | ജില്ല | തൊഴിലാളികളുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 1810 |
| 2. | കൊല്ലം | 312 |
| 3. | പത്തനംതിട്ട | 1226 |
| 4. | ആലപ്പുഴ | 1137 |
| 5. | കോട്ടയം | 1296 |
| 6. | ഇടുക്കി | 614 |
| 7. | എറണാകുളം | 4117 |
| 8. | തൃശൂർ | 1126 |
| 9. | പാലക്കാട് | 1662 |
| 10. | മലപ്പുറം | 825 |
| 11. | കോഴിക്കോട് | 455 |
| 12. | വയനാട് | 336 |
| 13. | കണ്ണൂർ | 1764 |
| 14. | കാസർഗോഡ് | 1608 |
| | ആകെ | 18288 |

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7150 — 3. 11. 2011 ലെ മറുപടിക്ക്

## ലേബർ കോടതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.എ.അസീസ് | | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര ലേബർ കോടതികളാണ് പ്രവർത്തിച്ചു വരുന്നത്; എവിടെയൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) | നാല് ലേബർ കോടതികൾ പ്രവർത്തിക്കുന്നു. അവ കൊല്ലം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. |
| (ബി) | ലേബർ കേസുകൾ ഓരോ വർഷവും വർദ്ധിച്ച് വരുന്നത് കണക്കിലെടുത്ത് കൂടുതൽ ലേബർ കോടതികൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുമോ? | (ബി) | കൂടുതൽ ലേബർ കോടതികൾ സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

03.11.2011- ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം : 7151

## മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.സത്യൻ | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) മോട്ടോർ തൊഴിലാളി ക്ഷേമ നിധി ബോർഡിൽ അംഗമാകാനുള്ള യോഗ്യതകൾ ഏതെല്ലാം വിഭാഗത്തിനാണ് ; | (എ) ഡ്രൈവർ, കണ്ടക്ടർ, ചെക്കിംഗ് ഇൻസ്പെക്ടർ, ക്ലീനർ, ഓഫീസ്ക്ലർക്ക്, എന്നീ വിഭാഗത്തിൽ പ്പെട്ട തൊഴിലാളികൾക്കാണ് കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ അംഗമാകാനുള്ള യോഗ്യതയുള്ളത് |
| (ബി) ക്ഷേമനിധി അടവിൽ വാഹന മുടമ തൊഴിലാളി വിഹിതം വീതിക്കുന്നതിനുള്ള മാന ദണ്ഡം എന്താണെന്ന് വ്യക്ത മാക്കാമോ ; | (ബി) കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരം വാഹനത്തിന്റെ ഇനം അനുസരിച്ച് നാല് പട്ടികകളായി തരംതിരിച്ച് ഓരോ പട്ടികയിലും നിശ്ചിത എണ്ണം തൊഴിലാളികൾക്ക് നിശ്ചിത തുക അടയ്ക്കണമെന്നതാണ് മാനദണ്ഡം. അതിൻ പ്രകാരമുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (സി) വാർഷിക ടെസ്റ്റിന് ഹാജരാക്കുവാൻ വാഹനതൊഴിലാളിയുടെ ക്ഷേമനിധിതുക കുടിശ്ശിക വരുത്തിയിട്ടില്ല എന്ന് ഉറപ്പ് വരുത്താറുണ്ടോ; അതിൽ എന്തെങ്കിലും ഇളവ് നൽകാറുണ്ടോ; ഉണ്ടെങ്കിൽ ഏത് വിഭാഗത്തിനാണ് ഇളവ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ ; | (സി) ഓരോ വാഹന ഉടമയും ഓരോ തൊഴിലാളിയും അവരവരുടെ ഉടമാ/തൊഴിലാളി വിഹിതം നേരിട്ട് അടയ്ക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതിനാൽ വാർഷിക ടെസ്റ്റിന് ഹാജരാക്കുവാൻ തൊഴിലാളിയുടെ ക്ഷേമനിധി കുടിശ്ശിക അടച്ചിട്ടുണ്ടോ എന്നത് ഉറപ്പു വരുത്തേണ്ടതില്ല |
| (ഡി) ക്ഷേമനിധി ബോർഡിന് ഇത് വരെ എത്ര കോടി രൂപയുടെ സമാഹരണമുണ്ടെന്ന് വ്യക്ത മാക്കാമോ ; | (ഡി) കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 649,0739,000/ രൂപ സമാഹരിച്ചിട്ടുണ്ട്. |

പെൻഷൻ ലഭിക്കും

3. <u>അപകടമരണാനന്തര ധനസഹായം</u>
   ക്ഷേമനിധിയിൽ അംഗമായ തൊഴിലാളി അപകടം മൂലം മരണപ്പെട്ടാൽ ഒരുലക്ഷം രൂപ ധനസഹായം

4. <u>മരണാനന്തര ധനസഹായം</u>
   അംഗമായ തൊഴിലാളി സ്വാഭാവികമായി മരണപ്പെട്ടാൽ 25,000/- മരണാനന്തര സഹായം.

5. <u>ചികിത്സാ ധനസഹായം</u>
   3 വർഷത്തിൽ കൂടുതൽ അംഗത്വമുള്ള തൊഴിലാളിയ്ക്ക് മാരകമായ അസുഖം പിടിപ്പെട്ടാൽ പരമാവധി 50,000/- രൂപ വരെ ചികിത്സാ ധനസഹായം
6. <u>വിവാഹ ധനസഹായം</u>
   മോട്ടോർ തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് 10,000/- രൂപാ ധനസഹായം (പരമാവധി 2 കുട്ടികൾക്ക്)
7. <u>പ്രസവാനുകൂല്യം</u>
   വനിതകളായ മോട്ടോർ തൊഴിലാളികൾക്ക് പ്രസവ ധനസഹായമായി 3,000/- രൂപ (പരമാവധി 2 കുട്ടികൾക്ക്)
8. <u>വിദ്യാഭ്യാസ സ്കോളർഷിപ്പ്.</u>
   എട്ടാം ക്ലാസ് മുതൽ വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 300/- രൂപാ മുതൽ 4500/- രൂപാ വരെയുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ്.

   ഇവയ്ക്ക് പുറമേ വീട് വയ്ക്കുന്നതിനും പെൺമക്കളുടെ വിവാഹത്തിനും എൽ.ഐ.സി. പോളിസിക്ക് പ്രീമിയം അടക്കുന്നതിനും തൊഴിൽ രഹിതനായിരിക്കുമ്പോഴും വായ്പകൾ ലഭിക്കുന്നതാണ്.

| | | | |
|---|---|---|---|
| (ജി) | എത്ര അംഗങ്ങൾക്ക് ഇത് വരെ ബോർഡ് ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്; ഇതിനായി എത്ര തുക ഇതുവരെ ചെലവായിട്ടുണ്ട്; വിശദമാക്കാമോ ? | (ജി) | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 28503 തൊഴിലാളികൾക്ക് 63,42,06,935/- രൂപ ആനുകൂല്യമായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**പട്ടിക.1.**

| വാഹനങ്ങളുടെ ഇനം | തൊഴിലാളികളുടെ എണ്ണം | ക്ഷേമനിധി വിഹിതമായി അടയ്ക്കേണ്ടുന്ന നിശ്ചിത തുക |
|---|---|---|
| സ്റ്റേജ് കാര്യേജ് (ഹെവി) | 3 | 1050 |
| സ്റ്റേജ് കാര്യേജ്(ലൈറ്റ്) | 2 | 700 |
| കോൺട്രാക്ട് കാര്യേജ് & ലക്ഷ്വറി ബസ് | 2 | 700 |

**പട്ടിക .2.**

| | | |
|---|---|---|
| ഗുഡ്സ് വെഹിക്കിൾ (ഹെവി) | 2 | 400 |
| ഗുഡ്സ് വെഹിക്കിൾ(ലൈറ്റ്) | 1 | 200 |

**പട്ടിക.3.**

| | | |
|---|---|---|
| ഓംനിവാനുകൾ, ടൊയോട്ടാ, ക്വാളിസ്, ടെംമ്പോ ട്രാവലർ & ടാക്സികാർ | 1 | 100 |

**പട്ടിക.4.**

| | | |
|---|---|---|
| ആട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽപ്പെടാത്ത ആട്ടോറിക്ഷ, ട്രാക്ടർ, ട്രില്ലർ & മറ്റു വാഹനങ്ങൾ | 1 | 50 |

പുതുക്കിയ പദ്ധതി പ്രകാരം ഓരോ തൊഴിലാളിയും അവരുടെ ക്ഷേമനിധി വിഹിതം താഴെപ്പറയും പ്രകാരം ഫണ്ടിൽ ഒടുക്കേണ്ടതാണ്.

പട്ടിക-1 - 150/-രൂപ

പട്ടിക-2 - 100/-രൂപ

പട്ടിക-3 - 50/-രൂപ

പട്ടിക-4 - 50/-രൂപ

(ഒപ്പ്)

സെക്ഷൻ ഓഫീസർ.